2008 മാർച്ച് – ഏപ്രിൽ
1182 മീനം - മേടം
1429 റ:അവ്വൻ - റ:ആഖിർ
1387 അമാൻ - ശഹാദത്ത്

വില 10 രൂപ

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക
ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

## വിഷയവിവരം

ആമുഖം

ഖിലാഫത്തിന്റെ പ്രാധാന്യം ഏറിവരുന്നു ........ 4

**യുഗനാദം**



**ഞാ**ൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു. തിരുനബി(സ) ഈ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ, വിശുദ്ധഖുർആൻ അവതരിപ്പിച്ചില്ലായിരുന്നുവെങ്കിൽ നാം നേരിട്ട് കണ്ണുകൊണ്ട് കണ്ടറിഞ്ഞിട്ടുള്ള ആ അനുഗ്രഹങ്ങൾ കണ്ടില്ലായിരുന്നുവെങ്കിൽ, ആ കഴിഞ്ഞുപോയ സകലപ്രവാചകന്മാരുടെയും സത്യം നമുക്ക് സംശയഗ്രസ്തമായേനെ. എന്തെന്നാൽ, വെറും കഥകൾകൊണ്ട് യാതൊരു യാഥാർത്ഥ്യവും നേടാനാവുന്നില്ല. ആ കഥകൾ സത്യമല്ലാതിരിക്കാവുന്നതാണ്. അവരുടെമേൽ ആരോപിക്കപ്പെടുന്ന ദിവ്യദൃഷ്ടാന്തങ്ങളും അതിവർണ്ണനാപരമായിരിക്കാവുന്നതാണ്.

5

വിശുദ്ധ ഖുർആൻ
സൂറഃ അന്നൂർ. അർത്ഥം, വ്യാഖ്യാനം ........ 6

നബിതിരുമേനി(സ)യെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം വിജയിക്കുകയില്ല ........ 10
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ് )

മുഹമ്മദ് മുസ്തഫ(സ) ആത്മീയാനുഗ്രഹങ്ങളുടെ പ്രഭവകേന്ദ്രം ........ 14
മഹ്മൂദ്, കൽക്കുളം

യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്ത് ........ 16
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

വാഗ്ദത്ത മസീഹിന് നൽകപ്പെട്ട സവിശേഷ അനുഗ്രഹങ്ങൾ ........ 20
ഇബ്നു മുഹമ്മദ്

തിരുമനസ്സിന്റെ തിരുമുമ്പിൽ നാലാം ഖലീഫയുടെ ഓർമ്മകൾ ........ 23
അഡ്വ. ടി. നിസാർ അഹ്മദ്, കണ്ണൂർ

ഖിലാഫത്തിന്റെ കരുത്ത് ........ 25
ഇഅ്ജാസ്

ജിഹാദെ അസ്ഗർ (ഇസ്‌ലാമികാടിസ്ഥാനത്തിൽ) ........ 29
റഊഫ് റൂമി

ഒരു ട്രെയിൻ സഞ്ചാരവും, നൈലിലൂടെയുള്ള നദീയാത്രയും ........ 31
ഏ.ക്യു. മഹ്ദി

വസിയ്യത്ത് വ്യവസ്ഥിതി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ........ 36

അർദ്ധരാത്രിയിൽ ഒരു മൈത്രീസന്ദേശം ........ 40
കെ.പി. അഹ്മദ്

അനുസ്മരണം
മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് ........ 42

*എഡിറ്റർ ഇൻ ചാർജ്:*
**എം. നാസിർ അഹ്മദ്**

*മാനേജർ:*
**എം. മുഹമ്മദ് സലിം**

**SATHYAMITHRAM**
**ANSARULLAH PUBLICATION**
Printed and Published by Majlis Ansarullah State Committee,Kerala
at BRB Offset Printers & Publishers, Thavakkara, Kannur-17.
Ph: 0497-2761010, 2761020

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# ഖിലാഫത്തിന്റെ പ്രാധാന്യം ഏറിവരുന്നു

**1927**-ലാണ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) ലോകവ്യാപകമായി നബിദിനാചരണം നടത്താൻ അഹ്മദികളോട് ആഹ്വാനം ചെയ്തത്. നബി(സ) തിരുമേനിയെ അവഹേളിച്ചുകൊണ്ടുള്ള 'റങ്കീലാ റസൂൽ' എന്ന ഒരു കൃതിയുടെ പ്രസിദ്ധീകരണവും അതുണ്ടാക്കിവച്ച കോലാഹലങ്ങളുടെയും പശ്ചാത്തലത്തിലാണ് അന്ന് നബിദിനാചരണത്തിന് തുടക്കം കുറിച്ചത്. അന്നുമുതൽ അഹ്മദികൾ ലോകമാകമാനം നബി(സ) തിരുമേനിയുടെ മഹത്വം പ്രകീർത്തിച്ചുകൊണ്ട് സമ്മേളനങ്ങൾ നടത്തിവരികയാണ്.

നബികീർത്തനയോഗങ്ങളുടെ പ്രസക്തി ഇന്ന് വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. ഇസ്‌ലാമികവിരുദ്ധ ശക്തികൾ തങ്ങളുടെ പ്രവർത്തനങ്ങൾ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകാനുള്ള തീരുമാനത്തിലാണുള്ളത്. സകല ഇസ്‌ലാമിക വിരുദ്ധശക്തികളേയും ഒന്നിപ്പിച്ചുകൊണ്ടുള്ള ഗൂഢാലോചനകളാണ് പാശ്ചാത്യലോകത്തിന്ന് നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ആക്ഷേപങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി ഇസ്‌ലാമിനും, നബിതിരുമേനിക്കും, ഖുർആനുമെതിരെ ഇക്കൂട്ടർ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഈ ആക്ഷേപങ്ങൾ പ്രചരിപ്പിക്കുന്നതിന്നായി എല്ലാ ആധുനിക മാധ്യമങ്ങളും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണിവർ.

ഇസ്‌ലാമിന്റെ ശത്രുക്കൾ നബിതിരുമേനിയെ ആക്ഷേപിക്കുന്നതിനു പുറമെ ഇപ്പോൾ ഖുർആനെതിരെയും ശക്തമായി തിരിഞ്ഞിരിക്കുകയാണ്. അതാണ് നാം ഹോളണ്ടിൽ കണ്ടത്. അതിന്റെ ഭാഗമായാണ് അവിടുത്തെ ഒരു പാർലമെന്റംഗമായ വിൽഡർ ഖുർആനെ ആക്ഷേപിച്ചുകൊണ്ടുള്ള സിനിമ റിലീസ് ചെയ്തിരിക്കുന്നത്. നബിതിരുമേനിയുടെ ജീവിതമാണ് ഖുർആനെന്നും ഖുർആൻ എന്തെന്നറിയാൻ അദ്ദേഹത്തിന്റെ ജീവിതം വീക്ഷിക്കുക എന്നും ഹദ്റത്ത് ആയിശ(റ.അ) പറഞ്ഞിട്ടുണ്ട്. ഇതവർ മനസ്സിലാക്കിയിരിക്കുന്നു. ഖുർആനെ ആക്ഷേപിക്കുന്നതിലൂടെ നബിതിരുമേനിയേയും ഇസ്‌ലാമിനേയും എളുപ്പത്തിൽ ആക്ഷേപിക്കാമെന്നവർ കരുതുന്നു. പക്ഷേ, അതിന്നവർക്കാവില്ല. ഈ സത്യപ്രവാചകനെ, സത്യഗ്രന്ഥത്തെ, സത്യമതത്തെ സംരക്ഷിക്കാനുള്ള ബാധ്യത അല്ലാഹു ഏറ്റെടുത്തിട്ടുണ്ട്. അതിനുള്ള സംവിധാനം അവൻ ഒരുക്കിയിട്ടുമുണ്ട്. അതാണ് ഖിലാഫത്ത്.

ഈ സന്ദർഭത്തിൽ ഖിലാഫത്തിന്റെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആസൂത്രിതമായ ഈ കടന്നുകയറ്റത്തിന്നെതിരെ ഒറ്റക്കെട്ടായി ശബ്ദമുയർത്താൻ ഭൂരിപക്ഷ മുസ്‌ലിംകൾക്കിന്നാവുന്നില്ല. അതുകൊണ്ടുതന്നെ ഇസ്‌ലാമിനോട് സ്നേഹമുള്ള പാവപ്പെട്ട മുസ്‌ലിംകൾ സ്ഥാപിത താൽപര്യക്കാരായ ഏതാനും മുല്ലാപ്രമുഖരുടെ കൈകളിലെ കളിപ്പാവകളാകുന്നു. തെറ്റിദ്ധരിപ്പിക്കപ്പെട്ട അവർ ആക്രമണമാർഗ്ഗം തിരഞ്ഞെടുത്തിരിക്കുകയാണ്. അത് ഇസ്‌ലാമിക ലോകത്തെ കൂടുതൽ കുഴപ്പത്തിൽ ചാടിച്ചിരിക്കുകയുമാണ്. ലോകമെമ്പാടും ഭീകരവിധ്വംസക പ്രവർത്തനങ്ങൾക്കാണ് മുസ്‌ലിംകൾ ശ്രമിക്കുന്നത്. ഇത് ഇസ്‌ലാമിനെ ആക്ഷേപിക്കാനുള്ള മറ്റൊരു ആയു

*ശേഷം 13-ൽ*



# നബിതിരുമേനി(സ)

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**ലോ**കത്ത് പരിശുദ്ധപ്രകൃതരായ കോടിക്കണക്കിനാളുകൾ കഴിഞ്ഞുകടന്നിട്ടുണ്ട്. മേലിലും അത്തരക്കാർ ഉണ്ടായിരിക്കും. എന്നാൽ, അവരിലെല്ലാംവച്ച് മഹത്വവാനും ശ്രേഷ്ഠനും ഉന്നതനുമായി ഈ ദിവ്യപുരുഷനെയാണ് കണ്ടെത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ പേർ മുഹമ്മദ്(സ) എന്നാകുന്നു. വിശുദ്ധഖുർആനിൽ പറയുന്നു:

“അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളെ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക” (33:57).

വിശുദ്ധഖുർആൻ വിശദമായി വിവരിച്ചിട്ടില്ലാത്ത ആ സമുദായവമ്പന്മാരുടെ കാര്യം പോകട്ടെ. വിശുദ്ധഖുർആനിൽ വിശദമായി വിവരിക്കപ്പെട്ട ഹദ്റത്ത് മൂസാനബി(അ)യേയും ഹദ്റത്ത് ദാവൂദ് നബി(അ)യേയും മറ്റു പ്രവാചകന്മാരേയും കുറിച്ചുമാത്രം ഞാൻ അഭിപ്രായപ്പെട്ടുകൊള്ളട്ടെ. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു. തിരുനബി(സ) ഈ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ, വിശുദ്ധഖുർആൻ അവതരിപ്പിച്ചില്ലായിരുന്നുവെങ്കിൽ നാം നേരിട്ട് കണ്ണുകൊണ്ട് കണ്ടറിഞ്ഞിട്ടുള്ള ആ അനുഗ്രഹങ്ങൾ കണ്ടില്ലായിരുന്നുവെങ്കിൽ, ആ കഴിഞ്ഞുപോയ സകലപ്രവാചകന്മാരുടെയും സത്യം നമുക്ക് സംശയഗ്രസ്തമായേനെ. എന്തെന്നാൽ, വെറും കഥകൾകൊണ്ട് യാതൊരു യാഥാർത്ഥ്യവും നേടാനാവുന്നില്ല. ആ കഥകൾ സത്യമല്ലാതിരിക്കാവുന്നതാണ്. അവരുടെമേൽ ആരോപിക്കപ്പെടുന്ന ദിവ്യദൃഷ്ടാന്തങ്ങളും അതിവർണ്ണനാപരമായിരിക്കാവുന്നതാണ്. എന്തെന്നാൽ, അവരുടെ വെറും അടയാളവും കൂടി ബാക്കിയില്ല. മറിച്ച്, ആ കഴിഞ്ഞുപോയ ഗ്രന്ഥങ്ങളിൽനിന്ന് ദൈവത്തിന്റെ വിവരങ്ങളും ദൈവം മനുഷ്യരോട് സംസാരിക്കുന്നു എന്ന വസ്തുതയും മനസ്സിലാക്കാൻ സാധ്യമല്ല. എന്നാൽ, ആ നബിയുടെ ആവിർഭാവത്തോടെ ഈ എല്ലാ കഥകളും യാഥാർത്ഥ്യത്തിന്റെ നിറമണിഞ്ഞുവന്നിരിക്കുകയാണ്. നാം പറഞ്ഞുകേട്ടത് മാത്രമല്ലാതെ അനുഭവം മുഖേനയും ദൈവഭാഷണം എന്നാലെന്തെന്നും ദൈവത്തിന്റെ ദൃഷ്ടാന്തം വെളിപ്പെടുന്നത് എങ്ങനെയെന്നും പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നത് എപ്രകാരമെന്നും നല്ലവണ്ണം മനസ്സിലാകുന്നു. ഇതെല്ലംതന്നെ ആ നബിനായകരെ പിന്തുടർന്നതുകൊണ്ടാണ് നേടിയെടുത്തത്. കഥകളുടെ രൂപത്തിൽ മറ്റു സമുദായങ്ങളിൽ വിവരിക്കപ്പെട്ടതെല്ലാം നാം കണ്ടുകഴിഞ്ഞു. ചുരുക്കത്തിൽ നാം അങ്ങനെയുള്ള ഒരു നബിയുടെ മടിശ്ശീലയാണ് പിടിച്ചിട്ടുള്ളത്.

ശരീരങ്ങൾക്ക് സൂര്യനെന്നോണം, നല്ലവരുടെ ആത്മാക്കൾക്ക് ഭാസ്കരനായി പ്രശോഭിക്കുന്ന ഒരു നബിയെ പിന്തുടരുവാൻ ഭാഗ്യം തന്നരുളിയ ദൈവത്തോട് ഏതു ഭാഷയിലാണ് നാം നന്ദി പറയേണ്ടത്. അവിടുന്ന് അന്ധകാരത്തിന്റെ കാലഘട്ടത്തിൽ ലോകത്തിൽ തന്റെ പ്രകാശം മുഖേന പ്രഭാമയമാക്കി. അവിടുന്ന് തളർന്നില്ല. അറബിന്റെ സകലകോണുകളും ശിർക്കിൽനിന്നു പരിശുദ്ധമാക്കിയെടുക്കുവോളം പിന്നോട്ടു പോയതുമില്ല. അവിടുത്തെ സത്യത്തിലേക്ക് അവിടുന്നുതന്നെയാണ് തെളിവ്. അവിടുത്തെ പ്രകാശം എല്ലാ കാലത്തേക്കും നിലനില്ക്കുന്നു. അവിടുന്ന് മലിനമായ വസ്ത്രം, സംശുദ്ധവും തെളിഞ്ഞതുമായ നദിയിലെ ജലം നിർമ്മലമാക്കിയെടുക്കുന്നതുപോലെ മനുഷ്യനെ പരിശുദ്ധനാക്കിത്തീർക്കുന്നു. ആരാണ് സത്യഹൃദയത്തോടുകൂടി നമ്മുടെ അടുക്കൽ വന്നുകൊണ്ട് ആ പ്രകാശത്തിനു സാക്ഷ്യം വഹിക്കാതിരുന്നിട്ടുള്ളത്! സദുദ്ദേശ്യത്തോടെ ആ വാതിലിൽവന്നു മുട്ടിയപ്പോൾ ഏതൊരാൾക്കായിട്ടാണ് അത് തുറക്കപ്പെടാതിരുന്നിട്ടുള്ളത്? എന്നാൽ, ഹാ കഷ്ടം! അധികം ജനങ്ങളും മലിനമായ ജീവിതത്തെയാണ് കാംക്ഷിക്കുന്നത്. പ്രകാശം തങ്ങളിലേക്ക് കടക്കുന്നതിന് അവർ ആഗ്രഹിക്കുന്നുമില്ല (*റൂഹാനിഖസായിൻ, ഭാഗം 301–303*).

## വിശുദ്ധ ഖുർആൻ

# സൂറ: അന്നൂർ

## അർത്ഥം, വ്യാഖ്യാനം

***(2008 അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിന്റെ ശതവാർഷിക ജൂബിലി വർഷമായതിനാൽ, ഈ വർഷം ഇസ്‌ലാമിനേയും ഖിലാഫത്തിനേയും സംബന്ധിച്ച ഖുർആൻ ആയത്തുകളാണ് പ്രസിദ്ധീകരിക്കുന്നത്)***

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ أَمَرْتَهُمْ لَيَخْرُجُنَّ
قُل لَّا تُقْسِمُوا طَاعَةٌ مَّعْرُوفَةٌ إِنَّ اللَّهَ خَبِيرٌ بِمَا
تَعْمَلُونَ ﴿٥٤﴾

**54.** "നീ അവരോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും തങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിനായി പുറപ്പെടുന്നതാണെന്ന് അല്ലാഹുവിനെ മുൻനിറുത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക, 'നിങ്ങൾ സത്യം ചെയ്യേണ്ട, സാധാരണനിലയിൽ അറിയപ്പെട്ട അനുസരണമാണ് (ഞാൻ ആവശ്യപ്പെടുന്നത്). തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. " (24:52)

**പദാർത്ഥം**

وَأَقْسَمُوا അവർ സത്യം ചെയ്യുന്നു. بِاللَّهِ അല്ലാഹുവിനെ മുൻനിറുത്തി جَهْدَ ദൃഢമായ أَيْمَانِهِمْ അവരുടെ പ്രതിജ്ഞ لَئِنْ أَمَرْتَهُمْ നീ അവരോട് കല്പിക്കുകയാണെങ്കിൽ لَيَخْرُجُنَّ നിശ്ചയമായും അവർ പുറപ്പെടുന്നതാണ് قُل നീ പറയുക لَّا تُقْسِمُوا നിങ്ങൾ സത്യം ചെയ്യേണ്ട طَاعَةٌ അനുസരിക്കുക مَّعْرُوفَةٌ സാധാരണനിലയിൽ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു خَبِيرٌ സൂക്ഷ്മജ്ഞനാകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നത്.

قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ فَإِن تَوَلَّوْا فَإِنَّمَا
عَلَيْهِ مَا حُمِّلَ وَعَلَيْكُم مَّا حُمِّلْتُمْ وَإِن تُطِيعُوهُ
تَهْتَدُوا وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ ﴿٥٥﴾

**55.** "പറയുക , അല്ലാഹുവിനെ അനുസരിക്കുക, ദൂതനേയും അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നതായാൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതു മാത്രമേ അദ്ദേഹത്തിന് ബാധകമാകുകയുള്ളൂ. നിങ്ങളെ ചുമതലപ്പെടുത്തിയത് നിങ്ങൾക്കും ബാധകമാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കും. വ്യക്തമായ നിലയിൽ സന്ദേശം എത്തിക്കുകയല്ലാതെ ദൈവദൂതന് വേറെ ഒരു ബാധ്യതയുമില്ല".

**പദാർത്ഥം**

قُلْ നീ പറയുക أَطِيعُوا اللَّهَ അല്ലാഹുവിനെ അനുസരിക്കുക وَأَطِيعُوا الرَّسُولَ റസൂലിനേയും അനുസരിക്കുക فَإِن تَوَلَّوْا നിങ്ങൾ പിന്തിരിഞ്ഞുപോകുകയാണെങ്കിൽ فَإِنَّمَا عَلَيْهِ അദ്ദേഹത്തിനുള്ളത് مَا حُمِّلَ ഏതൊന്ന് ചുമതലപ്പെടുത്തിയിട്ടുണ്ടോ وَعَلَيْكُم നിങ്ങൾക്ക് مَّا حُمِّلْتُمْ ഏതൊന്ന് നിങ്ങളെ ചുമതലപ്പെടുത്തിയോ وَإِن تُطِيعُوهُ നിങ്ങൾ അദ്ദേഹത്തെ പിൻപറ്റുകയാണെങ്കിൽ تَهْتَدُوا നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കും وَمَا عَلَى الرَّسُولِ റസൂലിൽ ഇല്ല إِلَّا ഒഴികെ الْبَلَاغُ എത്തിക്കൽ الْمُبِينُ* വ്യക്തമായി.

**വ്യാഖ്യാനം**

ഞങ്ങളോട് യുദ്ധം ചെയ്യാൻ കൽപിച്ചിട്ടുണ്ടെങ്കിൽ അതിനും ഞങ്ങൾ തയ്യാറാണെന്ന് അവർ സത്യം ചെയ്ത് വീരവാദം മുഴക്കുന്നുണ്ട്. നീ അവരോട് പറയുക. ശപഥം ചെയ്തിട്ട് എന്ത് കാര്യം? ഒരു വിശ്വാസിയുടെ രീതിയിലുള്ള സമ്പൂർണ്ണ അനു

സരണമാണ് അനിവാര്യമായിട്ടുള്ളത്. കപടവിശ്വാസികളും ശപഥം ചെയ്യാറുണ്ട്. അതുകൊണ്ട് നിങ്ങൾ വാക്പയറ്റ് നടത്താതെ അല്ലാഹുവിനേയും റസൂലിനേയും പൂർണ്ണമായും അനുസരിക്കുക. വാക്കുകൾ ഭംഗിയായി അവതരിപ്പിച്ച് അതിലാണ് തന്റെ വിശ്വാസത്തിന്റെ കരുത്ത് എന്ന് കാണിക്കാതെ അനുസരണം പ്രവർത്തനപഥത്തിൽ കൊണ്ടുവന്ന് കാണിക്കലാണ് ഒരു യഥാർത്ഥ സത്യവിശ്വാസി ചെയ്യേണ്ടത്. ഈ സദുപദേശങ്ങൾക്കുശേഷവും ഇക്കൂട്ടർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ അവരുടെ ഉത്തരവാദിത്വമൊന്നും പ്രവാചകനില്ല. ജനങ്ങളിൽ എത്തിക്കാൻ പറഞ്ഞ സന്ദേശം എത്തിക്കുക എന്നതാണ് പ്രവാചകന്റെ ഉത്തരവാദിത്വം. എന്നാൽ നിങ്ങളിൽ അർപ്പിതമായ ചുമതലകൾ നിറവേറ്റേണ്ട കർത്തവ്യം നിങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇക്കാര്യത്തിൽ നിങ്ങൾ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ.അ)യെ പിൻപറ്റുകയാണെങ്കിൽ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ലെന്നും മറിച്ച്, വിജയം നിങ്ങൾക്ക് സുനിശ്ചിതമാണെന്നും നാം നിങ്ങൾക്ക് വാക്ക് തരുന്നു. വീണ്ടും നമുക്ക് പറയാനുള്ളത് പ്രവാചകദൗത്യം, സന്ദേശം ജനങ്ങൾക്ക് എത്തിക്കുക എന്നത് മാത്രമാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിങ്ങളുടെ കടമയാണ്. അതിന്നായി പ്രയത്നിക്കേണ്ടതാണ്. അതിനായി ത്യാഗം വരിക്കേണ്ടതും നിങ്ങൾ തന്നെ. ഞങ്ങളിൽ ഒരു പ്രവാചകൻ വന്നിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ കൈക്ക് താഴെ കൈവച്ചുകൊണ്ട് ഞങ്ങൾ ബയ്അത്ത് ചെയ്തിട്ടുണ്ടെന്നും പറഞ്ഞ് ആശ്വസിച്ചാൽ മാത്രം പോരാ. അല്ലാഹു നോക്കുന്നത് നിങ്ങളുടെ ചെയ്തികളാണ്. അതനസുരിച്ചാണ് അവൻ നിങ്ങളോട് പെരുമാറുന്നത്. ഞങ്ങൾ പ്രവാചകന്റെ കൂടെ ഏത് ദുർഘടാവസ്ഥയിലും ഉണ്ടാകും എന്ന് നിങ്ങൾ പറയുകയും എന്നാൽ, അങ്ങനെയുള്ള ദുർഘടസാഹചര്യം നേരിടേണ്ടിവരുമ്പോൾ നിങ്ങൾ പിന്തിരിയുകയും ചെയ്താൽ നിങ്ങളുടെ വിശ്വാസത്തിന് അല്ലാഹുവിന്റെ പക്കൽ അല്പംപോലും വിലയില്ലെന്ന് മനസ്സിലാക്കുക. മൂസാനബി(അ)ന്റെ അനുയായികളുടെ സംഭവം നിങ്ങളുടെ മുമ്പിലുണ്ട്. കൻആൻ ദേശത്ത് പോയി യുദ്ധം ചെയ്യാൻ അവരോട് പറഞ്ഞപ്പോൾ അവർ പറഞ്ഞത് 'ഓ മൂസാ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തുവാ, ഞങ്ങളിവിടെ ഇരിക്കാം' എന്നായിരുന്നു. അതിന്റെ ഫലമെന്തുണ്ടായി. ലക്ഷ്യസ്ഥാനത്തെത്താതെ 40 വർഷം ആ സമൂഹത്തിന് മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടിവന്നു.

അതുകൊണ്ട് ഒരു കാര്യം ഓർക്കുക. ത്യഗമനോഭാവമുള്ള സമൂഹത്തിനേ വിജയിക്കാൻ കഴിയൂ. അതിന് അല്ലാഹുവിനേയും അവന്റെ റസൂലിനേയും പൂർണ്ണമായും അനുസരിക്കുക. അനുസരണമില്ലാത്ത സമൂഹം എണ്ണത്തിൽ എത്രയധികമാണെങ്കിലും വിജയിക്കാൻ അവർക്ക് സാധ്യമല്ല. വിജയം സമ്പൂർണ്ണ അനുസരണത്തിലാണെന്ന കാര്യം ഓരോരുത്തരും ഓർമ്മയിൽവയ്ക്കുക.

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ
لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن
قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ
وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا يَعْبُدُونَنِي
لَا يُشْرِكُونَ بِي شَيْئًا وَمَن كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ
هُمُ الْفَاسِقُونَ ﴿٥٦﴾

**56.** "നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അതായത്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണ്. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. "

---

**പദാർത്ഥം**

وَعَدَ اللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു
الَّذِينَ آمَنُوا വിശ്വസിച്ചവരോട്
مِنكُمْ നിങ്ങളിൽനിന്ന്
وَعَمِلُوا الصَّالِحَاتِ സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു
لَيَسْتَخْلِفَنَّهُمْ തീർച്ചയായും അവരെ ഖലീഫമാരാക്കുന്നതാണ്
فِي الْأَرْضِ ഭൂമിയിൽ
كَمَا ഏതുപോലെ
اسْتَخْلَفَ ഖലീഫമാരാക്കിയോ
الَّذِينَ مِن قَبْلِهِمْ അവർക്ക് മുമ്പുണ്ടായിരുന്നവർ
وَلَيُمَكِّنَنَّ അവൻ തീർച്ചയായും പ്രബലപ്പെടുത്തുന്നതാണ്
لَهُمْ അവർക്ക്
دِينَهُمُ അവരുടെ മതത്തെ
الَّذِي ارْتَضَىٰ അവൻ തൃപ്തിപ്പെട്ട
لَهُمْ അവർക്ക്
وَلَيُبَدِّلَنَّهُم തീർച്ചയായും അവൻ അവർക്ക് മാറ്റിക്കൊടുക്കുന്ന

താണ്. مِّنۢ بَعْدِ ശേഷം خَوْفِهِمْ അവരുടെ ഭയത്തിന് أَمْنًا സമാ
ധാനം يَعْبُدُوْنَنِىْ അവർ എന്നെ ആരാധിക്കുന്നതാണ് لَا يُشْرِكُوْنَ
അവർ ശിർക്ക് ചെയ്യുകയില്ല بِىْ എന്നോട് شَيْـًٔا ഒന്നിനേയും
وَمَنْ كَفَرَ ആര് നിഷേധിക്കുന്നുവോ بَعْدَ ذٰلِكَ അതിനുശേഷം
فَاُولٰٓئِكَ അവരാകുന്നു هُمُ الْفٰسِقُوْنَ അവർ തന്നെയാണ് ധിക്കാരി
കൾ.

---

**വ്യാഖ്യാനം**

മുസ്‌ലിം സമുദായം ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ പിൻപറ്റിയാൽ അവർക്ക് സാമൂഹികമായി ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചാണ് ഈ ആയത്തിലും തുടർന്നുള്ള ആയത്തുകളിലും പ്രതിപാദിക്കുന്നത്. അല്ലാഹു പറയുന്നു. നിങ്ങളിൽനിന്ന് ആർ ഖിലാഫത്തിൽ വിശ്വസിക്കുകയും, ഖിലാഫത്ത് അർഹിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ഖിലാഫത്തിന് അർഹരായിത്തീരുന്ന തരത്തിൽ സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവോ അവരെ അവർക്ക് മുമ്പുള്ളവരെ ഭൂമിയിൽ ഖലീഫമാരാക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവർക്ക് ഭയത്തിന്റെ അവസ്ഥ വരുമ്പോൾ അതിനെ സമാധാനത്തിന്റെ അവസ്ഥയാക്കി മാറ്റിക്കൊടുക്കുകയും ചെയ്യുന്നതാണെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. അങ്ങനെയുള്ളവർ എന്നെ ആരാധിക്കുന്നവരായിരിക്കും. എന്നോടൊപ്പം ഒന്നിനേയും പങ്കുചേർക്കുകയില്ല. എന്നാൽ, ഖിലാഫത്ത് പ്രശ്നത്തിൽ വിശ്വാസം ഉപേക്ഷിക്കുന്നവർ ഈ അനുഗ്രഹത്തിന് അവകാശികളായിരിക്കില്ല. അവർ അനുസരണവൃത്തത്തിൽനിന്നും പുറത്താണെന്ന് കരുതപ്പെടുന്നതാണ്.

ഖിലാഫത്ത് ലഭിക്കും എന്നത് ഒരു വാഗ്ദാനമാണ്. പ്രവചനമല്ല. മുസ്‌ലിംകൾ ഖിലാഫത്തിലുള്ള വിശ്വാസം ഉപേക്ഷിക്കുകയും ഖിലാഫത്തിനെ നിലനിർത്തുവാനുള്ള പ്രവർത്തനങ്ങൾ ചെയ്യാതിരിക്കുകയും ചെയ്താൽ ഖിലാഫത്ത് അവർക്ക് ലഭിക്കുന്നതല്ല.

ഈ ആയത്തിനെ ഇസ്തിഖ്‌ലാഫ് ആയത്ത് എന്നാണ് പറയാറുള്ളത്. ഖിലാഫത്തെ റാശിദായുടെ സ്ഥാപനത്തിന് ഈ ആയത്ത് പ്രകടമായ തെളിവാകുന്നു. അല്ലാഹു മുസ്‌ലിംകളോട് കാരുണ്യം പ്രകടിപ്പിച്ചുകൊണ്ട് അവർക്ക് ഖിലാഫത്തിന്റെ സംവിധാനം നൽകുന്നതാണെന്നും ആ ഖലീഫമാർ അല്ലാഹുവിന്റെ സഹായം ലഭിക്കുന്നവരായിരിക്കുമെന്നും ഈ ആയത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. മുമ്പുള്ളവർക്ക് ഖിലാഫത്ത് നൽകിയതുപോലെ എന്നു പറഞ്ഞുകൊണ്ട് മുൻസമുദായത്തിന് ലഭിച്ച അനുഗ്രഹങ്ങൾ ഈ സമുദായത്തിനും ലഭിക്കും എന്ന് സൂചന നൽകുന്നു. അതോടൊപ്പം യഥാർത്ഥ ഖലീഫമാരേയും വ്യാജ ഖലീഫമാരേയും തിരിച്ചറിയാനുള്ള അടയാളങ്ങളും ഈ ആയത്തിൽ പ്രതിപാദിക്കുന്നുണ്ട്. അവ ഇതാണ്.

ഒന്ന്:- ഖലീഫയെ അല്ലാഹുവാണ് നിശ്ചയിക്കുന്നത്. മനുഷ്യകരങ്ങൾക്ക് ഖലീഫയെ ഉണ്ടാക്കുന്നതിൽ പങ്കില്ല. അതായത്, ഖലീഫയാകുന്ന വ്യക്തിക്ക് സ്വയം ഖലീഫയാകാൻ മോഹമുണ്ടാകുകയോ ഏതെങ്കിലും നിഗൂഢപദ്ധതിയുടെ അടിസ്ഥാനത്തിൽ ഖലീഫയാവുകയും ചെയ്യില്ല. ചിലപ്പോൾ ഖലീഫയാകാൻ ബാഹ്യമായി നോക്കുമ്പോൾ ഒരിക്കലും ഒരു സാധ്യതയുമില്ലാത്ത വ്യക്തിയായിരിക്കും ഖലീഫയാകുക. '***വഅദല്ലാഹുല്ലദീന***' എന്ന വാക്കിൽ വാഗ്ദാനം ചെയ്യുന്നത് അല്ലാഹുവാണെന്ന് വ്യക്തമാണ്. അതുകൊണ്ട് വാഗ്ദാനം ചെയ്യുന്നവനാണ് അത് പൂർത്തിയാക്കേണ്ടത്. അത് നൽകേണ്ടത്. അതിനാൽ ഖലീഫയെ നിയമിക്കേണ്ടത് അല്ലാഹുതന്നെയാണ്. ചുരുക്കത്തിൽ യാഥാർത്ഥ ഖലീഫയെ അല്ലാഹുതന്നെ നിയമിക്കുന്നതാണ്. ആർക്കും തന്ത്രങ്ങളിലൂടെ ഖലീഫയാകാൻ പറ്റില്ല.

രണ്ടാമത്തെ അടയാളമായി പറയുന്നത് യഥാർത്ഥ ഖലീഫമാരെ അല്ലാഹു പ്രവാചകരെ സഹായിക്കുന്നതുപോലെ സഹായിക്കും എന്നാണ്. മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ എന്ന് പറഞ്ഞുകൊണ്ട് മുമ്പുള്ളവർക്ക് നൽകിയ അനുഗ്രഹങ്ങൾ ഇവിടെയും നൽകും എന്ന് വ്യക്തമാക്കുകുണ്ടായി.

മുമ്പ് മൂന്നുതരത്തിലുള്ള ഖിലാഫത്തുകളാണ് ഉണ്ടായിരുന്നത്. ഒന്ന് ഖിലാഫത്തെ നുബുവ്വത്ത്- ആദം(അ) ന്റെ ഖിലാഫത്ത് ഇതിനുദാഹരണമാണ്. അല്ലാഹു പറയുന്നു '***ഇന്നീ ജാഇലുൻ ഫിൽഅർളി ഖലീഫത്തൻ***' ഞാൻ ഭൂമിയിൽ എന്റെ ഒരു ഖലീഫയെ നിയമിക്കാൻ പോകുന്നു. ഇവിടെ ആദം(അ)നെ ആരും തിരഞ്ഞെടുത്തിട്ടില്ല. അദ്ദേഹം ഭൗതിക ഭരണാധികാരിയും ആയിരുന്നില്ല. അല്ലാഹു മലക്കുകളോട് ഒരു വാഗ്ദാനം ചെയ്യുകയും അതനുസരിച്ച് അവൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കുകയും ചെയ്തു. അദ്ദേഹത്തെ നിഷേധിച്ചവർക്ക് അല്ലാഹു ശിക്ഷ നൽകുകയുമുണ്ടായി. മുൻസമൂഹം നശിപ്പിക്കപ്പെട്ടതിനുശേഷം അവരുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടുള്ള ഒരു പ്രതിനിധി കൂടിയായിരുന്നു ആദം എന്നതിൽ ഒരു സംശയവുമില്ല. അതോടൊപ്പംതന്നെ അല്ലാഹു അദ്ദേഹം മുഖേന മനുഷ്യരുടെ ഒരു പരമ്പരതന്നെ ഇവിടെ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഇതിനെല്ലാം പുറമെ അദ്ദേഹത്തെ വ്യതിരിക്തമാക്കുന്നത് അദ്ദേഹത്തിന് ലഭിച്ച നുബുവ്വത്തും ദൈവികനിയോഗിതനാണെന്നുള്ള സ്ഥാനവുമാണ്. ഇതേ അർത്ഥത്തിൽതന്നെ ഹദ്റത്ത് ദാവൂദ്(അ)നെയും അല്ലാഹു ഖലീഫ എന്ന് വിശേഷിപ്പിക്കുകയുണ്ടായി.

'***യാ ദാവൂദു ഇന്നാജഅൽനാക്ക ഖലീഫത്തൻ***

***ഫിൽ അർളി*** (38:27). ഓ, ദാവൂദ്, നാം നിന്നെ ഭൂമിയിൽ ഖലീഫയാക്കുന്നു. ചുരുക്കത്തിൽ ആദ്യത്തെ ഖിലാഫത്ത് നബിമാരുടെ ഖിലാഫത്താണ്.

രണ്ടാമത്തെ ഖിലാഫത്ത് ഖിലാഫത്തെ മുലൂക്കിയ്യത്ത് ആണ്. ഹദ്റത്ത് ഹൂദ്(അ)നെ സംബന്ധിച്ച് അല്ലാഹു പറയുന്നു. അദ്ദേഹം തന്റെ സമൂഹത്തോട് പറയുകയുണ്ടായി.

"***വദ്കുറൂ ഇദ് ജഅലക്കും ഖുലഫാഅ മിൻബഅ്ദി ഖൗമിനൂഹിൻ***". നൂഹിന്റെ ജനതയ്ക്കുശേഷം നിങ്ങളെ അവൻ പ്രതിനിധികളാക്കിയതിനെ നിങ്ങൾ ഓർക്കുക (7:70).

ഇതുപോലെ ഹദ്റത്ത് സ്വാലിഹ്(അ) പറയുന്നു "***വദ്കുറൂ ഇദ് ജഅലക്കും ഖുലഫാഅ മിൻബഅ്ദി ആദിൻ***". ആദ് സമൂഹത്തെ നശിപ്പിച്ചതിനുശേഷം നിങ്ങളെ അവരുടെ പ്രതിനിധികളാക്കിയതിനെ നിങ്ങൾ ഓർക്കുക (7:75).

ഈ ആയത്തുകളിൽ ഉപയോഗിച്ചിരിക്കുന്ന ഖുലഫാഅ് എന്നതിന്റെ ഉദ്ദേശ്യം ഭൗതിക ഭരണവും, അനുഗ്രഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭരണമാകുന്ന അനുഗ്രഹവുമാണ്.

ഇതുകൂടാതെ മൂന്നാമതൊരു ഖിലാഫത്ത് കൂടിയുണ്ട്. അത് നബിയെ പൂർണ്ണായി പിൻപറ്റിക്കൊണ്ട് അദ്ദേഹത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ആളാണ്. അദ്ദേഹത്തേയും ഖലീഫ എന്ന് പറയുന്നതാണ്. നബി കൊണ്ടു വന്നിട്ടുള്ള ശരീഅത്തനുസരിച്ച് സമുദായത്തെ മുന്നോട്ടുനയിക്കുകയും അവരെ ഒരുമിപ്പിച്ചു നിർത്തുകയും ചെയ്യുക എന്നതാണ് ഖലീഫയുടെ ജോലി. അങ്ങനെയുള്ളവർ നബിയുമാകാം നബി അല്ലാത്തവരുമാകാം. ഇതുസംബന്ധമായി വിശുദ്ധ ഖുർആനിൽ ഹദ്റത്ത് മൂസാനബി(അ)ന്റെ സംഭവം വിവരിക്കുന്നുണ്ട്. നിശ്ചിത രാത്രികൾ കഴിച്ചുകൂട്ടുന്നതിനായി ത്വൂർ പർവ്വതത്തിലേക്ക് പോയപ്പോൾ തന്റെ പ്രവർത്തനങ്ങളെ നോക്കിനടത്തുന്നതിനായി ഹദ്റത്ത് ഹാറൂൻ (അ)നോട് അദ്ദേഹം പറഞ്ഞു.

"എന്റെ ജനങ്ങളിൽ എന്നെ പ്രതിനിധാനം ചെയ്യുക. നന്മ വരുത്തുക. കുഴപ്പക്കാരുടെ മാർഗ്ഗം നീ പിന്തുടരരുത്" (7:143).

ഇവിടെ ഹാറൂൻ(അ) നേരത്തെത്തന്നെ നബി ആയിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ മൂസാനബി ഖലീഫയാക്കിയിട്ടുണ്ടെങ്കിൽ അത് ഒരിക്കലും നുബുവ്വത്തിന്റെ ഖിലാഫത്തായിരുന്നില്ല. അദ്ദേഹം അതുകൊണ്ട് നബി ആയതല്ല. മറിച്ച്, ഈ ഖിലാഫത്തുകൊണ്ട് അർത്ഥമാക്കുന്നത് മൂസാ(അ)ന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ സമൂഹത്തിനെ മുന്നോട്ട് നയിക്കുകയും അവർക്കിടയിൽ പരസ്പര ഐക്യം നിലനിർത്തുകയും കുഴപ്പങ്ങളൊന്നും തലപൊക്കാതെ സൂക്ഷിക്കുകയും ചെയ്യുക എന്നത് മാത്രമാണ്. ഇവിടെ ഹദ്റത്ത് ഹാറൂൺ(അ) ഒരേസമയം നബിയും അതോടൊപ്പം മൂസാനബിയുടെ ഖലീഫയും ആയിരുന്നു. ഇതിനെ 'ഇൻതിസാമി ഖിലാഫത്ത്' എന്നാണ് പറയുക. പ്രവാചകൻ കൊണ്ടുവന്ന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് അദ്ദേഹത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ഖിലാഫത്ത്. ഇങ്ങനെയുള്ള ഖിലാഫത്ത് ചില സന്ദർഭങ്ങളിൽ നബിമാർ മുഖേനയും നടക്കാറുണ്ട്. ചിലപ്പോൾ മുൻപ്രവാചകന്റെ സമുദായത്തെ സമുദ്ധരിക്കുന്നതിന് അല്ലാഹു പ്രവാചകരെത്തന്നെ നിയമിക്കാറുണ്ട്. മുൻപ്രവാചകന്റെ ശരീഅത്ത് നടപ്പിൽ വരുത്തുക മാത്രമായിരിക്കും ആ നബിയുടെ ദൗത്യം. പുതിയൊരു ശരീഅത്തൊന്നും അവർ കൊണ്ടുവരില്ല. അതായത്, ശരീഅത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുൻപ്രവാചകന്റെ ഖലീഫയായിരിക്കുമെങ്കിലും അദ്ദേഹത്തിന്റെ സ്ഥാനം വെച്ചുനോക്കുമ്പോൾ അദ്ദേഹത്തെ അല്ലാഹു നേരിട്ട് നിയമിച്ചതായിരിക്കും. സ്ഥാനം നുബുവ്വത്തിന്റെ സ്ഥാനമായിരിക്കും. ഹദ്റത്ത് മൂസാ (അ)നുശേഷം ഇസ്റാഈൽ സന്തതികളിൽ വന്നിരിക്കുന്ന പ്രവാചകന്മാരെല്ലാം മൂസാ(അ)യുടെ പ്രതിനിധി(ഖലീഫമാർ)കളായിരുന്നു അവർ നബിമാരായിരുന്നെങ്കിലും പുതിയ ന്യായപ്രമാണങ്ങളൊന്നും കൊണ്ടുവരാത്ത ഹദ്റത്ത് മൂസാ(അ) കൊണ്ടുവന്ന ന്യായപ്രമാണത്തെ പിൻപറ്റുന്ന നബിമാരായിരുന്നു.

വിശുദ്ധഖുർആൻ പറയുന്നു: "***ഇന്നാഅൻസൽനത്തൗറാത്ത ഫീഹാ ഹുദൻവ്വന്നൂറൻ യഹ്കുമുബിഹന്നബിയ്യൂനല്ലദീന അസ്ലമൂ***" നിശ്ചയമായും നാം തൗറാത്ത് ഇറക്കിയിരിക്കുന്നു. അതിൽ മാർഗ്ഗദർശനവും പ്രകാശവും ഉണ്ടായിരുന്നു. അതനുസരിച്ച് (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്ന പ്രവാചകന്മാർ യഹൂദന്മാർക്കുവേണ്ടി വിധി കല്പിക്കാറുണ്ടായിരുന്നു (5:45).

ഈ വചനത്തിൽനിന്നും മനസ്സിലാകുന്നത് ഹദ്റത്ത് മൂസാ(അ)യ്ക്ക് ശേഷം അദ്ദേഹം കൊണ്ടുവന്ന ശരീഅത്തിനെ നടപ്പിൽവരുത്താൻ എത്രയോ പ്രവാചകന്മാർ വന്നിരുന്നു എന്നാണ്. അവർക്ക് പുതിയ ഗ്രന്ഥമോ ന്യായപ്രമാണമോ ഒന്നും ഉണ്ടായിരുന്നില്ല. ഇതിലെ അവസാനത്തെ കണ്ണിയാണ് ഹദ്റത്ത് ഈസാ(അ). ചില മുസ്ലിംകൾ അദ്ദേഹം ശരീഅത്തുള്ള നബിയായിരുന്നു എന്ന് തെറ്റുദ്ധരിച്ചിരിക്കുകയാണ്. മാത്രമല്ല ഇക്കാലത്തുള്ള ക്രിസ്ത്യാനികളും അദ്ദേഹത്തിന് പുതിയ നിയമങ്ങൾ ഉണ്ടായിരുന്നുവെന്ന് കരുതുന്നവരാണ്. അതുകൊണ്ടാണ് അവർ അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്ക് പുതിയ നിയമം എന്ന് നാമകരണം ചെയ്യുന്നത്. എന്നാൽ, ഹദ്റത്ത് മസീഹ്(അ), ഹദ്റത്ത് മൂസാ(അ)ന്റെ ശരീഅത്തിനെ നടപ്പിൽവരുത്താൻ വന്ന അദ്ദേഹത്തിന്റെ

*പേജ് 42-ൽ*

# നബിതിരുമേനി(സ)യെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം വിജയിക്കുകയില്ല

ഇക്കാലത്ത് ഇസ്ലാമികവിരുദ്ധ ശക്തികൾ, തങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണ്. ഒരേയൊരു റഫീഖിന്റെ കൂടെ നിന്നുകൊണ്ട്, അവന്റെ സഹായത്താൽ മാത്രമേ നമുക്കെന്തും ചെയ്യാനും ഇവരെ നേരിടാനും സാധിക്കുകയുള്ളൂ. ഇസ്ലാമും നബി(സ) തിരുമേനിയും അക്രമം ചെയ്യാൻ പഠിപ്പിക്കുന്നുവെന്ന് പറഞ്ഞാണ് ഇവർ ആക്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് പ്രത്യേകമായ രീതിയിൽ ഇസ്ലാമിന്റെ ശത്രുക്കൾക്ക് നിന്ദ്യമായ ഒരു കാര്യം ചെയ്യാനുള്ള തീരുമാനമാണുണ്ടായിരുന്നത്. ഹോളണ്ടിലെ പാർലമെന്റംഗമായ വിൽഡർ ഖുർആനേയും ഇസ്ലാമിനേയും കുറിച്ചുള്ള ഫിലിം മാർച്ച് 28-ന് റിലീസ് ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. പക്ഷേ, ഇത് മാർച്ച് 27-നുതന്നെ പ്രകാശനം തുടങ്ങി. ഒരു ചെറിയ ടിവി ചാനൽ അതിന്റെ കുറച്ചുഭാഗം സംപ്രേഷണം ചെയ്തു. ഇന്റർനെറ്റിലും അയാളിത് കൊടുത്തിട്ടുണ്ട്. വലിയ ടിവി ചാനലുകാർ അതിന്റെ സംപ്രേഷണം നിഷേധിക്കുകയുണ്ടായി. ഇക്കൂട്ടർക്ക് അത് സംപ്രേഷണം ചെയ്യാതിരിക്കാനുള്ള ബുദ്ധി അല്ലാഹു കൊടുത്തുകൊണ്ടേയിരിക്കട്ടെ. പക്ഷേ, ഞാൻ പറഞ്ഞതുപോലെ അയാളിത് ഇന്റർനെറ്റിൽ കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞുവന്നതാണ്, അയാളോട് ഇതുസംബന്ധമായി ആരോ ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് മുഹമ്മദ് എന്ന അധ്യായത്തിന്റെ അഞ്ചാമത്തെ വചനമായ ***ഫഇദാ ലഖീത്തുമുല്ലദീന കഫറൂ ഫളർബർരിഖാബ് ഹത്താ ഇദാ അഥ്ഖൻതുമൂഹും ഫശുദ്ദുൽവഥാഖ്*** എന്നതിലുള്ളത് ആ വിഷയമാണെന്നാണ്. അതായത്, അവിശ്വാസികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ കഴുത്തുകൾ വെട്ടുക. അങ്ങനെ അവരെ കീഴ്പ്പെടുത്തിക്കഴിഞ്ഞാൽ നിങ്ങൾ മുറുക്കിക്കെട്ടുക.

ഈ ആക്ഷേപവും ഇസ്ലാമിനുമേലുള്ള പുതിയൊരു ആക്ഷേപമല്ല. വളരെ പഴകിയ ആക്ഷേപമാണിത്. ഇക്കൂട്ടർ യുദ്ധങ്ങളിൽ എതിരാളികളോട് എന്തൊന്നാണ് ചെയ്യാത്തത്. പക്ഷേ, ഇത് അവരുടെ ദ്രോഹമാണ്. ഈ വചനത്തെ തുടർന്നുവരുന്ന വചനം ഇവർ പ്രചരിപ്പിക്കുകയില്ല. യുദ്ധം അവസാനിച്ചാൽ ഔദാര്യമെന്ന നിലയിലോ, മോചനദ്രവ്യം വാങ്ങിക്കൊണ്ടോ, തടവുകാരെ മോചിപ്പിക്കുക എന്നാണ് തുടർന്നു പറയുന്നത്. യഥാർത്ഥത്തിൽ മറ്റുള്ളവരോട് മൃദുനയം സ്വീകരിക്കണമെന്നും മറ്റുള്ളവരുടെ വികാരം ഗൗനിക്കണമെന്നും ഇസ്ലാം കല്പിച്ചപ്പോൾ പ്രസ്തുത കല്പനയും പറയേണ്ടത് നിർബന്ധമായി വന്നതുകൊണ്ടാണ് അതിവിടെ പറഞ്ഞത്. ഇതാണ് പരിപൂർണ്ണ അധ്യാപനത്തിന്റെ അത്ഭുതം. അതായത് അത് സന്ദർഭമനുസരിച്ചുള്ള പാഠം നല്കുന്നു. അതിൽ അക്രമം പ്രവർത്തിക്കാനുള്ള കല്പനയില്ല. ഓരോന്നിനും പകരം വീട്ടാനും കല്പനയില്ല. മനുഷ്യരോട് മൃഗങ്ങളെപ്പോലെ പെരുമാറാനും അത് കല്പിക്കുന്നില്ല. ഒരു കരണത്തടിച്ചാൽ മറ്റേ കരണം കാണിച്ചുകൊടുക്കുക എന്ന അതിവിനയ കല്പനയുമതിലില്ല. അതനുസരിച്ച് പ്രവർത്തിക്കുക എന്നത് അസംഭാവ്യമാണ്. ഈ അധ്യാപനത്തിൽ വിശ്വസിക്കുന്നവരാണ് ഇന്ന് ഏറ്റവും കൂടുതൽ പകരം വീട്ടുന്നവർ. വിൽഡർ ഈ അധ്യാപനത്തിന്റെ അനുയായിയാണ്. ഇയാൾ സ്വന്തം കോളറിലേക്ക് ഒന്നെത്തിനോക്കേണ്ടതാണ്; എത്രത്തോളം തന്റെ സ്വന്തം മതനിയമമനുസരിച്ച് ഇയാൾ പ്രവർത്തിക്കുന്നുണ്ടെന്ന്. എന്തായാലും ഞാനിപ്പോൾ ഇതുസംബന്ധമായുള്ള വിശുദ്ധഖുർആന്റെ പാഠം എന്താണെന്ന് പറയുന്നതാണ്. ഇതിൽ നിന്ന് ഇസ്ലാമിന്റെ സഹനതയുടെയും പൊറുക്കലിന്റെയും മാപ്പിന്റെയും പാഠം പ്രകടമാകുന്നതാണ്.

അല്ലാഹു ശൂറാ അധ്യായത്തിന്റെ 41-ാം വചനത്തിൽ പറയുന്നു:

وَجَزٰٓؤُا سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۚ فَمَنْ عَفَا وَاَصْلَحَ
فَاَجْرُهٗ عَلَى اللّٰهِ ۗ اِنَّهٗ لَا يُحِبُّ الظّٰلِمِيْنَ ﴿٤١﴾

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പ് ചെയ്യുകയും, അതുമുഖേന നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല (42:41).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും പാപം പൊറുത്തുകൊടുത്താൽ അവൻ നന്നായിത്തീരുമെന്നും ഉപദ്രവമൊന്നും അവൻമുഖേന ഉണ്ടാകുകയില്ലെന്നും കണ്ട് ഉചിതമായ സന്ദർഭത്തിൽ മാപ്പുകൊടുത്താൽ അവൻ അതിന് പ്രതിഫലം പ്രാപിക്കും. ഈ വചനത്തിൽനിന്ന് ഉപദ്രവത്തെ അനാവശ്യമായി നേരിടാതിരിക്കരുതെന്നും ഉപ

ദ്രവകാരികളേയും അക്രമികളേയും ശിക്ഷിക്കാതിരിക്കരുതെന്നും വ്യക്തമാകുന്നുണ്ട്. മറിച്ച്, ശിക്ഷിക്കേണ്ട അവസരമാണോ അതോ മാപ്പ് കൊടുക്കേണ്ട അവസരമാണോ അതെന്ന് നോക്കി തീർപ്പുകല്പിക്കേണ്ടതാണ്. കുറ്റവാളിയുടേയും അതുപോലെ സാധാരണ ആളുകളുടേയും അവസ്ഥ നല്ലത് ഏതെന്ന് നോക്കി ആ രീതി സ്വീകരിക്കേണ്ടതാണ്. ചിലപ്പോൾ പാപം മാപ്പാക്കി കിട്ടുമ്പോൾ കുറ്റവാളി ആത്മാർത്ഥമായി പശ്ചാത്തപിച്ചുമടങ്ങുന്നു. ചിലപ്പോൾ പാപം പൊറുക്കുന്നതുകൊണ്ട് കുറ്റവാളി കൂടുതൽ കുറ്റം ചെയ്യാൻ ചങ്കൂറ്റം കാണിക്കുന്നു. അല്ലാഹു പറയുന്നു, അന്ധന്മാരെപ്പോലെ പാപം പൊറുത്തുകൊടുക്കുന്ന ശീലമുണ്ടാക്കാതിരിക്കുക. മറിച്ച്, യഥാർത്ഥ നന്മ ഏതിലാണെന്ന് നല്ലവണ്ണം നോക്കുക; പൊറുത്തുകൊടുക്കുന്നതിലാണോ? ശിക്ഷിക്കുന്നതിലാണോ? സാഹചര്യവും സന്ദർഭവുമനുസരിച്ചുള്ള പ്രവൃത്തി ചെയ്യുക. മനുഷ്യരിൽ ചിലർ വളരെ പക വെച്ചുപുലർത്തുന്നവരാണ്. പിതാവിന്റെയും പ്രപിതാവിന്റെയും പക വരെ ഓർത്തുപ്രവർത്തിക്കുന്നു. ഇപ്രകാരംതന്നെ ചിലയാളുകൾ അങ്ങേയറ്റംവരെ മാപ്പുകൊടുക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി, മാന്യതയ്ക്കെതിരെവരെ കാര്യം ചെന്നെത്തുന്നു. എന്നല്ല, നന്മയിലൂടെ സഞ്ചരിക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. അവരുടെ വഴിവിട്ടുള്ള മാപ്പുകൊടുക്കൽ കാരണത്താൽ എല്ലാവരും തൗബ തൗബ എന്ന് പറയാൻ തുടങ്ങുന്നു. ഇക്കാരണത്താലാണ് വിശുദ്ധഖുർആൻ ഓരോ കർമ്മവും സന്ദർഭവും സാഹചര്യവും നോക്കി ചെയ്യുക എന്ന നിബന്ധന വെച്ചിട്ടുള്ളത്. അനുചിതമായ സന്ദർഭത്തിലുള്ള പെരുമാറ്റം അതംഗീകരിക്കുന്നില്ല."

ഇതാണ് ഇസ്‌ലാമികാധ്യാപനം. ഇതിനെയാണ് ഇസ്‌ലാമിക വിരുദ്ധമായി ആക്ഷേപിക്കുന്നത്.

യുദ്ധങ്ങളിൽ, യുദ്ധം ചെയ്യുന്ന അവസ്ഥയാണ്. കാരണം ശത്രു ആക്രമിക്കാൻ ഒരുങ്ങിനില്ക്കുകയാണ്. അതുകൊണ്ട് അതിനെ ശക്തമായി പ്രതികരിക്കണം. എന്നാൽ, യുദ്ധം അവസാനിച്ചാൽ അക്രമം ചെയ്യാൻ പാടില്ല. തടവുകാരെ മോചിപ്പിക്കണം. ഇതിനുപുറമെ സാമൂഹികമായ പ്രശ്നങ്ങളാണെങ്കിൽ അത് ശരിയാക്കിയെടുക്കുന്നതിനും സന്ദർഭം നോക്കി പ്രവർത്തിക്കണം. ശക്തമായി പ്രതികരിച്ചാലാണോ നന്നാകുക, അതല്ല മാപ്പുകൊടുത്താലാണോ നന്നാകുക എന്നുനോക്കുക, ഒരു കുറ്റവാളിക്ക് മാപ്പ്കൊടുത്താൽ അയാൾ നന്നാകുമെന്ന് ഉറപ്പുണ്ടെങ്കിൽ പൊറുത്തുകൊടുക്കുക. സന്ദർഭോചിതം പ്രവർത്തിക്കുക. അവൻ ചെയ്ത കുറ്റം നിർബന്ധിതാവസ്ഥയിലാണോ എന്ന് നോക്കുക. പകുതി കുറ്റവാളിയല്ലെങ്കിൽ മാപ്പുകൊടുക്കുന്നതായിരിക്കും നല്ലത്. അത് മുഖേന പരിഷ്കരണമുണ്ടാകും. എന്നാൽ, പകുതി കുറ്റവാളിയാണെങ്കിൽ അവന് മാപ്പ് കൊടുത്തുകൊണ്ടേ പോകുകയാണെങ്കിൽ, സമൂഹത്തിലെ സമാധാനം നശിച്ചുപോകും. അല്ലാഹുതആല തന്റെ ദാസരുടെ ഉത്തമകൂട്ടുകാരനാണ്. അവൻ തന്റെ ആരാധകരായ ഈ ദാസന്മാരും അല്ലാഹുവിനുവേണ്ടി എല്ലാത്തരം ത്യാഗങ്ങളും വരിക്കാൻ തയ്യാറായിട്ടുള്ളവരും, അവനെ ആരാധിക്കുന്നവരിൽ പരിശുദ്ധരായിട്ടുള്ളവരുമായവർക്കുവേണ്ടി മറ്റുള്ളവരുടെ ഉപദ്രവങ്ങളിൽനിന്നും നഷ്ടം സംഭവിക്കുന്നതിൽ നിന്നും രക്ഷിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നു. അവരെ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുന്നു; രോഗത്തിന്റെ വിഷമങ്ങളിൽനിന്ന് മുക്തി ലഭിക്കുന്നതിനായി അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വെളിപാടുമുഖേന തന്റെ റഫീഖ് എന്ന സിഫത്ത് പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞതുപോലെ. അതുകൊണ്ട് അല്ലാഹു അടിസ്ഥാനപരമായ ഉദ്ദേശ്യത്തിലേക്ക്- നിങ്ങളുടെ ഉദ്ദേശ്യം നന്നാക്കിത്തീർക്കുക എന്നതായിരിക്കണം- നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യത്തിനു വെളിയിലാണ് നിങ്ങളെങ്കിൽ ഉദ്ദേശ്യം നല്ലതല്ല. മറിച്ച് അത് അക്രമം ആയിത്തീരുന്നു. അല്ലാഹു അക്രമികളെ രക്ഷപ്പെടുത്തുന്നില്ല. അല്ലാഹുവിന്റെ ദാസന്മാർ അക്രമത്തെ ഉന്മൂലനം ചെയ്യുന്നവരായിരിക്കും. ശൂറ അധ്യായത്തിന്റെ വചനമാണ് ഞാനോതിയത്. അതിന്റെ അടുത്ത വചനത്തിൽ, കൂടുതൽ തുറന്നനിലയിൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പറയുന്നു

وَلَمَنِ انْتَصَرَ بَعْدَ ظُلْمِهِ فَأُولَٰئِكَ مَا عَلَيْهِمْ مِنْ سَبِيلٍ

തങ്ങളോട് അക്രമം ചെയ്യപ്പെട്ടതിനുശേഷം വല്ലവരും ന്യായമായി പകരംവീട്ടുന്നതായാൽ അവരെ ആക്ഷേപിക്കാൻ ഒരു മാർഗ്ഗവുമില്ല (42:42).

പിന്നീട് പറഞ്ഞു:

إِنَّمَا السَّبِيلُ عَلَى الَّذِينَ يَظْلِمُونَ النَّاسَ وَيَبْغُونَ فِي الْأَرْضِ بِغَيْرِ الْحَقِّ ۚ أُولَٰئِكَ لَهُمْ عَذَابٌ أَلِيمٌ

മനുഷ്യരെ ദ്രോഹിക്കുകയും നാട്ടിൽ അന്യായമായി അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമെ കുറ്റാരോപണത്തിന് മാർഗ്ഗമുള്ളൂ. അവർക്കാണ് വേദനാജനകമായ ശിക്ഷയുള്ളത് (42:43).

പറയുന്നു:

وَلَمَنْ صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ الْأُمُورِ

വല്ലവനും സഹിക്കുകയും പൊറുക്കുകയും

ചെയ്താൽ തീർച്ചയായും അത് നിശ്ചയദാർഢ്യത്തിന്റെ കാര്യങ്ങളിൽ പെട്ടതാണ് (42:44)

ഒന്നാമതായി അറിഞ്ഞിരിക്കേണ്ടത് പകരം വീട്ടാനുള്ള അനുവാദമുണ്ട്, അതിനാൽ നിയമം കൈയിലെടുത്തുകൊണ്ട് തോന്നിയതുപോലെ പകരം വീട്ടാം എന്ന് ധരിക്കരുത് എന്നാണ്. വിശുദ്ധഖുർആന്റെ പാഠം മനസ്സിലാക്കിയിട്ടുള്ളവർ ഈ യാഥാർത്ഥ്യം നല്ലവണ്ണം അറിയുന്നവരാണ്. പക്ഷേ, ശത്രുക്കൾ ആക്ഷേപം ഉന്നയിക്കുന്നവരാണ്. അവർ ഇക്കാര്യത്തിലും ആക്ഷേപം ഉന്നയിക്കുന്നു. എന്നല്ല, നാം ഓർമ്മിക്കേണ്ടതാണ് അല്ലാഹുവിന്റെ കല്പന ഉലുൽഅംറിന്റെ– നിങ്ങളിലെ കാര്യസ്ഥന്മാരുടെയടുക്കൽ പോകുക എന്നതാണ്. അല്ലാഹുവിനും അവന്റെ റസൂലിനും ശേഷം നിങ്ങളിലെ കാര്യസ്ഥന്മാരുടെ കല്പന പാലിക്കുക. അതിനാൽ, ഇക്കാലത്ത് ഈ വചനത്തിന്റെ ഉദ്ദേശ്യം നിയമമാർഗ്ഗത്തിലൂടെ പകരം ചോദിക്കുക എന്നാണ്. നിയമം കൈയിലെടുത്ത് സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കാൻ അനുവാദമില്ല. നിയമം കൈയിലെടുക്കാൻ തുടങ്ങിയാൽ, അക്രമത്തിന്റെ വാതിലുകൾ വീണ്ടും തുറക്കും. നിയമപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് അക്രമത്തിന് പകരം ചോദിക്കാനാണ് അനുവാദമുള്ളത്. ഇതനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കാത്ത അധ്യാപനമല്ല ഇന്ന് ഇസ്‌ലാമിനുള്ളത്. ഇത് മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ശത്രുക്കൾ ഇത് മനസ്സിലാക്കാൻ മുതിരാതെ കണ്ണടച്ച് ആക്ഷേപിക്കുകയാണ്. ഇസ്‌ലാം ഒരു സമാധാനരൂപം സ്ഥാപിക്കുന്നു. അതായത്, ഓരോ വ്യക്തിയിലും മാപ്പാക്കാനുള്ള മനസ്സുണ്ടാകുകയില്ല. അതിനാൽ, നിങ്ങളുടെമേൽ ചെയ്യപ്പെടുന്ന അക്രമത്തെ നിങ്ങൾക്ക് പ്രതിരോധിക്കാവുന്നതാണ്. പക്ഷേ, അത് നിയമപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടാവണം. അല്ലാഹു പറയുന്നത്, അല്ലാഹു പിടിക്കുകയാണെങ്കിൽ അകാരണവും അനാവശ്യവുമായി അക്രമം അഴിച്ചുവിടുന്നവരെയാണ് പിടിക്കുന്നതെന്നാണ്. ഇക്കൂട്ടർ സമൂഹത്തിന്റെ സമാധാനം കെടുത്തുന്നവരാണ്. മറ്റുള്ളവർക്ക് അകാരണമായി നഷ്ടമുണ്ടാക്കുന്നവരാണ്. എന്നല്ല ഇത് ധിക്കാരമാണ്. അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിക്കലാണ്. അത്തരക്കാർ തങ്ങളുടെ നാട്ടിലെ നിയമംകൊണ്ട്, ഈ അക്രമം ചെയ്തിട്ടും രക്ഷപ്പെടുകയാണെങ്കിൽ– ഇക്കാലഘട്ടത്തിൽ ഇവിടെ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരങ്ങളും മതചിന്താഗതികളും കൊണ്ട് കളിക്കാൻ അനുവാദമുണ്ട്– അവരെല്ലാവരും ഓർക്കേണ്ടതാണ്, എല്ലാ ശക്തികളുടെയും അധികാരി അല്ലാഹുവാണ്. അവന്റെ തിരുസന്നിധിയിൽ ഓരോരുത്തരും ഹാജരാവേണ്ടവരാണ്. അവൻ ധിക്കാരികൾക്ക് അടുത്തലോകത്ത് വേദനാജനകമായ ശിക്ഷ വിധിച്ചുവച്ചിരിക്കുന്നു.

വിശുദ്ധഖുർആനിലെ കല്പനകളിൽ സഹനത്തിന്റെ സീമ എത്രത്തോളമാണെന്ന് നോക്കുക. ആക്ഷേപം ഉന്നയിക്കുന്നവർ പറയുന്നത് ഇതിൽ സഹിക്കാൻ പറയുന്ന കല്പനയില്ലെന്നാണ്. ഞാനോതിയ വചനങ്ങളിലെ അവസാനത്തെ വചനത്തിൽ അല്ലാഹു പറയുന്നു, നിങ്ങൾക്ക് പകരം വീട്ടാനുള്ള അവകാശമുണ്ടെന്നത് ശരിതന്നെ, പക്ഷേ, ഉന്നതമായ സ്വഭാവം എന്നു പറയുന്നത് നിങ്ങൾ ക്ഷമിക്കുക എന്നതാണ്. മറ്റുള്ളവർക്ക് മാപ്പ് കൊടുക്കുക എന്നതാണ്. അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുക, മാപ്പുകൊടുത്താൽ സൽമാറ്റമുണ്ടാകുമെങ്കിൽ മാപ്പുകൊടുക്കുക. ഇതിന് ഏറ്റവും ഉന്നതമായ മാതൃക നബി(സ) തിരുമേനിയുടെ ജീവിതത്തിൽ നമുക്ക് കാണാം. ചരിത്രം അത് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു. ഓറിയന്റലിസ്റ്റുകളും ഇതംഗീകരിക്കുന്നുണ്ട്.

ഒരു യഹൂദസ്ത്രീ നബി(സ) തിരുമേനിയ്ക്ക് വിഷം കൊടുത്ത് വകവരുത്താൻ ശ്രമിച്ചു. ആ മഹാത്മാവ് അവൾക്ക് മാപ്പുകൊടുത്തു. തന്റെമേൽ അക്രമം പ്രവർത്തിച്ചവർക്ക് ആ മഹാത്മാവ് മാപ്പുകൊടുത്തുകൊണ്ടേയിരുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എടുത്തുപറഞ്ഞിട്ടുണ്ട്. അത് ഞാൻ നിങ്ങളെ വായിച്ചുകേൾപ്പിച്ചു. ആ മാപ്പുകൊടുക്കലിന്റെ പാരമ്യത മക്കവിജയ വേളയിൽ നമുക്ക് കാണാം. തന്റെ പ്രിയകൂട്ടുകാരുടെമേൽ അക്രമം അഴിച്ചുവിട്ടവർക്ക്, തന്നിൽ അക്രമം അഴിച്ചുവിട്ടവർക്ക് എല്ലാ അധികാരവും നിയന്ത്രണശക്തിയും ഉണ്ടായിട്ടും ***ലാ തഥ്‌രീബ അലയ്ക്കുമുൽയൗം*** എന്ന് പറഞ്ഞുകൊണ്ട് മാപ്പാക്കിക്കൊടുത്തു. എന്നിട്ടും ശത്രുക്കൾ പറയുന്നത് ഇസ്‌ലാമിക കല്പനകളിൽ ബലാൽക്കാരമാണുള്ളതെന്നും മനുഷ്യരോട് ഒരു അനുകമ്പയും അതിൽ ഇല്ലെന്നുമാണ്. നബി(സ) നഊദുബില്ലാഹ്, സഹനവും ദയയുമൊന്നും അറിഞ്ഞിരുന്നില്ലത്രെ! ശിർക്ക് ചെയ്യുന്നവരും ഏകദൈവത്തെ ആരാധിക്കാത്തവരുമായ ഇവർ തങ്ങളുടെ പ്രവർത്തനംകൊണ്ട് അല്ലാഹുവിന്റെ ശിക്ഷയ്ക്ക് വിധേയരായിപ്പോകുമോ എന്ന ചിന്തയാൽ നബി(സ) തന്റെ ജീവനെപ്പോലും നശിപ്പിക്കുന്നയാളായിരുന്നു. ആ മഹാത്മാവ് തന്റെമേലും തന്റെ അനുയായികളുടെമേലും ഈ ജനങ്ങൾ ചെയ്യുന്ന ദ്രോഹം കാരണം അല്ലാഹുവിന്റെ വേദനാജനകമായ ശിക്ഷ ഇവരെ പിടിക്കുമോ എന്ന ചിന്തയിലായിരുന്നു എപ്പോഴും. ഈ സവിശേഷഗുണത്തെ വിവരിച്ചുകൊണ്ട് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

***ലഅല്ലക്ക ബാഖിഉൻനഅഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ.*** അവർ വിശ്വാസികളാകാത്ത കാരണം നീ നിന്റെ ജീവിതത്തെ തന്നെ നശിപ്പിച്ചേക്കുമോ? (26:3).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്, നബി(സ) തിരുമേനി ആ സത്യനിഷേധികൾ വിശ്വാസികളായിത്തീരുന്നതിനുവേണ്ടി എത്രത്തോളം വേദനയോടും വിഷമത്തോടുംകൂടി പ്രാർത്ഥിച്ചിരുന്നുവെന്നാൽ, ആ മഹാത്മാവ് ദുഃഖഭാരത്താൽ മരിച്ചുപോകുമോ എന്ന ആശങ്കയു

ണ്ടായിരുന്നു. അതുകൊണ്ടാണ് ഇക്കൂട്ടർക്കായി ഇത്ര മാത്രം വിഷമിക്കണ്ട, നിന്റെ മനസ്സിനെ ഇത്രമാത്രം വേദനിപ്പിക്കുകയും വേണ്ട എന്ന് അല്ലാഹു പറഞ്ഞത്. കാരണം ഇക്കൂട്ടർ അക്രമ കാര്യങ്ങളിലാണ് വിശ്വസിക്കുന്നത്. ഇവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വേറെയാണ്. ഈ വചനത്തിൽ അല്ലാഹു നിർദ്ദേശിച്ചിട്ടുള്ളത്, ഏ, നബി! എത്രത്തോളം നീ പൂർണ്ണശ്രദ്ധയോടും വേദനയോടും അലിവോടുംകൂടി ഇക്കൂട്ടരുടെ സന്മാർഗ്ഗത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുവോ, അത് സ്വീകാര്യമാകുന്നതിന് കുറവൊന്നുമില്ല. എന്നാൽ, ദുആ സ്വീകാര്യതയുടെ നിബന്ധന, ആർക്കുവേണ്ടിയാണോ ദുആ ചെയ്യുന്നത്, അയാൾ കഠിനമായ യാഥാസ്ഥിതികനും അശ്രദ്ധനും മോശമായ പ്രകൃതിയുള്ളവനും ആകാൻ പാടില്ല'' എന്നതാണ്. അങ്ങനെയായാൽ ദുആ സ്വീകരിക്കപ്പെടുകയില്ല. നബി(സ) തിരുമേനിയ്ക്ക് ജനങ്ങളോടുള്ള അനുകമ്പയുടെ മാതൃകയായിരുന്നു ഇത്. ഇക്കൂട്ടർ പറയുന്നത് ഇസ്ലാമിൽ അക്രമവും ബലാൽക്കാരവുമല്ലാതെ മറ്റൊന്നും തന്നെയില്ലെന്നാണ്. യുദ്ധക്കൊതിയനായിട്ടുള്ളവൻ ഇങ്ങനെ സ്വയം, തന്നെ നാശത്തിൽ അകപ്പെടുത്തുമോ? ജനങ്ങളോട് ശത്രുത പുലർത്തുന്നവനും അവരോട് പകരം വീട്ടുന്നവനും, തന്റെമേൽ അക്രമം ചെയ്യുന്നവർക്ക് ഇത്രമാത്രം തുറന്നഹൃദയത്തോടെ മാപ്പ് നല്കുമോ? ബുദ്ധിയ്ക്ക് അന്ധത ബാധിച്ചുകിടക്കുന്ന ഇക്കൂട്ടർക്ക് അല്ലാഹു വെളിച്ചം നല്കുമാറാകട്ടെ.

ബദ്ർ യുദ്ധാവസരത്തിൽ ഇസ്ലാമിക സൈന്യം തമ്പടിച്ചിരുന്ന സ്ഥലം, അത്രനല്ലതായിരുന്നു. അപ്പോൾ ഖബ്ബാബ് ബിൻ മുൻദിർ, നബി(സ)യോട് ചോദിച്ചു. ദൈവേഷ്ടപ്രകാരമാണോ അങ്ങ് ഈ സ്ഥലം ഇഷ്ടപ്പെട്ടത്. അതല്ല, യുദ്ധതന്ത്രമനുസരിച്ചാണോ? നബി(സ) പറഞ്ഞു, ഇത് യുദ്ധതന്ത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. അദ്ദേഹം പറഞ്ഞു, എന്നാൽ ഇത് നമുക്ക് അനുയോജ്യമായ സ്ഥലമല്ല. അങ്ങ് ജനങ്ങളേയുംകൂട്ടി വെള്ളം ഉറവ് പൊട്ടുന്ന സ്ഥലത്തേക്കു പോയി അത് കൈവശമാക്കുക. അവിടെ നമ്മുടെ നീർത്തൊട്ടി ഉണ്ടാക്കുകയും, ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യാം. നബി(സ) പറഞ്ഞു, താങ്കൾ പറഞ്ഞത് വളരെ നല്ല അഭിപ്രായമാണ്. അങ്ങനെ നബി(സ) അവിടെ പോകുകയും അവിടെ തമ്പടിക്കുകയും ചെയ്തു. കുറച്ച് നേരത്തിനുശേഷം ഖുറയ്ശികൾ വെള്ളം കുടിക്കാൻ അവിടെയെത്തി. നബി(സ) അനുയായികളോട് പറഞ്ഞു, അവർക്ക് കുടിക്കാൻ വെള്ളം കൊടുക്കുക. കാരണം സഹാബാക്കൾ കരുതിയത് നബി(സ) അവരെ വെള്ളം കുടിക്കുന്നതിൽനിന്ന് തടയുമെന്നായിരുന്നു. നബി(സ) പറഞ്ഞു, അത് പാടില്ല. അവർ വെള്ളം പാനം ചെയ്യട്ടെ.

ഇതാണ് നബി(സ)യുടെ ശത്രുക്കളോടുള്ള പെരുമാറ്റം. ഇനി ശത്രുക്കൾ അതിന്റെമേൽ നിയന്ത്രണം പിടിച്ചുപറ്റിയിരുന്നുവെങ്കിൽ നബിയേയും അനുയായികളേയും തീർച്ചയായും അതിൽനിന്ന് തടയുമായിരുന്നു. നബി(സ) തന്നോടും തന്റെ അനുയായികളോടും ശത്രുക്കളോടുമുള്ള സഹതാപം കൊണ്ടാണ് അങ്ങനെ ചെയ്തത്. തങ്ങളെ വലിയ സിവിലയ്സ് എന്നു പറഞ്ഞ് ലോകർ വലിയ വീമ്പിളക്കുന്ന ഇക്കാലത്ത് ഇത്തരം ഉദാഹരണം എവിടെയെങ്കിലും കിട്ടുമോ.

ഉന്നതമായ സ്വാഭവങ്ങളുടെയും, സൗമ്യതയുടെയും സഹതാപത്തിന്റെയും ഉദാഹരണങ്ങളാണിത്. നബി(സ) തന്റെ അനുയായികൾക്ക് ഇത് ഉപദേശിച്ചു. അതിന്റെ ഉന്നതമായ മാതൃക നബി(സ) സ്വയം സ്ഥാപിക്കുകയും ചെയ്തു. അല്ലാഹു ഈ ലോകത്തിനും നീതിയുടെ ദൃഷ്ടികൊണ്ട് ആ മനോഹരമായ മുഖത്തേയും മനോഹരമായ അധ്യാപനത്തേയും നോക്കിക്കാണുവാൻ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു നമ്മുടെ കർമ്മത്തേയും നമ്മുടെ പ്രാർത്ഥനകളേയും നമ്മുടെ സ്വലാത്തിനേയും സ്വീകരിച്ചുകൊണ്ട് നമുക്ക് എത്രയുംവേഗം നബി(സ)യുടെ തെളിമയാർന്ന മുഖം ലോകത്തിന്റെ എല്ലാ ഭാഗത്തും എല്ലാ വീടുകളിലും എല്ലാ ഇടവഴികളിലും തിളങ്ങുന്നതായി കാണാൻ തൗഫീഖ് നല്കട്ടെ. ലോകം എത്രയും വേഗം ആ മഹാത്മാവിന്റെ കൊടിക്കീഴിൽ സംഘടിക്കുമാറാകട്ടെ. ആ മഹാത്മാവിനോട് ശത്രുത പുലർത്തുന്ന ഓരോരുത്തരും നിന്ദ്യരും അപമാനിതരുമായി നശിക്കുമാറാകട്ടെ.

(*ഖുത്ബ, 28.3.2008. വിവ: മുഹമ്മദ് ഇസ്മായീൽ*)

---

*4-ൽ നിന്ന്*

ധമായി ഇവർ ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ, അഹ്മദിയ്യാ ഖലിഫാ നബിതിരുമേനി(സ)യുടെ ജീവിതമാഹാത്മ്യവും വിശുദ്ധഖുർആന്റെ മേന്മയും ഇസ്ലാമിന്റെ ധാർമ്മികമൂല്യങ്ങളും പ്രഘോഷിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ ലോകത്തോട് നടത്തുന്നു. അത്തരത്തിൽ സകല സ്ഥലങ്ങളിലും പ്രഭാഷണങ്ങളും പ്രചാരണപ്രവർത്തനങ്ങളും നടത്താൻ അഹ്മദികളെ ആഹ്വാനം ചെയ്യുന്നു. തികച്ചും സമാധാനത്തിലധിഷ്ഠിതമായുള്ള ചിട്ടയായ പ്രവർത്തനങ്ങളിലൂടെ വിൽഡറിനെ പോലുള്ളവരെ നിശബ്ദരാക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇസ്ലാമിനെ സ്നേഹിക്കുന്നവർ അവസാനകാലത്ത് അതിന്റെ അനുയായികൾക്ക് വാഗ്ദാനം ചെയ്ത ഖിലാഫത്തിൻ കീഴിൽ വരേണ്ടതുണ്ട്. എങ്കിൽ മാത്രമേ, നബിതിരുമേനിയുടെ അന്തസ്സ് നിലനിർത്താനും ഖുർആന്റെ മഹത്വം പ്രഘോഷിക്കാനും സാധിക്കുകയുള്ളൂ.

ലേഖനം

മഹ്മൂദ്, കൽക്കുളം

# മുഹമ്മദ് മുസ്തഫ(സ)
## ആത്മീയാനുഗ്രഹങ്ങളുടെ പ്രഭവകേന്ദ്രം

സമസ്തലോകത്തിനും കാരുണ്യവും മാർഗ്ഗദർശിയുമായ ജീവൽപ്രവാചകനാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ). സർവ്വസ്പർശിയായിരുന്നു ആ മഹാത്മാവിന്റെ ജീവിതം. ബഹുമുഖങ്ങളായ ജീവിതാനുഭവങ്ങൾകൊണ്ട്, ധന്യമായിരുന്ന അവിടുത്തെ ജീവിതത്തിൽ നാനാതുറയിലുള്ളവർക്കും ഉദാത്ത മാതൃക ലഭിക്കുന്നു. കുറഞ്ഞ ജീവിത കാലയളവിൽ എല്ലാതരം അവസ്ഥാന്തരങ്ങളിലൂടെയും അദ്ദേഹത്തിന് കടന്നുപോകേണ്ടിവന്നിട്ടുണ്ട്. ഇപ്രകാരമുള്ള ജീവിതസാഹചര്യങ്ങളെല്ലാം ഒത്തുചേർന്നവർക്കാണ്, പരിപൂർണ്ണമാതൃകയാകാൻ സാധിക്കുന്നത്. താൻ ലോകത്തിന് മുന്നിൽ സമർപ്പിച്ച ജീവിതദർശനങ്ങൾ, വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിലൂടെ പ്രയോഗവൽക്കരിച്ച്, വിജയം നേടുക മാത്രമല്ല, അതിൽ ഉത്കൃഷ്ടമാതൃകയായിത്തീരുകയും ചെയ്തതിന് നബി(സ) തിരുമേനിയുടേതല്ലാത്ത മറ്റൊരുദാഹരണം കാണിക്കാനാർക്കുമാവില്ല. ഇതുസംബന്ധിച്ച് വാഗ്ദത്ത മഹ്ദീ മസീഹ്(അ) വിവരിക്കുകയാണ്. "ദൈവത്തിന്റെ പ്രത്യേക കൃപാകടാക്ഷത്താൽ നബി(സ) തിരുമേനിക്ക് ശ്രേഷ്ഠമായ സകല ധാർമ്മികഗുണങ്ങളും സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കുവാനുള്ള സൗഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഇങ്ങനെ, ചരിത്രത്തിന്റെ ഏടുകളിലെങ്ങും കാണുവാൻ സാധിക്കാത്തവിധത്തിലുള്ള നിസ്തുലമായ ഔദാര്യം, ധീരോദാത്തത, സഹനം, ക്ഷമ, നീതിനിഷ്ഠ മുതലായ ഗുണങ്ങളെല്ലാം തിരുനബിയുടെ ജീവിതത്തിൽ തെളിഞ്ഞുകാണാം. അശക്തിയുടെയും, ശക്തിപ്രതാപത്തിന്റെയും ദാരിദ്ര്യത്തിന്റെയും ഐശ്വര്യത്തിന്റെയും അവസ്ഥാന്തരങ്ങളിലെല്ലാം താൻ ഉൽകൃഷ്ടമായ ധാർമ്മികഗുണങ്ങളുടെയും മനോധർമ്മങ്ങളുടെയും നിറപ്പാത്രമാണെന്ന് തിരുനബി(സ) ലോകത്തിന് കാണിച്ചുകൊടുത്തിട്ടുണ്ട്. തിരുമേനിയുടെ ഭാസുരജീവിതത്തിൽ പ്രതിഫലിച്ചുകാണാത്തതായി ലോകത്തിൽ ഒരു മാനുഷ്യപൂർണ്ണതയും ഇല്ലെന്നുതന്നെ പറയാം" (ഇസ്ലാംമതതത്ത്വജ്ഞാനം) മറ്റു മതഗുരുക്കന്മാരിൽനിന്നും വ്യത്യസ്തമായ നിലയിൽ, മുഹമ്മദ് നബി(സ)യുടെ ജീവിതം പ്രകാശമാനവും തുറന്നനിലയിലുള്ളതുമാണ്. ദിവ്യഗ്രന്ഥമായ വിശുദ്ധഖുർആന്റെ ജീവിതമാതൃകയിലുടനീളം മനുഷ്യകുലത്തിനുള്ള മാർഗ്ഗദർശനം മാത്രമാണുൾക്കൊണ്ടിരിക്കുന്നത്. "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമ മാതൃകയുണ്ട്. അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നതാരോ അവർക്ക്" (33:22). നബി തിരുമേനിയുടെ ജീവിതമാതൃകയാണ് ദൈവസാമീപ്യം കരഗതമാകുന്നതിനും ശാശ്വത നിവാസത്തിനും വഴിയൊരുക്കുന്നതെന്ന് ഈ ഖുർആനിക വചനം വിളംബരം ചെയ്യുന്നു.

**മനുഷ്യസ്നേഹത്തിന്റെ നിറകുടം**

സഹജീവികളോടുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായിരുന്നു നബി(സ) തിരുമേനി. തന്റെ ദൗത്യനിർവ്വഹണത്തിലും പ്രസ്തുത മഹനീയഗുണങ്ങൾ തെളിഞ്ഞുകാണുന്നതാണ്. അധർമ്മത്തിലാണ്ടുപോയിരുന്ന ജനസമൂഹത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നതിനുവേണ്ടി, അവിടുന്ന് അഹോരാത്രം പരിശ്രമിച്ചു. അവർക്ക് ക്ഷേമവും നന്മയും വരുത്തുന്നതിന് സ്വജീവൻപോലും സമർപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം മുഴുകി. നിരന്തരമായ പ്രബോധനങ്ങളിലൂടെയും യുക്തിപൂർവ്വമായ ഉപായങ്ങളിലൂടെയും സർവ്വോപരി കഠിനമായ പ്രാർത്ഥനകളിലൂടെയുമാണ് അവിടുന്ന് ജനങ്ങളെ സമുദ്ധരിച്ചെടുത്തത്. മഹത്തായ ഈ ദൗത്യപൂർത്തീകരണത്തിന്നിടയിൽ, ജനങ്ങളിൽനിന്നുള്ള ഉപദ്രവങ്ങളും പീഡനങ്ങളും അദ്ദേഹം സഹിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് വിശുദ്ധഖുർആൻ പറയുകയാണ്: "അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്തപക്ഷം, അവർ ഹേതുവായി ദുഃഖം നിമിത്തം നിന്റെ ജീവനെ നീ നശിപ്പിച്ചേക്കുമോ"(18:7) തന്നിലർപ്പിതമായ ഉത്തരവാദിത്വങ്ങൾ തികവുറ്റനിലയിൽ പൂർത്തിയാക്കിയതിനുള്ള അംഗീകാരവും, ഈ ദിവ്യസൂക്തത്തിലുൾകൊണ്ടിട്ടുണ്ട്.

**ജനഹൃദയങ്ങളെ ആകർഷിച്ച വ്യക്തിത്വം**

നബി(സ) തിരുമേനിയുടെ ഉൽകൃഷ്ടമായ സ്വഭാവസവിശേഷതകൾ അനാവരണം ചെയ്യുന്ന മറ്റൊരു വചനം ഇപ്രകാരമാണ്. "സത്യമായും നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൈവദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത്, അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്" (9:128).

"നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൈവദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു; നിങ്ങളറിയുന്ന വ്യക്തിയാണ് ദൈവീകസന്ദേശവുമായി വന്നിരിക്കുന്നത്." അഥവാ അക്കാലത്തെ ജനസമൂഹമൊന്നടങ്കം വിശ്വസ്തനെന്നും, പരമസാത്വികനെന്നും ഏറ്റുപറ

ഞ്ഞിരുന്ന എല്ലാവർക്കും വേണ്ടപ്പെട്ട ആളായിരുന്നു നബി(സ) തിരുമേനി. ജനങ്ങൾ അദ്ദേഹത്തിന്റെയടുക്കൽ തങ്ങളുടെ പ്രിയപ്പെട്ട വസ്തുക്കൾ സൂക്ഷിപ്പു മുതലെന്നോണം വിശ്വസിച്ചേല്പിക്കാറുണ്ടായിരുന്നു. സമൂഹത്തിലെ പ്രശ്നങ്ങളിൽ അവിടുന്ന് തീർപ്പ് കല്പിച്ചിരുന്നു. നബി(സ) തിരുമേനിയുടെ വിധി എല്ലാവരും ഇഷ്ടപ്പെടുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ കഅ്ബ പുനർനിർമ്മാണവേളയിൽ, ഗോത്രത്തലവന്മാർ തമ്മിൽ രൂക്ഷമായ അഭിപ്രായഭിന്നതയുണ്ടായി. പ്രശസ്തമായ 'ഹജറെ അസ്‌വദ്' എന്ന കല്ല് അതിന്റെ ശരിയായ സ്ഥാനത്ത് പ്രതിഷ്ഠിക്കാനുള്ള യഥാർത്ഥ അവകാശി ആരെന്നതിനെ ചൊല്ലിയായിരുന്നു തർക്കം. ആ സന്ദർഭത്തിൽ യുവാവായിരുന്ന നബി(സ) തിരുമേനി അങ്ങോട്ട് വരുന്നത് അവർ കണ്ടു. നമ്മൾ പ്രതീക്ഷിക്കുന്ന ആൾ വരുന്നുണ്ട്. ഇദ്ദേഹം എല്ലാ തർക്കങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുമെന്ന് പറഞ്ഞുകൊണ്ട് അവർ അദ്ദേഹത്തെ സമീപിച്ചു. പ്രശ്നപരിഹാരമെന്നോണം നബി(സ) അവരോട് ഒരു വിരിപ്പ് കൊണ്ടുവരാനാവശ്യപ്പെട്ടു. അത് നിലത്ത് വിരിച്ചതിനെത്തുടർന്ന് അതിന്റെ ഓരോ മൂലയിലും ഓരോ ഗോത്രത്തലവന്മാരോടും പിടിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. പിന്നീട് അദ്ദേഹം തന്റെ കരങ്ങൾകൊണ്ട് ആ കല്ലെടുത്ത് വിരിപ്പിൽ വെക്കുകയും യഥാസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തു. ഗോത്രനേതാക്കന്മാരെല്ലാമുണ്ടായിട്ടും യുവാവായിരുന്ന നബി(സ)യുടെ തീരുമാനത്തിനായി അവർ കാത്തുനിന്നു. അതെല്ലാവർക്കും സ്വീകാര്യമാവുകയും ചെയ്തു. നബി(സ) തിരുമേനിയുടെ അന്യാദൃശമായ കഴിവും ആകർഷണീയമായ വ്യക്തിത്വവും അതുല്യമായ സ്വഭാവഗുണങ്ങളുമാണ് അനേകം പേർക്ക് സന്മാർഗ്ഗം ലഭിക്കാനിടയാക്കിയത്. ദൂരെനിന്ന് പലരും നബിയുമായി അടുത്തപ്പോൾ അനുരക്തശിഷ്യരായിത്തീർന്നു. നുബുവ്വത്ത് ലഭിച്ചതിനുശേഷം നബിയുടെ ഏറ്റവും വലിയ വിരോധിയായി മാറിയ അബൂജഹൽപോലും പറഞ്ഞത്, "ഞങ്ങൾ മുഹമ്മദിനെ കളവാക്കുന്നില്ല. പക്ഷേ അദ്ദേഹം കൊണ്ടുവന്നത് ശരിയല്ല" എന്നായിരുന്നു. അക്കാലത്തെ ശത്രുക്കൾക്കുപോലും നബിയുടെ സത്യസന്ധതയെ പെട്ടെന്ന് നിഷേധിക്കാൻ സാധിച്ചിരുന്നില്ല. ഉത്കൃഷ്ടഗുണങ്ങളെല്ലാം നബി(സ) തിരുമേനിയിൽ പരമമായ നിലയിൽ സമ്മേളിച്ചിരുന്നു. "തീർച്ചയായും നീ അതിശ്രേഷ്ഠമായ സ്വഭാവസിദ്ധികളോടുകൂടിയവനാകുന്നു" (വിശുദ്ധഖുർആൻ, 68:5).

**നിസ്തുലമായ ദൗത്യനിർവ്വഹണം**

തങ്ങളുടെ സൃഷ്ടിയുദ്ദേശ്യം എന്താണെന്നറിയാത്ത, തികച്ചും മൃഗസമാനരായ ഒരു സമൂഹത്തെയാണ് നബി(സ) തിരുമേനിക്ക് അഭിമുഖീകരിക്കേണ്ടിവന്നത്. ലജ്ജാകരങ്ങളായ സകല തിന്മകൾക്കും അവർ അടിപ്പെട്ടിരുന്നു. കടലിലും കരയിലും ഒരുപോലെ അധർമ്മം വ്യാപിച്ചിരുന്നു എന്നാണ് അക്കാലഘട്ടത്തെക്കുറിച്ച് വിശുദ്ധഖുർആൻ വിശേഷിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ജനവിഭാഗത്തെ ദൈവികവർണ്ണം സ്വീകരിച്ച മഹത്തുക്കളാക്കി നബി(സ) തിരുമേനി വാർത്തെടുക്കുകയുണ്ടായി. വാഗ്ദത്ത മഹ്ദീ മസീഹ്(അ) ഇപ്രകാരം വിവരിക്കുന്നു. "തൗഹീദിന്റെയും ദൈവികത്വത്തിന്റെയും മഹത്തായ അനുഗ്രഹം ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) മുഖേനയാണ് ലോകത്തിന് ലഭ്യമായിരുന്നത്. അതല്ലാതെ മറ്റൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ, ഏറ്റവും ഉന്നതമായ മാതൃക നമ്മുടെ നബി(സ)യാണ് കാണിച്ചുതന്നിരിക്കുന്നത്. മാലിന്യത്തിൽ അമർന്നിരുന്ന ഒരു സമുദായത്തെ അതിൽനിന്നും അകറ്റി മനോഹരമായ പൂന്തോട്ടത്തിൽ അദ്ദേഹം എത്തിച്ചു. ആത്മീയമായ വിശപ്പിലും ദാഹത്തിലും വലഞ്ഞുമരിക്കാറായ ആ ജനതക്ക് മാധുര്യമേറിയ ഭക്ഷണപാനീയങ്ങൾ കൊടുത്തു. അവിടുന്ന് അവരെ രക്ഷപ്പെടുത്തി. കിരാതവും മൃഗീയവുമായ സ്ഥിതിയിൽനിന്നും കരകയറ്റി. അവരെ അദ്ദേഹം പരിപൂർണ്ണ മനുഷ്യരാക്കിത്തീർക്കുകയും അവർക്ക് അല്ലാഹുവിനെ കാണത്തക്കവിധത്തിൽ പല ദൃഷ്ടാന്തങ്ങളും പ്രത്യക്ഷമാക്കിക്കൊടുക്കുകയും ചെയ്തു. അങ്ങനെ മലക്കുകളോടുപോലും തുല്യനില പ്രാപിക്കാൻ സാധിക്കുന്നത്ര പരിവർത്തനം അവരിൽ അവിടുന്ന് ഉണ്ടാക്കിത്തീർത്തു. ഇത്തരത്തിലുള്ള പ്രഭാവം മറ്റൊരു നബി മുഖേനയും അവരുടെ ഉമ്മത്തിൽ ഉണ്ടായിട്ടില്ല (ഹഖീഖത്തുൽ വഹ്‌യ്).

**സൃഷ്ടികുലോത്തമൻ**

അത്യുന്നതമായ ആത്മീയപദവിയിൽ അഥവാ സൃഷ്ടികുലോത്തമനും പ്രവാചകന്മാരുടെ നേതാവുമായി നബി(സ) വിരാജിക്കുന്നു. ആത്മീയസ്ഥാനങ്ങൾ സ്വായത്തമാക്കുന്നതിന് നബി(സ) തിരുമേനിയെ അനുപദം പിന്തുടരേണ്ടത് അനിവാര്യ നിബന്ധനയാകുന്നു. അദ്ദേഹത്തെ പിൻപറ്റി ജീവിതം നയിക്കുന്നവരെ, അല്ലാഹു സ്നേഹിക്കുന്നതാണെന്നും അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നതാണെന്നും വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നു. പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു (33:32). "ജനങ്ങളെ, ഈ ദൂതൻ നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വിശ്വസിക്കുക. അത് നിങ്ങൾക്ക് ഗുണകരമായിരിക്കും" (4:171). നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നതുമൂലം ഭൗതികവും ആത്മീയവുമായ ഗുണം ലഭിക്കുന്നതാണെന്ന് ഈ സൂക്തം വെളിപ്പെടുത്തുന്നു. മുൻകഴിഞ്ഞ മഹാത്മാക്കളെല്ലാം നബി(സ) തിരുമേനി കാണിച്ചുതന്ന വഴികളിലൂടെ സഞ്ചരിക്കുകയും അദ്ദേഹത്തിനുവേണ്ടി സ്വലാത്ത് ചൊല്ലുകയും ചെയ്തതുകൊണ്ടാണ് അവർക്ക് ആ സ്ഥാനത്തെത്താൻ സാധിച്ചത്. ഒരിക്കൽ വാഗ്ദത്ത മഹ്ദീ മസീഹ്(അ) ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ ഓർത്തുകൊണ്ട് അധി

*പേജ് 42-ൽ*

ലേഖനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

# യഥാർത്ഥ ഇസ്ലാമിക ഖിലാഫത്ത്

(തുടർച്ച)

**'ഖുദ്റത്തെ ഥാനിയ' അഥവാ ഖിലാഫത്ത്**

ഖുദ്റത്തെ ഥാനിയ രണ്ടാം ദിവ്യശക്തി എന്നത് ഖിലാഫത്താണ് എന്ന അർത്ഥവിവക്ഷ എന്റെ സ്വന്തം കൽപിതമല്ല. ഖിലാഫത്തിനോട് വിയോജിച്ച ലാഹോരികക്ഷികൾതന്നെയും ഈ അർത്ഥത്തെ സമ്മതിച്ചിട്ടുണ്ട്. ഖാജാ കമാലുദ്ദീൻ സാഹിബ് ഇപ്രകാരം എഴുതുന്നു.

"ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജനാസ നമസ്കാരം ഖാദിയാനിൽ അനുഷ്ഠിക്കപ്പെടുന്നതിനു മുമ്പേ 'അൽ വസിയ്യത്തി'ൽ അടങ്ങിയ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖാദിയാനിലുള്ള ഭാരവാഹികളുടേയും വാഗ്ദത്ത മസീഹിന്റെ ബന്ധുക്കളുടേയും കൂടിയാലോചനയും, ഉമ്മുൽ മുഅ്മിനീന്റെ അനുമതിയോടും കൂടി, അന്ന് ഖാദിയാനിൽ ഹാജരായിരുന്ന 1200 പേരടങ്ങിയ സമൂഹം വന്ദ്യാത്മാ ഹദ്റത്ത് ഹാജിയുൽ ഹറമൈൻ ജനാബ് ഹക്കീം നൂറുദ്ദീൻ സാഹിബിനെ വാഗ്ദത്ത മസീഹിന്റെ പ്രതിപുരുഷനും ഖലീഫയുമായി സ്വീകരിക്കുകയും അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്യുകയും ചെയ്തിരിക്കുന്നു. ..........ഈ ലേഖനം ജമാഅത്തിലെ എല്ലാവരുടേയും അറിവിലേക്കായി പ്രസിദ്ധം ചെയ്യപ്പെടുകയാണ് (ബദ്ർ, 2.6.1908).

ഈ കത്താണ് അവർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതിൽ സദ്ർ അഞ്ചുമന്റെ ഭാരവാഹികളായ മൗലവി മുമ്മദലി സാഹിബ്, ശയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ്, ഡോക്ടർ യഅ്ഖൂബ് ബേഗ് സാഹിബ് തുടങ്ങിയവർ അപ്പോൾ അവിടെ ഉണ്ടായിരുന്നെന്നും അവർ ഹദ്റത്ത് ഖലീഫ അവ്വൽ(റ)ന് ബയ്അത്ത് ചെയ്തിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ഖുദ്റത്തെ ഥാനിയ (രണ്ടാം ദിവ്യശക്തി) എന്നത് ഖിലാഫത്തിനെക്കുറിച്ച് തന്നെയാണെന്ന് ഇക്കൂട്ടർ അക്കാലത്ത് സമ്മതിച്ചിട്ടുള്ളതാണ്. കാരണം 'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ നിങ്ങൾ ഖുദ്റത്തെ ഥാനിയ (രണ്ടാം ദിവ്യശക്തി)ക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക എന്നതല്ലാതെ മറ്റൊരു പ്രസ്താവനയും ഈ വിഷയവുമായി ബന്ധപ്പെട്ടത് ഇല്ല. ഖാജാ സാഹിബ് എഴുതുന്നത് 'ഞങ്ങൾ അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ബയ്അത്ത് ചെയ്തതെന്നാണ്. ചുരുക്കത്തിൽ അൽവസിയ്യത്തിൽ പറഞ്ഞിരിക്കുന്ന പ്രവചനം ഖിലാഫത്തിനെക്കുറിച്ചാണെന്നും ഖുദ്റത്തെ ഥാനിയ എന്നാൽ, ഖിലാഫത്താണെന്നുമുള്ള ഖാജാസാഹിബിന്റെതന്നെ പ്രസ്താവന നിലവിലുണ്ട്. ആകയാൽ, ഒന്നാം ഖലീഫയുടെ കൈയിൽ ഖാജാസാഹിബും മൗലവി മുഹമ്മദലി സാഹിബും അവരുടെ കൂട്ടുകാരും ബയ്അത്ത് ചെയ്തതും, ഞാനും വാഗ്ദത്ത മസീഹിന്റെ കുടുംബത്തിലെ സർവ്വാംഗങ്ങളും ബയ്അത്ത് ചെയ്തതും തെളിയിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് ഐകകണ്ഠ്യേനയാണ് അഹ്മദിയ്യാ ഖിലാഫത്തിനെ സ്വീകരിച്ചിരിക്കുന്നത് എന്നാണ്. കൂടാതെ ഒന്നാം ഖലീഫ(റ)യുടെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ കുടുംബമൊട്ടാകെയും അഹ്മദിയ്യാ ജമാഅത്തിലെ 99% അംഗങ്ങളും, എന്റെ കൈയിൽ ബയ്അത്ത് ചെയ്തു എന്നതും അഹ്മദിയ്യാ ഖിലാഫത്ത് അന്ത്യനാൾവരെ നിലനിൽക്കുന്നതാണ് എന്ന കാര്യത്തിൽ ജമാഅത്ത് ഏകാഭിപ്രായക്കാരാണെന്നതിലേക്ക് ഉപോൽബലകമായ മറ്റൊരു തെളിവാകുന്നു.

**ഭാവിയിൽ ഖിലാഫത്ത് തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ**

എന്നാൽ, ഇപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കുടംബത്തിലെ ചില വ്യക്തികളും അവരുടെ കൂട്ടാളികളും അഹ്മദിയ്യാ ഖിലാഫത്തിന്റെ പ്രശ്നം ഉയർത്തിയിരിക്കുകയാണ്. അതിനാൽ, ഈ വിഷയത്തെ സംബന്ധിച്ച് അൽപം വിശദീകരിക്കേണ്ടതും ഉപദ്രവങ്ങളിൽനിന്ന് അഹ്മദിയ്യാ ഖിലാഫത്ത്സുരക്ഷിതമായിരിക്കാൻ പര്യാപ്തമായ ചില നിർദ്ദേശങ്ങൾ ജമാഅത്തിന്റെ മുമ്പിൽ വെക്കേണ്ടതും അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു.

ഇതിന് മുമ്പേ ഞാൻ ജമാഅത്തിലെ മിത്രങ്ങളുമായി കൂടിയാലോചനയ്ക്കുശേഷം തീരുമാനിച്ചിട്ടുണ്ടായിരുന്നത്, നിലവിലുള്ള ഖലീഫയുടെ മരണാനന്തരം ജമാഅത്തിന്റെ മജ്ലിസ് ശൂറാ മറ്റൊരു ഖലീഫയെ തിരഞ്ഞെടുത്തുകൊള്ളണമെന്നാണ്. എന്നാൽ, ഈ രീതി ശരിയല്ലെന്ന് ഇപ്പോൾ പൊന്തിവന്ന കുഴപ്പങ്ങൾ തെളിയിച്ചിരിക്കുന്നു. എന്തെന്നാൽ രണ്ടാം ഖലീഫയുടെ മരണശേഷം മിയാൻ അബ്ദുൽ മന്നാനിലല്ലാതെ മറ്റാർക്കും തങ്ങൾ ബയ്അത്ത് ചെയ്യുകയില്ലെന്ന് ചിലർ പറയുകയുണ്ടായി. ഇതിൽനിന്നും മനസ്സിലാകു

ന്നത്, മൂന്നുനാല് പേർ ചേർന്ന് ഒരാളുടെ കൈയിൽ ബയ്അത്ത് ചെയ്യുന്നപക്ഷം അദ്ദേഹം ഖലീഫയായി ത്തീരുമെന്ന് ഇക്കൂട്ടർ ധരിച്ചുവശായിരിക്കുന്നു എന്നാണ്. തന്നെയുമല്ല, ജമാഅത്തിന്നിടയിൽ കുഴപ്പവും ഛിദ്രവും ഉണ്ടായിത്തീരാനിടയുണ്ടെന്നും ഇതുകൊണ്ട് മനസ്സിലായി. ഈ കുഴപ്പത്തിന് കാരണക്കാർ ഗുലാം റസൂൽ പോലുള്ള മനുഷ്യനാകട്ടെ, അതല്ല സാഹിബ് എന്ന പേരോടുകൂടിയ അറിയപ്പെടാത്ത വ്യക്തിയോ ആകട്ടെ അവർ ഖലീഫ തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണെന്ന് അവകാശപ്പെട്ടുകഴിഞ്ഞാൽ ഇത് അഹ്മദിയ്യാ ജമാഅത്തിന്നിടയിൽ പരിഭ്രമം ഉണ്ടാക്കുന്നതിന് കാരണമാകുന്നതാണ്. ആയതുകൊണ്ട് മുമ്പേ നില നിന്നിരുന്ന പദ്ധതിയെ ഞാൻ ദുർബലപ്പെടുത്തുകയും അതിനു പകരം കൂടുതൽ സുഖകരമായ എളുപ്പവഴി നിർദ്ദേശിക്കുകയും ചെയ്തുകൊള്ളുന്നു. നിശ്ചയമായും ഖലീഫയുടെ നിയമനം ദൈവികമാണെന്നാണ് നമ്മുടെ വാദം. എന്നിരുന്നാലും ഖലീഫമാർ ശഹീദാക്കപ്പെട്ടിട്ടുണ്ടെന്ന ചരിത്രസത്യത്തെ ഒരിക്കലും നമുക്ക് നിഷേധിക്കാനാവുകയില്ല. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ) പോലുള്ള ഖലീഫമാർ ശഹീദാക്കപ്പെടുകയുണ്ടായി. ഹദ്റത്ത് ഹസൻ(റ) നോടുകൂടി ഖിലാഫത്ത് അവസാനിച്ചുപോയതുപോലെ ഖിലാഫത്ത് അവസാനിച്ചുപോകാനും സാധ്യതയുണ്ട്.

ഞാൻ ആദ്യം ഓതിക്കേൾപ്പിച്ച ആയത്തിൽ നിന്നും തെളിയുന്നത്, മുസ്‌ലിംകളിൽ ഖിലാഫത്ത് നിലനിറുത്തുമെന്നുള്ള ദൈവികവാഗ്ദാനം സോപാധികമാണെന്നത്രെ. എന്തുകൊണ്ടെന്നാൽ ആ ആയത്തിൽ പറയുന്നത് അല്ലാഹുതആല ഖിലാഫത്തിൽ വിശ്വസിക്കുകയും അത് നിലനിറുത്തുന്നതിനായി സന്ദർഭോചിതം പ്രവർത്തിക്കുകയും ചെയ്യുന്നവരോട് അല്ലാഹു അവരിൽ ഖിലാഫത്ത് നിലനിറുത്തുമെന്നാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. ആകയാൽ ഖിലാഫത്ത് ഉണ്ടായിരിക്കുമെന്നത് ഒരനുഗ്രഹമാണ്. അതൊരു പ്രവചനമല്ല. അത് പ്രവചനമായിരുന്നെങ്കിൽ ഹദ്റത്ത് ഇമാം ഹസൻ(റ)ന് ശേഷം ഖിലാഫത്ത് അവസാനിക്കുക എന്നത്- നഊദുബില്ലാഹ് വിശുദ്ധഖുർആനെത്തന്നെ കളവാക്കലായിരിക്കുമായിരുന്നു. എന്നാൽ, വിശുദ്ധഖുർആൻ അതിനെ സോപാധികമായ ഒരനുഗ്രഹദാനമായിട്ടാണ് പരിഗണിച്ചിരിക്കുന്നത്. അതുകൊണ്ട്, ഇമാം ഹസൻ(റ)ന്റെ കാലത്ത് മുസ്‌ലിം ജനസാമാന്യം പരിപൂർണ്ണ മുഅ്മിൻ ആയിരുന്നില്ലെന്നും ഖിലാഫത്തിനെ നിലനിറുത്തുന്നതിനായി ചെയ്യേണ്ട യഥാർത്ഥ പരിശ്രമം അവർ ഉപേക്ഷിക്കുകയും ചെയ്ത കാരണത്താൽ അല്ലാഹു ഈ അനുഗ്രഹത്തെ തിരിച്ചെടുത്തുകളഞ്ഞെന്ന് നമുക്ക് പറയാം. ഖിലാഫത്ത് അവസാനിച്ചുപോയിട്ടുകൂടി വിശുദ്ധഖുർആന്റെ സത്യത നിലനിൽക്കുന്നു. അതൊരിക്കലും കളവാകില്ല. മേലിലും അതങ്ങനെത്തന്നെയായിരിക്കും. അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിലുള്ള വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുകയും അതിന്റെ നിലനില്പിനായി ശരിയായ പ്രയത്നം ചെയ്തുകൊണ്ടിരിക്കുകയും ചെയ്താൽ ഖിയാമത്തുവരെ ഖിലാഫത്ത് നിലനില്ക്കുന്നതാണ്. ക്രിസ്ത്യാനികളുടെ ഇടയിൽ മാർപ്പാപ്പ മുഖേന- അത് വികൃതമായിട്ടുണ്ടെങ്കിൽപോലും- ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ക്രിസ്ത്യാനികളിൽ നിലനിൽക്കുന്ന ഈ നേതൃത്വം വികൃതമായതുകൊണ്ട് അത് അഹ്മദിയ്യത്തിന് ബാധകമായിരിക്കില്ല എന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നതാണ്.

ചുരുക്കത്തിൽ ജമാഅത്തിന്നിടയിൽ പൊട്ടിപ്പുറപ്പെട്ട ഈ കുഴപ്പംകൊണ്ട്, ശയ്ത്താൻ ഇനിയും നിരാശനായിത്തീർന്നിട്ടില്ലെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ശയ്ത്താൻ ആദ്യം പൈഗാമി സംഘത്തെ രൂപീകരിച്ചു. നാല്പത്തിരണ്ട് വർഷങ്ങൾക്കുശേഷം നിർജ്ജീവമായിക്കിടന്ന സംഘം ഇളകാൻ തുടങ്ങിയിരിക്കുന്നു. അങ്ങനെ അവർ മൗലവി അബ്ദുൽ മന്നാൻ, അബ്ദുൽ വഹാബ് എന്നിവർക്ക് പിന്തുണ നൽകിക്കൊണ്ട് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. അക്കൂട്ടരിൽപെട്ട മുഹമ്മദ് ഹുസൈൻ ചീമ എന്നൊരാൾ പ്രസിദ്ധം ചെയ്ത ഈ ലേഖനത്തിൽ ഇങ്ങനെ എഴുതി, ''ഞങ്ങളുടെ സംവിധാനവും സ്റ്റേജും ഞങ്ങളും ജമാഅത്തും നിങ്ങളെ സഹായിക്കാൻ തയ്യാറാണ്. ഭേഷ്. ധൈര്യത്തോടെ ഉറച്ചുനില്ക്കുവിൻ. മിർസാ മഹ്മൂദിന് കീഴ്പ്പെടരുത്. അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ മറയെ പിച്ചിച്ചീന്തുവിൻ. ഞങ്ങളുടെ സഹായം നിങ്ങളോടൊപ്പമായിരിക്കും.'' മൗലവി മുഹമ്മദലി സാഹിബിനെ നിങ്ങൾ എന്ത് സഹായമാണ് ചെയ്തതെന്ന് ആരെങ്കിലും അവരോട് ചോദിച്ചിരുന്നെങ്കിൽ നിങ്ങളുടെ നേതാക്കന്മാരായിരുന്ന മൗലവി മുഹമ്മദലി സാഹിബിനും ഖാജാകമാലുദ്ദീൻ സാഹിബിനും ഇതിനുമുമ്പ് നിങ്ങൾ എന്ത് സഹായമാണ് ചെയ്തത്- ചുരുക്കത്തിൽ ഇതെല്ലാം വെറും വിടുവായിത്തമാണ്. ഇവയെല്ലാം നമ്മെ ഉണർത്തുവാനുള്ള പ്രശ്നങ്ങളാണ്. ഖിലാഫത്ത് സ്ഥാപിതമായിക്കഴിഞ്ഞു, അതുകൊണ്ട് നിങ്ങൾ സംതൃപ്തിയടയരുതെന്നാണ് അല്ലാഹു നമ്മോട് പറയുന്നത്. നിങ്ങളുടെ കാലത്തും വിദ്രോഹങ്ങൾ തലപൊക്കുന്നതാണ്. ഇസ്‌ലാമിന്റെ പ്രാരംഭകാലത്തും വിദ്രോഹങ്ങൾ തലപൊക്കിയിരുന്നു. ആകയാൽ ഖിലാഫത്തിനെ സുഗമമായ രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുക. രണ്ടോ മൂന്നോ വിടുവായന്മാർ ഒന്നിച്ചുകൂടി ഏതെങ്കിലുമൊരാളുടെ കൈയിൽ ബയ്അത്ത് ചെയ്തുകൊണ്ട് അയാളെ ഖലീഫയായി നിശ്ചയിച്ചിരിക്കുന്നു എന്നു പറയാനിടയാകരുത്. ആയതുകൊണ്ട് മജ്‌ലിസ്ശൂറ ഖലീഫയെ തിരഞ്ഞെടുക്കുക എന്ന

ചട്ടത്തെ ഞാൻ റദ്ദ് ചെയ്തുകൊണ്ട് ഇസ്‌ലാമിക രീതിയിലുള്ള ഖിലാഫത്ത് തിരഞ്ഞെടുപ്പിന് ഞാൻ രൂപം നല്കുന്നു.

ഭാവിയിൽ ഖിലാഫത്ത് തിരഞ്ഞെടുപ്പിനുള്ള അവസരം വരുമ്പോഴെല്ലാം സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നാസിർമാർ, മെമ്പർമാർ, തഹ്‌രീകെ ജദീദിന്റെ വക്കീൽമാർ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലെ അംഗങ്ങൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബത്ത് (ഇത് പുനഃപരിശോധനാവസരത്തിൽ ചില സ്നേഹിതന്മാരുടെ അഭിപ്രായപ്രകാരം വർദ്ധിപ്പിച്ചതാണ്. ആരാണ് സ്വഹാബത്ത് എന്ന് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ശരിക്കും പരിശോധിച്ച് സ്വഹാബിയ്യത്തിനുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്) പ്രിൻസിപ്പാൾ ജാമിഅത്തുൽ മുബശ്ശിരീൻ, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ, ജമാഅത്തിന്റെ മുഫ്തി, പഞ്ചാബിലേയും സിന്ധിലേയും ജില്ലാ അമീർമാർ, പശ്ചിമ പാക്കിസ്ഥാനിലേയും കറാച്ചിയിലേയും അമീർമാർ, പൂർവ്വപാക്കിസ്ഥാനിലെ അമീർ എന്നിവർ ചേർന്ന് ഖലീഫയുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

കൂടാതെ തിരഞ്ഞെടുപ്പ് നിയമം പുനഃപരിശോധിച്ചപ്പോൾ മറ്റൊരു സംഗതികൂടി പ്രസ്തുത ചട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അതായത്, ഏതെങ്കിലും ഒരു ജില്ലയുടെ അമീറായി രണ്ട് പ്രാവശ്യം നിയമിക്കപ്പെട്ട പൂർവ്വഅമീർമാർ- ഖിലാഫത്ത് തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ അവരുടെ അവശതയോ മറ്റു വിഹിതമായ കാരണത്താലോ, അമീർ അല്ലെങ്കിൽ പോലും- അവർ തിരഞ്ഞെടുപ്പിന്നധികാരപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെടേണ്ടതാണ്. അതേപ്രകാരം, ഒരുകൊല്ലമെങ്കിലും വിദേശത്ത് മുബല്ലിഗായി പ്രവർത്തിച്ച് മടങ്ങിവന്നിട്ടുള്ളവരും- അതിനുശേഷം അവരെക്കുറിച്ച് കേന്ദ്രത്തിന് ഒരാക്ഷേപവും ഇല്ലെങ്കിൽ- അവരേയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇങ്ങനെയുള്ള മുബല്ലിഗുമാരുടെ ലിസ്റ്റ് തയ്യാറാക്കേണ്ട ജോലി തഹ്‌രീകെ ജദീദിന്റേതാണ്. പാക്കിസ്ഥാനിലെ ഏതെങ്കിലും ജില്ലയിലോ സംസ്ഥാനത്തോ ഒരുവർഷം റഈസുൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചവരും ഈ ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്. ഇവരുടെ വിവരം നൽകേണ്ടത് സദ്ർ അഞ്ചുമൻ അഹ്മദിയ്യയാണ്. ഇവരെല്ലാം ആ അവസരത്തിൽ എത്തിച്ചേർന്നാൽ മാത്രമേ തിരഞ്ഞെടുപ്പ് കമ്മറ്റിയിൽ ഉൾപ്പെടുത്തുകയുള്ളൂ.

എല്ലാവരും തദവസരത്തിൽ എത്തിച്ചേരുന്നതിനായി മജ്‌ലിസ് ശൂറാ സെക്രട്ടറി രാജ്യത്തിലൊട്ടാകെ വിവരം എത്തിക്കേണ്ടതാണ്. ഈ അറിയിപ്പിനുശേഷം ആർക്കെങ്കിലും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതവരുടെ കുറ്റമായിരിക്കും. അവരുടെ അസാന്നിധ്യം ഖിലാഫത്ത് തിരഞ്ഞെടുപ്പിനെ ബാധിക്കുന്നതല്ല. അവരെ കൊണ്ടുവരുന്ന ജോലി സെക്രട്ടറി ശൂറായുടേതല്ല. അദ്ദേഹത്തിന്റെ ജോലി വിജ്ഞാപനം പ്രസിദ്ധീകരിക്കുക എന്നതാണ്. ഞാൻ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറിശൂറ അറിയിച്ചാൽ തിരഞ്ഞെടുപ്പ് സാധുവായി അംഗീകരിക്കപ്പെടുന്നതാണ്. ഞങ്ങൾക്ക് അറിയിപ്പ് ലഭിച്ചിരുന്നില്ലെന്ന് വല്ലവരും പറഞ്ഞാൽതന്നെ അത് സ്വീകരിക്കപ്പെടുന്നതല്ല. ബാഹ്യനിയമപ്രകാരമോ ശറഇയായ നിയമപ്രകാരമോ അത് അസ്വീകാര്യമായിരിക്കും. എല്ലാവരും ചേർന്നുകൊണ്ട് എടുക്കുന്ന തീരുമാനം ജമാഅത്ത് മുഴുവനും സ്വീകരിക്കേണ്ടതാണ്. ജമാഅത്തിൽനിന്ന് ആരെങ്കിലും ഈ തീരുമാനത്തിന് വിരോധം പറയുന്നുവെങ്കിൽ അയാൾ അതിർലംഘിക്കുന്നവനായിരിക്കും. ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടക്കുമ്പോൾ പ്രസ്തുത ചട്ടമനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഖലീഫ ആരായിരുന്നാലും അദ്ദേഹത്തിന് ഞാൻ ഇപ്പോഴെ ഒരു സുവാർത്ത നൽകിക്കൊള്ളുന്നു. ഈ നിയമപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ആൾക്ക് അല്ലാഹുവിന്റെ സഹായമുണ്ടായിരിക്കുകയും അദ്ദേഹത്തിന്നെതിരെ തിരിയുന്നവർ വലിയവരാകട്ടെ, ചെറിയവരാകട്ടെ നിന്ദ്യതയിൽ ആപതിക്കുകയും ചെയ്യുന്നതാണ്. എന്തെന്നാൽ, അങ്ങനെയുള്ള ഖലീഫ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)ന്റെയും പ്രവചനമായ ഇസ്‌ലാമിക ഖിലാഫത്ത് എന്നും നിലനിൽക്കുമെന്നതിനെ പൂർത്തിയാക്കാനായി പരിശ്രമിക്കുന്ന ആളായിരിക്കും. അദ്ദേഹം വിശുദ്ധഖുർആന്റെയും തിരുനബി(സ)ന്റെയും വാഗ്ദത്ത മസീഹ്(അ)ന്റെയും വാക്കുകളെ നിവർത്തിക്കാനായിട്ട് എഴുന്നേൽക്കുന്നതു കാരണം അദ്ദേഹത്തിന് ഭയപ്പെടേണ്ട കാര്യമേയില്ല.

ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ജമാഅത്തിലെ വലിയ വലിയ നേതാക്കന്മാരെല്ലാം എന്റെ എതിരാളികളായി മാറി. ഖജനാവിലാണെങ്കിൽ വെറും പതിനെട്ടണയും. ഈ പതിനെട്ടണകൊണ്ട് നിങ്ങൾക്ക് ഒരുനേരത്തെ പ്രാതൽപോലും വാങ്ങിത്തരാൻ സാധിക്കുമോ? എന്നാൽ, പിന്നീട് സർവ്വോന്നതനായ ദൈവം നിങ്ങളെ എല്ലാവരേയും എന്റെ അടുക്കൽ ഒരുമിച്ചുകൂട്ടുകയുണ്ടായി. അന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ കേന്ദ്രത്തിൽ ഒരുമിച്ചു കൂടിയിരുന്നവർ 1200 പേർ ആണെങ്കിൽ ഇന്നത്തെ ഈ സമ്മേളനത്തിൽ റബ്‌വയിലുള്ളവരുൾപ്പെടെ പുരുഷന്മാരും സ്ത്രീകളുമടക്കം അമ്പത്തിയയ്യായിരം പേരാണ് ഒരുമിച്ചു കൂടിയിരിക്കുന്നത്. നാപ്പത്തിമൂവായിരം അതിഥികൾക്കാണ് ഇന്ന് ഭക്ഷണം വിളമ്പിയത്. അതോടൊപ്പം റബ്‌വയിലുള്ള

12,000 പേരെയും കൂട്ടിയാൽ അമ്പത്തിയയ്യായിരം വരും. ഇപ്പോൾ ഇവിടെ പുരുഷന്മാരുടേയും സ്ത്രീകളുടേയും മൊത്തം എണ്ണം അമ്പത്തിയയ്യായിരമാണ്. അന്ന് 1200 മാത്രം. ഈ 55000 പേർ എവിടെനിന്നാണ് വന്നത്? അല്ലാഹുതന്നെയാണ് കൊണ്ടുവന്നത്. അതുകൊണ്ട് അല്ലാഹു ആരെയാണോ മൂന്നാമത്തെ ഖലീഫയാക്കുന്നത് അദ്ദേഹത്തിന് ഇപ്പോൾതന്നെ ഞാൻ സുവിശേഷം നൽകുകയാണ്. അദ്ദേഹം സർവ്വോന്നതനായ ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ സ്ഥാനത്ത് ഉവിഷ്ഠനാവുകയാണെങ്കിൽ അദ്ദേഹത്തോട് മന്നാനോ വഹ്ഹാബ് പ്രഭൃതകളോ പൈഗാമികളോ അതല്ല ലോകത്തുള്ള ഭൗതിക ഭരണകൂടങ്ങൾ തന്നെയോ ഏറ്റുമുട്ടിയാലും അവയെല്ലാം തകർന്ന് തരിപ്പണമാകുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന് ഹദ്റത്ത് ഖലീഫ ഒന്നാമ(റ)ന്റെ മക്കളുമായി പ്രത്യേക ബന്ധമൊന്നുമില്ല. അഹ്മദിയ്യാ ജമാഅത്തിന് അല്ലാഹുവിന്റെ ഖിലാഫത്തുമായാണ് ബന്ധമുള്ളത്. അത് ദൈവത്തിന്റെ ഖിലാഫത്തിന് മുമ്പിലും പിമ്പിലും നിന്ന് പൊരുതുന്നതാണ്. ഖിലാഫത്തിന്നെതിരിലുള്ള ലോകത്തെയാതൊരു വിദ്രോഹിയേയും ഖിലാഫത്തിന്റെ അടുത്തുവരാൻപോലും അനുവദിക്കുകയില്ല.

നോക്കുക, അബ്ദുൽ മന്നാൻ അഹ്റാരികളോട് ചേർന്നുകൊണ്ട് ഖാദിയാനിലെ വാർത്തകൾ അവർക്ക് എത്തിച്ചുകൊടുക്കാറുണ്ടായിരുന്നു എന്നതിനെക്കുറിച്ച് സാക്ഷ്യങ്ങൾ നിങ്ങൾ ഗ്രഹിച്ചുവല്ലോ. പിന്നെ ഈ കക്ഷിക്ക് പൈഗാമികളുമായി എങ്ങനെയുള്ള ബന്ധമാണുള്ളതെന്നും നിങ്ങൾ അറിഞ്ഞല്ലോ. അവരുടെ കുതന്ത്രങ്ങൾ ഫലപ്രദമായിരുന്നുവെങ്കിൽ 42 വർഷത്തെ അനുസ്യൂത സമരത്തിനുശേഷം നിങ്ങൾ അഹ്റാരികളുടേയും പൈഗാമികളുടേയും അധീനത്തിൽ വന്നുപോകുമായിരുന്നു. നിങ്ങൾ ഇതിനെ വളരെ നിസ്സാരമായി കാണുന്നു. ഇത് നിസ്സാര കാര്യമല്ല. വളരെ ഗൗരവമേറിയ കാര്യമാണ്. അവരുടെ പദ്ധതി കുറിക്കുകൊണ്ടിരുന്നെങ്കിൽ അഹ്മദിയ്യാ ജമാഅത്തിൽ ബയ്അത്ത് ചെയ്തവർ ഛിന്നഭിന്നമാവുകയും മൗലവി സദ്റുദ്ദീൻ, അബ്ദുർറഹ്മാൻ മിസ്രി, മൗലവി ദാവൂദ് അസ്നവി അത്വാഉല്ലാഹ് ശാഹ് ബുഖാരി എന്നിവർ അവരുടെ നേതാക്കന്മാരും ആകുമായിരുന്നേനെ. മൗലവി അത്വാഉല്ലാഹ് ശാഹ് ബുഖാരിയും ദാവൂദ് അസ്നവിയും നിങ്ങളുടെ ലീഡർമാർ ആയിരുന്നെങ്കിൽ നിങ്ങൾക്ക് ലോകത്ത് നിൽക്കക്കള്ളിയുണ്ടാകുമായിരുന്നോ? ബയ്അത്ത് ചെയ്തമുബായിഈനിൽനിന്ന് ഒരു ഖലീഫ ഉണ്ടായാൽ മാത്രമെ നിങ്ങൾക്ക് ഭൂമുഖത്ത് നിലനിൽപ്പുണ്ടാവുകയുള്ളൂ. വിശുദ്ധഖുർആൻ ഈ നേതൃത്വത്തിനുള്ള നിബന്ധന വെച്ചിരിക്കുന്നത് 'മിൻകും' ബയ്അത്ത് ചെയ്തവരിൽനിന്ന് എന്നാണ്. അങ്ങനെയുള്ളവരിൽ ഒരു പൈഗാമിയുടെയോ അഹ്റാരിയുടെയോ ഒരു സ്വാധീനവും ഉണ്ടായിരിക്കുകയില്ല. അങ്ങനെ സ്വാധീനം ഉണ്ടെങ്കിൽ അത് മിൻകും എന്ന് പറഞ്ഞ കൂട്ടരിൽനിന്നുള്ള ആളായിരിക്കില്ല. അവർ യഥാർത്ഥ ഖലീഫയും ആയിരിക്കില്ല.

അതുകൊണ്ട് തിരഞ്ഞെടുപ്പിനുള്ള സമയം വന്നാൽ, കാരണം ഓരോ മനുഷ്യനും അവന്റെ മരണസമയം വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മരണത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകിയിരുന്നതായി ഞാൻ കേൾപ്പിക്കുകയുണ്ടായി. മരണവാർത്ത കേൾപ്പിച്ചുകൊണ്ട് പറഞ്ഞത് 'നിങ്ങൾ പരിഭ്രമിക്കരുത്' എന്നാണ്. കാരണം അല്ലാഹു രണ്ടാം ദിവ്യശക്തി വെളിപ്പെടുത്തുന്നതാണ്, അതുപോലെ ഇനി അല്ലാഹു രണ്ടാം ദിവ്യശക്തിയുടെ മൂന്നാമത്തെ പ്രകടനം വെളിപ്പെടുത്താൻ ഉദ്ദേശിച്ചാൽ അത് ആരാലും തടുത്തുനിറുത്താൻ സാധ്യമല്ല. ഓരോ മനുഷ്യനും അവസാനം മരിക്കും. എന്നാൽ, സാത്താന്റെ തല ഇനിയും ചതഞ്ഞിട്ടില്ലെന്നും ആ സത്വം നിങ്ങളിൽ പ്രവേശിക്കാൻ ആശയോടുകൂടി കാത്തിരിക്കുകയാണെന്നും ഞാൻ നിങ്ങളോട് പറഞ്ഞിരുന്നല്ലൊ. പൈഗാമെ സുൽഹ് എന്ന (ലാഹോരി) പത്രത്തിന്റെ പിന്തുണയും മുഹമ്മദ് ഹുസൈൻ ചീമയുടെ ലേഖനവും പറഞ്ഞുതരുന്നത് അടിച്ചുകൊന്ന സർപ്പത്തിന്റെ വാൽ ഇപ്പോഴും ഇളകിക്കൊണ്ടിരിക്കുന്നു എന്നാണ്. അതിനാൽ, ആ സത്യത്തെ നൈരാശ്യപ്പെടുത്തുന്നതിനായി ഭാവിയിൽ ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടക്കുമ്പോൾ മുൽത്താൻ, കറാച്ചി, ഹൈദരബാദ്, ക്വറ്റ, പിശാവർ തുടങ്ങിയ എല്ലാ സ്ഥലങ്ങളിൽനിന്നുമുള്ള അഞ്ഞൂറിലധികം പ്രതിനിധികൾ വന്നുചേരണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞുകൊണ്ട്, അതിനുപകരം മുൻപ്രസ്താവിച്ച പ്രകാരം സദ്ർ അഞ്ചുമന്റെ നാസിർമാർ, തഹ്രീക്കെ ജദീദിന്റെ വക്കീലുമാർ മറ്റു നിർദ്ദിഷ്ട വ്യക്തികളും (അവർ ആ സമയത്ത് അവിടെ സന്നിഹിതരാണെങ്കിൽ) ഒന്നിച്ചാലോചന ചെയ്ത് ഖലീഫയെ തിരഞ്ഞെടുക്കുകയും അനന്തരം ജമാഅത്തിലൊട്ടാകെ ആ തീരുമാനം പ്രഖ്യാപിക്കുകയും ജമാഅത്ത് ആ ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്യേണ്ടതാണെന്നും ഞാൻ തീരുമാനിക്കുന്നു. ഇങ്ങനെ അല്ലാഹുവാണ് ഖലീഫയെ നിയമിക്കുന്നതെന്നും അത് മുഅ്മിനീങ്ങളുടെ കരങ്ങളാലാണ് നടത്തുക എന്നുമുള്ള കാര്യങ്ങൾ സ്പഷ്ടമാകുന്നതുമാണ്.

(തുടരും)

ലേഖനം

ഇബ്നു മുഹമ്മദ്

# വാഗ്ദത്ത മസീഹിന് നൽകപ്പെട്ട സവിശേഷ അനുഗ്രഹങ്ങൾ

നബി(സ) തിരുമേനിയുടെ ശിഷ്യപ്രവാചകനും വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദീ മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് അല്ലാഹു സവിശേഷ മായ നിരവധി അനുഗ്രഹങ്ങൾ നൽകുകയുണ്ടായി. എല്ലാ കാലത്തും അല്ലാഹു തന്റെ ദൂതന്മാർക്ക് അനു ഗ്രഹങ്ങൾ നൽകിപ്പോന്നിട്ടുണ്ട്. അത്തരം അനുഗ്രഹ ങ്ങൾ കൊണ്ടുമാത്രമാണ് കഠിനമായ എതിർപ്പുകളെ അതിജീവിക്കാനും തങ്ങളുടെ ദൗത്യം വിജയിപ്പിക്കാനും നബിമാർക്കായത്. ഏറ്റവും കൂടുതൽ എതിർപ്പുകൾ നേരിടേണ്ടിവന്ന ഖാത്തമുൽ അമ്പിയാ മുഹമ്മദ്(സ) തിരുമേനിക്കായിരുന്നു ഏറ്റവും കൂടുതൽ അനുഗ്ര ഹങ്ങൾ ഇറക്കപ്പെട്ടതും.

അല്ലാഹു തന്റെ വരിഷ്ടദാസർക്ക് നൽകിപ്പോന്നി രുന്ന അനുഗ്രഹങ്ങൾ ഇപ്പോഴും തുടരുന്നു എന്ന തിന്റെ ഈ കാലഘട്ടത്തിലെ ഉദാഹരണമാണ് മസീഹ് മൗഊദ്(അ). തനിക്ക് സവിശേഷമായ പത്ത് അനു ഗ്രഹങ്ങൾ അല്ലാഹു നൽകിയിട്ടുണ്ടെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. ഈ സവിശേഷ അനുഗ്രഹങ്ങൾ എത്തരത്തിലായിരുന്നു ഇറക്കപ്പെട്ടത് എന്നതിന് അദ്ദേ ഹത്തിന്റെ ജീവിതത്തിലെ നിരവധി സംഭവങ്ങൾ സാക്ഷ്യമാണ്. അദ്ദേഹം പറഞ്ഞ പ്രസ്തുത പത്ത് അനുഗ്രഹങ്ങൾ ഇവയാണ്.

1. വിശുദ്ധഖുർആൻ യഥാർത്ഥരീതിയിൽ ഗ്രഹി ക്കുന്നതിന് അല്ലാഹു എന്നെ അനുഗ്രഹിച്ചിരിക്കുന്നു.

2. വിശുദ്ധഖുർആന്റെ ഭാഷ അത്യത്ഭുതമായ തര ത്തിൽ അല്ലാഹു എന്നെ പഠിപ്പിച്ചിരിക്കുന്നു.

3. ഈ കാലഘട്ടത്തിൽ മറ്റേതൊരാളുടേയും പ്രാർത്ഥനകൾ സ്വീകരിക്കുന്നതിനേക്കാളേറെ അല്ലാഹു എന്റെ പ്രാർത്ഥനകൾക്ക് സ്വീകാര്യത നൽകിയിരിക്കുന്നു.

4. സ്വർഗ്ഗീയമായ അടയാളങ്ങളാൽ അല്ലാഹു വിനെ പിന്തുണച്ചിരിക്കുന്നു.

5. ഭൂമിയിൽനിന്നുള്ള അടയാളങ്ങളാൽ അല്ലാഹു എന്നെ അനുഗ്രഹിച്ചിരിക്കുന്നു.

6. എന്നെ എതിർക്കാനായി മുന്നോട്ടു വരുന്നവ രുടെമേൽ ഞാൻ വിജയിക്കുമെന്ന് അല്ലാഹു എനിക്ക് വാഗ്ദാനം നൽകിയിരിക്കുന്നു.

7. ശക്തമായ സത്യവാദങ്ങൾകൊണ്ട് എന്റെ അനുയായികൾ മറ്റുള്ളവരുടെമേൽ വിജയിക്കു മെന്നും അവരും അവരുടെ സന്താനങ്ങളും ബഹു മാനിതരാകുമെന്നും അതിലൂടെ ദൈവവഴിയിൽ നില കൊണ്ടതുകൊണ്ട് യാതൊരു നഷ്ടവും ഉണ്ടാവുകയി ല്ലെന്ന് അവർ മനസ്സിലാക്കുമെന്നും അല്ലാഹു എനിക്ക് സുവാർത്ത നൽകിയിരിക്കുന്നു.

(8) എന്റെ വസ്ത്രത്തിൽനിന്നും രാജാക്കന്മാർ പോലും അനുഗ്രഹം തേടുമാറ് എന്നിലിറങ്ങുന്ന അനു ഗ്രഹങ്ങൾ സ്പഷ്ടമായ രീതിയിൽ അന്ത്യനാൾവരെ തുടർന്നുപോകുമെന്ന് അല്ലാഹു എനിക്ക് വാഗ്ദാനം നൽകിയിരിക്കുന്നു.

(9) ജനങ്ങൾ എന്നെ സ്വീകരിക്കാതെ തള്ളിപ്പറ ഞ്ഞാലും അല്ലാഹു എന്നെ സ്വീകരിക്കുകയും ശക്ത മായ തെളിവുകളാൽ എന്റെ സത്യത വെളിപ്പെടുത്തി ക്കൊണ്ടിരിക്കുമെന്നും അല്ലാഹു എന്നെ അറിയിച്ചിരി ക്കുന്നു.

10. എന്നിലൂടെ വെളിവാക്കപ്പെട്ട അല്ലാഹുവിന്റെ അനുഗ്രത്തിന്റെ പ്രകാശം വീണ്ടും പ്രസരിപ്പിക്കുന്ന തിനായി എന്റെ സന്തതികളിൽനിന്നും ഒരാളെ ഉയർത്തുമെന്നും അവനിൽ ദൈവിക ആത്മാവ് ഊത പ്പെടുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ പരമപരിശുദ്ധനും അല്ലാഹുവുമായി അടുത്ത ബന്ധം പുലർത്തുന്നവനുമായിരിക്കും. അല്ലാഹു സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന പ്രതീതിയുളവാക്കും വിധം അവനിൽ സത്യത്തിന്റെ തേജോവിലാസം പ്രക ടമായിരിക്കും.

**ഖുർആനികജ്ഞാനം നിറക്കപ്പെട്ടവൻ**

വാഗ്ദത്ത മസീഹ്(അ)ന് തന്റെ കുട്ടിക്കാലത്ത് മദ്രസാവിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ദീനീബോധമുള്ള കുടുംബമായതിനാൽ ഖുർആൻ പഠനത്തിനുള്ള സംവിധാനം വീട്ടിൽ ചെയ്യുകയാണുണ്ടായത്. മൗലവി ഫസൽ ഇലാഹിയിൽനിന്നും വിശുദ്ധഖുർആൻ ഓതി പ്പഠിച്ചു. പക്ഷേ, ചെറുപ്പം മുതൽതന്നെ വിശുദ്ധഖുർ ആനുമായി അഗാധബന്ധമാണ് അദ്ദേഹം പുലർത്തി വന്നത്. എന്നും ഖുർആൻ പാരായണത്തിനും അതിനെ സംബന്ധിച്ച ചിന്തകൾക്കുമായി കുറേസമയം അദ്ദേഹം മാറ്റിവയ്ക്കാൻ തയ്യാറായി. ഈ കാലഘട്ടത്തിൽ ഖുർആൻ വ്യാഖ്യാനിക്കാനുള്ള ദൗത്യം അല്ലാഹു ഏല്പിച്ചത് വാഗ്ദത്ത മസീഹ്(അ)നെയാണ്. അതു കൊണ്ടുതന്നെ അല്ലാഹു അദ്ദേഹത്തിന് വിശുദ്ധഖുർ ആൻ പഠിപ്പിച്ചു. വിശുദ്ധഖുർആന്റെ തത്വരഹസ്യങ്ങൾ മുസ്ലിംകൾ മറന്നുകഴിഞ്ഞ കാലത്താണ് വാഗ്ദത്ത മസീഹ്(അ) കടന്നുവരുന്നത്. ഹദ്റത്ത് അഹ്മദ്(അ) ന്റെ യുവത്വകാലത്ത് ഇസ്ലാമിന്റെയും മുസ്ലിംകളു ടെയും അവസ്ഥ അതീവശോചനീയമായിരുന്നു. ഖുർ ആന്റെ ആന്തരാർത്ഥങ്ങളിലേക്ക് കടന്നുചെല്ലാനാ

കാതെ അക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാർ ഉഴലുകയായിരുന്നു. ഖുർആനിക വചനങ്ങൾക്ക് തങ്ങൾക്കനുയോജ്യമായ വിധത്തിൽ അർത്ഥം നൽകി ഇസ്‌ലാമിനെ വെല്ലുവിളിച്ചു നടക്കുകയായിരുന്നു ക്രിസ്തീയ പുരോഹിതർ. അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകാനാകാതെ മുസ്‌ലിം പണ്ഡിതന്മാർ പതറുകയായിരുന്നു. പണ്ഡിതന്മാരടക്കം നിരവധി മുസ്‌ലിംകൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുക പോലുമുണ്ടായി. തങ്ങളുടെ പ്രവാചകൻ യേശു ക്രിസ്തു മരിക്കാതെ സ്ഥൂലദേഹത്തോടെ ആകാശത്തിലുണ്ടെന്നും മുസ്‌ലിംകളുടെ പ്രവാചകൻ മുഹമ്മദ്(സ) മരിച്ചുപോയെന്നും അതിനാൽ ക്രിസ്തുവിനാണ് പ്രാധാന്യമെന്നും അവർക്ക് പ്രചരിപ്പിക്കാനായി. അക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാരുടെ വികലമായ ഖുർആനിക വ്യാഖ്യാനങ്ങൾ തന്നെയാണ് അവരെ അതിന് സഹായിച്ചത്. ഇസ്‌ലാമിന്റെ ഈ ശോചനീയാവസ്ഥയിൽ അതീവദുഃഖിതനായ ഹദ്റത്ത് അഹ്മദ്(അ) തന്റെ നാഥനോട് മനമുരുകി പ്രാർത്ഥിച്ചു. ഇസ്‌ലാമിനുവേണ്ടി, അതിന്റെ വിജയത്തിനുവേണ്ടി അദ്ദേഹം അല്ലാഹുവിനോട് അപേക്ഷിച്ചു. അല്ലാഹു ഈ ദൗത്യം അദ്ദേഹത്തെത്തന്നെ ഏല്പിച്ചു. അതിന്നായി മദ്രസ വിദ്യാഭ്യാസംപോലും ലഭിക്കാതിരുന്ന ഹദ്റത്ത് അഹ്മദ്(അ)ന് വിശുദ്ധഖുർആന്റെ യഥാർത്ഥ പാഠം അല്ലാഹു നൽകി. അതോടെ ഇസ്‌ലാമിന്റെ എതിരാളികൾക്ക് വായടപ്പൻ മറുപടി ലഭ്യമായിത്തുടങ്ങി. ഖുർആന്റെ പാഠം ആവാഹിച്ചെടുത്ത് അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്താനാരംഭിച്ചതോടെ ഇസ്‌ലാമിന്റെ വീരപോരാളി എന്നദ്ദേഹം അറിയപ്പെട്ടു തുടങ്ങി. ആക്ഷേപത്തിന് കുറിമാനമായ ഇസ്‌ലാമിന്റെ യഥാർത്ഥ തത്വങ്ങൾ അദ്ദേഹത്തിൽ നിന്നു നിരന്തരം പ്രവഹിക്കാനാരംഭിച്ചതോടെ ക്രിസ്തീയ, ആര്യ മതപണ്ഡിതർ പതറാൻ തുടങ്ങി. ഇസ്‌ലാമിന്റെയും വിശുദ്ധഖുർആന്റെയും സത്യത വെളിപ്പെടുത്തിക്കൊണ്ടുള്ള ബൃഹത്ഗ്രന്ഥം ബറാഹീനെ അഹ്മദിയ്യാ പുറത്തിറക്കിയതോടെ അദ്ദേഹത്തിന് നൽകപ്പെട്ട ഖുർആനിക ജ്ഞാനത്തിന്റെ ആഴം ലോകം കണ്ടു. അതോടെ അദ്ദേഹം അക്കാലത്തെ മുസ്‌ലിം പണ്ഡിതലോകത്തിന്റെ സ്നേഹഭാജനമായി മാറി. ഇത് അദ്ദേഹം മസീഹ്‌വാദം പുറപ്പെടുവിക്കുന്നതുവരെ തുടർന്നു. വാദത്തിനുശേഷമാണ് അദ്ദേഹം അവർക്ക് അനഭിമതനായത്.

അല്ലാഹു അദ്ദേഹത്തിന് നൽകിയ ഖുർആനിക പാഠങ്ങളുടെ അടിസ്ഥാനത്തിൽ വിപ്ലവാത്മകമായ നിരവധി സിദ്ധാന്തങ്ങൾ അദ്ദേഹത്തിൽനിന്നും പുറത്തുവരികയുണ്ടായി. നിലവിലുള്ള പല മിഥ്യാധാരണകളും മാറ്റിമറിച്ച സിദ്ധാന്തങ്ങളാണ് അദ്ദേഹം ഇത്തരത്തിൽ ലോകത്തിന്റെ മുന്നിലവതരിപ്പിച്ചത്. ഈസാനബിയെ കുറിച്ചുള്ളതായിരുന്നു വിഖ്യാതമായ ഒരു സിദ്ധാന്തം. അതുവരെ ക്രിസ്തീയരെപ്പോലെ മുസ്‌ലിംകളും ഈസാനബി(അ) മരിക്കാതെ ആകാശത്തിലുണ്ടെന്നാണ് വിശ്വസിച്ചുപോന്നത്. ക്രിസ്തുമതത്തിന്റെയും ഭൂരിപക്ഷ മുസ്‌ലിംകളുടെയും വിശ്വാസത്തിന്റെ അടിവേരറുത്ത ഈ സിദ്ധാന്തം ഇന്ന് മതലോകവും ശാസ്ത്രലോകവും ഗവേഷണ വിഷയമാക്കിയിരിക്കുകയാണ്. എല്ലാ ഗവേഷണങ്ങളുടെയും ഫലം വാഗ്ദത്ത മസീഹ്(അ) മുന്നോട്ടുവെച്ച സിദ്ധാന്തം സത്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണിന്ന്.

വിശുദ്ധഖുർആനിൽനിന്നും തെളിവുകളോടെ ജിഹാദിന് അദ്ദേഹം യഥാർത്ഥ അർത്ഥം നൽകി. ആയുധമേന്തിയ ജിഹാദിന്റെ പ്രസക്തി ഇപ്പോഴില്ലെന്നും ഇന്നത് നടത്തേണ്ടത് നാവ്കൊണ്ടും തൂലികകൊണ്ടുമാണെന്നും അദ്ദേഹം സ്ഥാപിച്ചു. മുസ്‌ലിം പണ്ഡിതർ അദ്ദേഹത്തിന്നെതിരായി തിരിഞ്ഞെങ്കിലും ഇന്നവർ വാഗ്ദത്ത മസീഹിന്റെ പാഠത്തോടടുത്തുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ ഭാഷണം നിലച്ചുപോയിട്ടില്ലെന്നും അറബി സകല ഭാഷകളുടെയും മാതാവാണെന്നും അദ്ദേഹം ഖുർആന്റെ അടിസ്ഥാനത്തിൽ സമർത്ഥിച്ചു. ചുരുക്കത്തിൽ അല്ലാഹു അദ്ദേഹത്തിന് നൽകിയ ഒരു സവിശേഷ അനുഗ്രഹം കാരണമായാണ് അദ്ദേഹത്തിനിത് സാധ്യമായത്.

**അറബിഭാഷാ പണ്ഡിതൻ**

വിശുദ്ധഖുർആന്റെ ഭാഷയാണ് അറബിഭാഷ. അത് ദൈവികഭാഷയുമാണ്. ഈ ഭാഷ അത്ഭുതകരമായ രീതിയിൽ പഠിപ്പിച്ചുകൊണ്ട് അല്ലാഹു, തന്നെ സവിശേഷമായി അനുഗ്രഹിച്ചിരിക്കുന്നു എന്നദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അറബിഭാഷയിൽ ഒരു ബിരുദമോ പ്രത്യേകമായ അറിവോപോലും നേടിയിട്ടില്ലാത്ത ഹദ്റത്ത് അഹ്മദ്(അ) പിൽക്കാലത്ത് ലോകം മുഴുവൻ അറിയപ്പെട്ട അറബിപണ്ഡിതനായി മാറി. മൗലവി ഫസൽ അഹ്മദിൽനിന്നും അറബിയുടെ ബാലപാഠങ്ങൾ മാത്രം പഠിക്കാനുള്ള അവസരമാണ് കുട്ടിക്കാലത്ത് അദ്ദേഹത്തിന് ലഭിച്ചിരുന്നത് എന്നറിയുമ്പോഴാണ് അല്ലാഹു നൽകിയ ഈ അനുഗ്രഹത്തിന്റെ മഹത്വം മനസ്സിലാവുക. നബി(സ) തിരുമേനിയുടെ ശിഷ്യപ്രവാചകനെന്നും വിശുദ്ധഖുർആന്റെ ഈ കാലഘട്ടത്തിലെ വ്യാഖ്യാതാവെന്നും വാദിക്കുന്ന മിർസാ സാഹിബിന് അറബിഭാഷ അറിയില്ലായെന്ന് ശത്രുക്കൾ ആക്ഷേപിച്ചുപോന്നിരുന്നു. അറബി അറിയാത്ത ഉർദു മുൻഷി എന്നാണവർ അദ്ദേഹത്തെ വിളിച്ചിരുന്നത്. പക്ഷേ, അല്ലാഹു ശത്രുക്കളുടെ വായടച്ചു. മറ്റാരേയും അമ്പരപ്പിക്കുന്നതരത്തിൽ അല്ലാഹു അദ്ദേഹത്തിന് അറബിഭാഷാ പരിജ്ഞാനം നൽകി. അറബി സാഹിത്യത്തിൽ അദ്ദേഹം ഗ്രന്ഥങ്ങൾ രചിക്കുവോളം ഉയർന്നു. സൂറഃഫാതിഹായുടെ വ്യാഖ്യാന ഗ്രന്ഥമായ ഇഅ്ജാസുൽ മസീഹ് അദ്ദേഹത്തിന് നൽകപ്പെട്ട അറബി സാഹിത്യജ്ഞാനത്തിന് ഉത്തമ ഉദാഹരണമാണ്. അറബിഭാഷ അറിയാത്തവൻ എന്ന് ആക്ഷേപിച്ചവരെ വെല്ലുവിളിച്ചുകൊണ്ടാണ് ഈ രചന അദ്ദേഹം നടത്തിയത്. വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തിന്റെ ശത്രുപക്ഷത്തെ ഒരു പ്രമുഖനായ

അലിശാഹ് ഗോൾഡവിയെ വെല്ലുവിളിക്കുകയായിരുന്നു. 1900 ഡിസംബർ 15ന് മസീഹ് മൗഊദ്(അ) ഒരു വിജ്ഞാപനത്തിലൂടെ ഗോൾഡവിയെ ആഹ്വാനം ചെയ്തുകൊണ്ട് എഴുപത് ദിവസങ്ങൾക്കുള്ളിൽ സൂറഃഫാതിഹയുടെ അറബിയിലുള്ള വ്യാഖ്യാനം തയ്യാറാക്കാനും അതിൽ ആരുടെ കൃതിയാണ് മികച്ചുനിൽക്കുന്നതെന്ന് പരിശോധനാ സമിതിയുടെ തീരുമാനപ്രകാരം നിശ്ചയിക്കാമെന്നും പ്രഖ്യാപിച്ചു. മുഹമ്മദ് ഹുസൈൻ ഭട്ടാലവി ഉൾപ്പെടെയുള്ള പണ്ഡിതരെ സഹായത്തിനായി ഉപയോഗിക്കാമെന്ന് ഗോൾഡവിയോട് പറയപ്പെട്ടു. ഇതിന്റെയടിസ്ഥാനത്തിൽ മസീഹ് മൗഊദ്(അ) നിശ്ചിത ദിവസങ്ങൾക്ക് മുന്നേതന്നെ ഗ്രന്ഥം പുറത്തിറക്കി. പക്ഷേ, ശത്രുപക്ഷത്തിന് അത് സാധിച്ചില്ല. വാഗ്ദത്ത മസീഹ്(അ)ന്റെ കൃതി സാഹിത്യസമ്പുഷ്ടമെന്ന് എതിരാളികൾപോലും സമ്മതിച്ചു.

ഖുത്ബ ഇൾഹാമിയ്യയാണ് ഹദ്റത്ത് അഹ്മദ് (അ)ന് നൽകപ്പെട്ട അറബി വിജ്ഞാനത്തിന് മറ്റൊരു പ്രമാദ തെളിവ്. 1900 ഏപ്രിൽ 12-ന് മസ്ജിദ് അഖ്സയിൽവച്ച് ഒരു ഈദ് ഖുത്ബ അദ്ദേഹം അറബിയിൽ നടത്തുകയുണ്ടായി. ചരിത്രപ്രസിദ്ധമായ ഈ ഖുത്ബ നിർവ്വഹണം മുൻകൂട്ടി പ്രഖ്യാപിച്ചുകൊണ്ടാണ് നടത്തിയത്. അല്ലാഹുവിന്റെ നാവാണ് ചലിക്കുകയെന്നും അതിനാൽ വാക്കുകൾ മുഴുവനും എഴുതി രേഖപ്പെടുത്തണമെന്നും നിഷ്കർഷിച്ചിരുന്നു. ഈ ഇദ്ദിന ഖുത്ബ ഏവരേയും അത്ഭുതപ്പെടുത്തി. അറബിയിൽ യാതൊരു ഉന്നത വിദ്യാഭ്യാസവും നേടാതിരുന്ന ഒരാളിൽനിന്നും വന്ന ഈ പ്രഭാഷണത്തിനു പിന്നിൽ അല്ലാഹുതന്നെയെന്നവർക്ക് സമ്മതിക്കേണ്ടിവന്നു.

**പ്രാർത്ഥനകളുടെ സ്വീകാര്യത**

തന്റെ പ്രാർത്ഥനകൾ മറ്റാരേക്കാളും കൂടുതലായി അല്ലാഹു സ്വീകരിച്ചുകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലത്തുള്ള മുസ്‌ലിം ഉലമാക്കളുടെ വിശ്വാസം അല്ലാഹു തന്റെ ദാസരോട് സംസാരിക്കുന്നത് നിർത്തിവെച്ചിരിക്കുന്നുവെന്നാണ്. എന്നാൽ, വാഗ്ദത്ത മസീഹ്(അ) അത് തിരുത്തി. ഇസ്‌ലാമിലെ ദൈവം ജീവനുള്ള ദൈവമാണെന്നും അവൻ മുമ്പെന്നെത്തേയുംപോലെ ഇപ്പോഴും തന്റെ ദാസരോട് സംസാരിക്കുന്നുവെന്നുമുള്ള സിദ്ധാന്തം അദ്ദേഹം മുന്നോട്ടുവച്ചു. അതിന് നിരവധി തെളിവുകളും അദ്ദേഹം നൽകുകയുണ്ടായി. പ്രാർത്ഥനകൾ സ്വീകരിക്കുന്ന മഹാത്ഭുതം അദ്ദേഹം കാണിച്ചു. കാലഘട്ടത്തിലെ ഇമാമായ തന്റെ പ്രാർത്ഥനകൾക്ക് ഏറെ സ്വീകാര്യമുണ്ടെന്ന് അദ്ദേഹം ഒരു വെല്ലുവിളിയായി തന്നെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതത്തിൽ അതിനുള്ള നിരവധി ഉദാഹരണങ്ങൾ കാണാവുന്നതാണ്. ഖാദിയാനിലെ മദ്രസ്സ വിദ്യാർത്ഥിയായിരുന്ന അബ്ദുൽ കരീം എന്ന യുവാവിന് പേപ്പട്ടിയുടെ കടിയേറ്റ് ബാധിച്ച ഹൈഡ്രോഫോബിയ പ്രാർത്ഥനയിലൂടെ ശമിപ്പിച്ച സംഭവം ചരിത്രത്താളുകളിൽ ഇന്നും രേഖപ്പെട്ടുകിടക്കുന്നുണ്ട്. ശാസ്ത്രലോകത്തിന് അത്ഭുതം സമ്മാനിച്ച ഈ സംഭവം അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ സ്വീകാര്യതയ്ക്ക് ഉദാഹരണമായി കാണിക്കാവുന്നതാണ്. പ്രസ്തുത സംഭവം ഇങ്ങനെയാണ്. "ഖാദിയാനിൽനിന്നും വളരെ അകലെയുള്ള തെക്കെ ഇന്ത്യയിൽനിന്നും മദ്രസ പഠനത്തിനായി എത്തിച്ചേർന്നതായിരുന്നു അബ്ദുൽകരീം എന്ന കുട്ടി. പഠനകാലയളവിന്നിടയിൽ ആ കുട്ടിയ്ക്ക് ഭ്രാന്തൻ നായയുടെ കടിയേറ്റു. ഉടനെതന്നെ ഹൈഡ്രോഫോബിയ ചികിത്സയ്ക്ക് പേരുകേട്ട പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിലെത്തിച്ച് ആവശ്യമായ പ്രതിരോധ മരുന്നുകൾ നൽകി. ചികിത്സ കഴിഞ്ഞ് ഖാദിയാനിലെത്തിച്ചേർന്ന കുട്ടിയ്ക്ക് പേവിഷബാധ കൊണ്ടുണ്ടാകുന്ന ഹൈഡ്രോഫോബിയയുടെ ലക്ഷണങ്ങൾ കാണപ്പെട്ടു. അത് പെട്ടെന്നുതന്നെ മൂർഛിക്കുകയും ഡോക്ടർമാർ പ്രതീക്ഷ കൈവെടിയുകയും ചെയ്തു. മദ്രസ അധികാരികൾ വിവരം വാഗ്ദത്ത മസീഹ്(അ)ന്റെ ശ്രദ്ധയിൽപെടുത്തുകയും പ്രാർത്ഥിക്കാനപേക്ഷിക്കുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ) തന്റെ നാഥന്റെ മുമ്പിൽ കുമ്പിട്ട് അബ്ദുൽ കരീമിനു വേണ്ടി പ്രാർത്ഥിച്ചു. ഒടുവിൽ ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അസാധ്യമെന്നു കരുതിയത് സാധിച്ചു. അബ്ദുൽ കരീം എന്ന കുട്ടി ജീവിതത്തിലേക്ക് തിരിച്ചുവന്നു.

കപൂർത്തല പള്ളി സംബന്ധിച്ച വിധി വാഗ്ദത്ത മസീഹ്(അ)ന്റെ പ്രാർത്ഥനയുടെ സ്വീകാര്യതയുടെ ആഴം വ്യക്തമാക്കുന്ന മറ്റൊരു സംഭവമാണ്. വാഗ്ദത്ത മസീഹ്(അ)ന്റെ കാലത്ത് കപൂർത്തലയിലെ അഹ്മദിയ്യാ പള്ളിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ഒരു കേസുണ്ടായി. അഹ്മദികളുടെ കഠിന ശത്രുവായിരുന്ന ഒരു ജഡ്ജിയുടെ മുമ്പാകെയാണ് കേസ് വിസ്താരം നടന്നത്. അയാൾ അഹ്മദികൾക്കെതിരായി വിധി പ്രസ്താവിക്കുന്നതിനുള്ള സകല നടപടികളും കൈക്കൊണ്ടു. വിധി പ്രസ്താവന എഴുതി തയ്യാറാക്കുക പോലുമുണ്ടായി. പള്ളി നഷ്ടപ്പെടുമെന്ന് ഉറച്ച് വിശ്വസിച്ച അഹ്മദികൾ പ്രാർത്ഥിക്കാനായി വാഗ്ദത്ത മസീഹിന് എഴുതി. അദ്ദേഹം വിഷയം അല്ലാഹുവിന്റെ മുന്നിലവതരിപ്പിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് സുവാർത്ത നൽകി. അദ്ദേഹം പ്രഖ്യാപിച്ചു. "ഞാൻ സത്യവാനാണെങ്കിൽ കപൂർത്തല പള്ളി അഹ്മദികൾക്ക് തന്നെ". വിധി പ്രസ്താവിക്കാനായി കോടതിയിലേക്ക് പുറപ്പെടാൻ തയ്യാറായി നിന്ന ജഡ്ജി തന്റെ വീട്ടിൽ ഹൃദയസ്തംഭനംമൂലം മരിക്കുകയാണുണ്ടായത്. പകരം നിയോഗിക്കപ്പെട്ട ജഡ്ജി തന്റെ പൂർവ്വികന്റെ തെറ്റായ വിധി തിരുത്തിയെഴുതുകയും അഹ്മദികൾക്കനുകൂലമായി വിധി പ്രസ്താവിക്കുകയും ചെയ്തു. (തുടരും)

ലേഖനം

അഡ്വ. ടി. നിസാർ അഹമദ്, കണ്ണൂർ

# തിരുമനസ്സിന്റെ തിരുമുമ്പിൽ
## നാലാം ഖലീഫയുടെ ഓർമ്മകൾ

**ലോ**കത്തെമ്പാടുമുള്ള അഹ്മദികളുടെ ഓർമ്മകളിൽ ഒരു നക്ഷത്രമായി ഖലീഫത്തുൽ മസീഹ് ഇന്നും നിറഞ്ഞുനില്ക്കുന്നു. മലയാളക്കരയിലെ നൂറുകണക്കിന് അഹ്മദികൾ ആ മഹാത്മാവിനെ കണ്ട് സായൂജ്യമടഞ്ഞിട്ടുണ്ട്. എന്നാൽ, അധികമാളുകൾക്കും ആ സൗഭാഗ്യം ലഭിക്കുന്നതിന് മുമ്പേ കേരളത്തിലെ പ്രമുഖരായ ഏതാനും അഹ്മദീ സഹോദരന്മാർ മാത്രം അദ്ദേഹത്തെ നേരിൽകണ്ട ഒരു കാലമുണ്ടായിരുന്നു. ഹുസൂറിന്റെ ആദ്യഖാദിയാൻ സന്ദർശനത്തിനു മുമ്പേ. അന്ന് ഹുസൂറിനെ നേരിൽ കാണുക എന്നത് കേരളത്തിലേയും ഒരുപക്ഷേ ഇന്ത്യയിലേയും അഹ്മദികൾക്ക് ഒരു അപൂർവ്വതയായിരുന്നു.

ആ അപൂർവ്വതയുടെ ഒളിമങ്ങാത്ത ഓർമ്മയാണ് ഞാനിവിടെ കുറിക്കുന്നത്. ഒരിക്കലും മറക്കാനാവാത്ത അനുഭവം. ജീവിതത്തിനാകെ സുകൃതം പകർന്ന ധന്യതയുടെ അനുഭൂതി. ഗൃഹാതുരതയോടെ ഓർമ്മയുടെ ആ മയിൽപീലിത്തുണ്ട് എന്നും ഞാൻ ഓമനിക്കാറുണ്ട്- ഒപ്പം അഹങ്കരിക്കാറുമുണ്ട്. ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിപുരുഷനോടൊപ്പം എല്ലാം മറന്ന് ഒന്നിച്ചിരുന്ന ആ നിമിഷങ്ങളെയോർത്ത്, ആ സൗഭാഗ്യത്തെയോർത്ത്.

രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പായിരുന്നു അത്. ഫ്രഞ്ചുവിപ്ലവത്തിന്റെ ഇരുന്നൂറാം വാർഷികത്തിന് അന്നത്തെ ഇന്ത്യൻ പ്രതിപക്ഷ നേതാവായിരുന്ന വി. പി.സിങ്ങിന്റെ പ്രതിനിധികളിലൊരാളായി പാരീസിൽ കൂട്ടുകാരോടൊപ്പം വിമാനമിറങ്ങുമ്പോൾ മനസ്സ് നിറയെ എന്റെ ബാപ്പയുടെ വാക്കുകളായിരുന്നു. ഏതുവിധേനയും ലണ്ടനിൽച്ചെന്ന് ഹുസൂറിനെ കാണണം. ഹുസൂർ ഖാദിയാനിൽ തന്റെ യൗവനം പിന്നിടുമ്പോൾ അവിടെ ജോലി ചെയ്യുകയായിരുന്നു എന്റെ പിതാവ്. ആ അടുപ്പവും ആദരവുമാണ് എന്നെ യാത്രയാക്കുമ്പോൾ എന്റെ പിതാവിന്റെ മനസ്സ് മുഴുവൻ.

പാരീസിൽകഴിഞ്ഞ ദിനരാത്രങ്ങൾ മുഴുവൻ എന്റെ മനസ്സിൽ ലണ്ടനിലേക്കുള്ള വിസയെടുക്കുന്ന അസാധ്യമായ കാര്യമായിരുന്നു. വായിച്ചും കേട്ടും മാത്രമറിഞ്ഞ ഹുസൂർ, 'മാൻ ഓഫ് ഗോഡ്' എന്ന പുസ്തകത്തിന്റെ താളുകളിൽ നിറഞ്ഞുനിന്ന മസീഹ് മൗഊദ്(അ)ന്റെ പൗത്രൻ, ഖാദിയാനിലെ തെരുവീഥികളിലൂടെ സകലരുടെയും ക്ഷേമൈശ്വര്യങ്ങൾ തേടി സൈക്കിളിൽ ചുറ്റിനടന്ന മിർസാ ത്വാഹിറിന്റെ യൗവനം എന്റെ പിതാവിന്റെ വിറയാർന്ന സ്വരത്തിൽ കേട്ടത് എന്റെ മനസ്സിൽ പതിപ്പിച്ച സ്നേഹസ്വരൂപൻ, ചിരിച്ചുകൊണ്ട് മാത്രം ലോകത്തെ മുഖം കാണിച്ച മൃദുഭാഷി- അതൊക്കെയായിരുന്നു എന്റെ മനസ്സിലെ ഹുസൂർ. പക്ഷേ, ലോകത്തെ മുഴുവൻ അമ്പരപ്പിച്ച മുബാഹലയുടെ ഗാണ്ഡീവമണിഞ്ഞ തിരുനബി(സ)യുടെ പടനായകന്റെ ചിത്രം അന്ന് മറ്റൊരു മിർസാ ത്വാഹിർ അഹ്മദിനെയാണ് ലോകത്ത് അവതരിപ്പിച്ചത്.

ആ മഹാത്മാവിനെ കാണാനുള്ള ആത്മദാഹത്തിന്റെ ശക്തി ഞാനറിഞ്ഞത് പാരീസിലെ എന്റെ മുറിയിലേക്ക് യു.കെ. വിസയുമായി ഒരു ഓഫീസർ കടന്നുവന്നപ്പോഴാണ്. അസാധ്യമായത് എങ്ങനെ സാധിച്ചു എന്ന് അന്നത്തെപ്പോലെ ഇന്നും ഞാനത്ഭുതപ്പെടാറുണ്ട്. എന്റെ മൂന്ന് കൂട്ടുകാർക്ക് കൂടി യു. കെ. വിസ കിട്ടിയപ്പോൾ ഞങ്ങളുടെ ആതിഥേയർപോലും അത്ഭുതപ്പെട്ടു. എന്റെ കൂട്ടുകാരിൽ രണ്ടുപേർ അനഹ്മദികളായ മുസ്‌ലിംകളും മറ്റൊരാൾ ക്രിസ്ത്യാനിയുമായിരുന്നു. അവരുടെ ലണ്ടൻ യാത്ര അലക്ഷ്യമായതെങ്കിലും ഏറെ ആഗ്രഹിച്ചതായിരുന്നു. എന്റെയോ? ലണ്ടൻ എന്ന ലോകോത്തര നഗരത്തിന്റെ കാഴ്ചകൾ ഒരിക്കലും എന്നെ ഭ്രമിപ്പിച്ചില്ല. എന്റെ സ്വപ്നങ്ങളിൽ വെളുത്ത തലപ്പാവും നരച്ച താടിയുമുള്ള പ്രകാശധോരണിയെ തോല്പിക്കുന്ന ആ ചിത്രമായിരുന്നു, മാടപ്രാവിന്റെ പരിശുദ്ധിയും ആമ്പൽപ്പൂവിന്റെ ശാലീനതയും തുടിക്കുന്ന ഹുസൂറിന്റെ ചിരിക്കുന്ന ചിത്രം.

ഇംഗ്ലീഷ് ചാനലിന് മുകളിലൂടെ പറക്കുന്ന ആകാശക്കപ്പലിലിരുന്ന് എന്റെ കൂട്ടുകാരോട് ഞാനാ കഥ വിവരിച്ചു. ഹുസൂറിനെ കാണാൻ എന്റെ കൂടെ വരാൻ അവരെ ഞാൻ ക്ഷണിച്ചു. അവരുടെ സമ്മതത്തിന് പരിഹാസത്തിന്റെ പരിവേഷമുണ്ടായിരുന്നു. ശരി, നിന്റെ മൊയിലാർക്കാനെ ഞങ്ങൾക്കും കാണണം. അതെ, അവർ അത്രയേ കരുതിയുള്ളൂ. എന്റെ മൊയിലാർക്ക. ഞാൻ തർക്കിച്ചില്ല. പക്ഷേ, അവർ അറിയാതെ വിളിച്ച ആ പദത്തിലടങ്ങിയ പുരോഹിതധർമ്മം മിർസാ ത്വാഹിർ അഹ്മദ്(റഹ്) എങ്ങനെ നിറവേറ്റിയെന്ന് ഞാനവരോട് വിശദീകരിച്ചു. ചരിത്രം കോറിയിട്ട ആ സംഭവപരമ്പരകളിലൂടെ എന്റെ മനസ്സ്, സഞ്ചരിച്ചിരുന്ന വിമാനത്തേക്കാൾ വേഗത്തിൽ കുതിച്ചോടി.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആയുധപ്പുരകളിലൊന്നായ പാക്കിസ്ഥാനിലെ ഏകാധിപതി സിയാവുൽഹഖിന്റെ ശത്രുക്കളാരും അദ്ദേഹത്തിന്റെ ജീവി

തകാലത്ത് രക്ഷപ്പെട്ടിട്ടില്ല. പാശ്ചാത്യന്റെ രാഷ്ട്രീയ രാജകുമാരനായിരുന്ന സുൾഫിക്കർ അലി ഭൂട്ടോപോലും. അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിക്കുന്ന കുപ്രസിദ്ധ നിയമം ഭൂട്ടോ നാഷണൽ അസംബ്ലിയിൽ പാസ്സാക്കുമ്പോൾ അതൊരു ധീരകൃത്യമായി പാടിപ്പുകഴ്ത്തിയവർ, വർണ്ണശഭളമായ ആ ജീവിതം പിന്നീട് വെറുമൊരു കരിമഷിക്കോലമായി സിയാവുൽ ഹഖിന്റെ കൊലമരത്തിന് മുമ്പിൽ നില്ക്കുമ്പോൾ പക്ഷേ, ആരാച്ചാരുടെ കൂടെയായിരുന്നു. അത്രയും ശക്തനായിരുന്ന ഹഖിന്റെ വെറുമൊരു തമാശയായിരുന്നു, മിർസാ ത്വാഹിറിനെ പിടിച്ചുകെട്ടി തൂക്കിലേറ്റുക എന്നത്. ലോകം മുഴുവൻ കേണപേക്ഷിച്ചിട്ടും ഭൂട്ടോയുടെ കൊലക്കയർ ഒന്നു തേച്ചുമിനുക്കാൻ പോലും സിയ സമയം കളഞ്ഞില്ല. ആ സിയാക്ക് മിർസാ ത്വാഹിർ വെറുമൊരു അശു മാത്രമായിരുന്നു. ചവിട്ടിയരക്കാൻ കഴിയുന്ന വെറുമൊരു നിസ്സാരൻ. ചോദിക്കാനും പറയാനും ഈ പ്രവിശാലമായ ലോകത്ത് ഒരു രാഷ്ട്രമല്ല, ഒരു ഗ്രാമപഞ്ചായത്ത് പോലുമില്ലാത്ത, ഒരു രാഷ്ട്രത്തലവൻ പോയിട്ട് ഒരു പഞ്ചായത്ത് മെമ്പർ പോലുമില്ലാത്ത വെറുമൊരു അഹ്മദീ നേതാവ്. ഒരു പിച്ചാത്തിപോലും തൊട്ടിട്ടില്ലാത്ത അഹ്മദികളും അവരുടെ ഖലീഫയും. ആ നിസ്സാരന്മാരെവിടെ, സർവ്വാസ്ത്ര ശസ്ത്രങ്ങളാലലംകൃതമായ ആയിരം അക്ഷൗഹിണികളുടെ രാജാധിരാജനായ സിയാ എവിടെ? അയാൾ ആരവിടെ എന്ന് മനസ്സിൽ വിളിച്ചപ്പോൾ പാക്കിസ്ഥാൻ മുഴുവൻ മിർസാ ത്വാഹിറിനുവേണ്ടിയുള്ള തിരച്ചിലാരംഭിച്ചു. കണ്ണിലെണ്ണയൊഴിച്ച പട്ടാളക്കൂട്ടങ്ങൾ, കവാത്ത് മറക്കാത്ത കാക്കിധാരികൾ, ചാരക്കണ്ണുകളുമായി മനുഷ്യരും യന്ത്രങ്ങളും, വിമാനവേഗത്തോക്ക് ഘടിപ്പിച്ച പീരങ്കികൾ എല്ലാം വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, അഹ്മദിയ്യാ മസ്ജിദുകൾ എല്ലായിടത്തും. റബ്വ എന്ന പുണ്യനഗരം എത്രയോ ദിവസങ്ങൾ പട്ടാളത്തിന്റെ വലയത്തിൽ. ഒരു ഈച്ചപോലും സിയാ അറിയാതെ ചലിച്ചില്ല. ഒരു കൊതുകുപോലും മൂളിയില്ല.

സിയായുടെ ഉച്ചയുറക്കം കഴിഞ്ഞുണർന്നപ്പോഴാണ് ആ വാർത്ത അടിയന്മാർ ചെന്നുണർത്തിച്ചത്. ആമയുടെയും മുയലിന്റെയും കഥപോലെ മിർസാ ത്വാഹിർ എന്ന രാജ്യമില്ലാത്ത രാജകുമാരൻ, ചെങ്കോലും കിരീടവുമില്ലാത്ത ചക്രവർത്തി, ആയുധമേന്താത്ത പടത്തലവൻ ഇസ്ലാമാബാദിലെ പട്ടാളപ്പട വളഞ്ഞുനില്ക്കുന്ന വിമാനത്താവളത്തിൽനിന്നും പറന്നുയർന്നു- വിജയത്തിന്റെ വിഹായസ്സിലേക്ക്. ഒരു അധികാരശക്തിയെ മുഴുവൻ നോക്കുകുത്തിയാക്കി ഉറ്റവരെ മാറോട് ചേർത്ത് ഉടയവരോട് വിടചൊല്ലി, റബ്വക്ക് വേണ്ടി, പാക്കിസ്ഥാന് വേണ്ടി പ്രാർത്ഥിച്ച്, പാക്കിസ്ഥാനിലെ ദശലക്ഷക്കണക്കിന് അനാഥരായ അഹ്മദികളെ അല്ലാഹുവിന്റെ കാരുണ്യത്തിലേല്പിച്ച് സുസ്മേരവദനനായി വെളുത്ത തലപ്പാവും നരച്ച താടിയും പിന്നെയാ പ്രസിദ്ധമായ, പാക്കിസ്ഥാന്റെ പ്രഭാതങ്ങളെ സമാശ്വസിപ്പിച്ച നിറഞ്ഞചിരിയുമായി അമീറുൽ മുഅ്മിനീൻ പറന്നുയർന്നു. ഈജിപ്ഷ്യൻ പുരാണത്തിലെ ഫീനിക്സ് പക്ഷിയെപ്പോലെ ചാരുക്കൂമ്പാരത്തിൽനിന്നും ചിറക് വിരിച്ച് ഉയിർത്തെഴുന്നേറ്റത് ലണ്ടൻ നഗരത്തിന്റെ പ്രവിശാലതയിൽ.

സിയാക്ക് വെറുമൊരു കൊലക്കേസ് പ്രതിയായിരുന്നില്ല മിർസാ ത്വാഹിർ. അറസ്റ്റ് ചെയ്ത് തൂക്കിലേറ്റിയാൽ ആ ജഡംവച്ച് സിയാ മുല്ലമാരുടെ കമ്പോളത്തിലെ ഹീറോയാകുമായിരുന്നു. അതായിരുന്നു സ്വപ്നം. അതിനായിരുന്നു ഒരുക്കപ്പാടുകൾ. ആരോരുമില്ലാത്തവനെന്ന് സിയാ കരുതിയ വെറുമൊരു മാടപ്രാവാണ് പറന്നകന്നത്. സിയായുടെ ചെങ്കണ്ണുകളിൽ കഴുകന്റെ ദാഹം ശമിച്ചില്ല. പക്ഷേ, ആ കറുത്ത മനസ്സിൽ മിർസാ ത്വാഹിറിന്റെ വാക്കുകൾ മാറ്റൊലികൊണ്ടിരിക്കണം- സിയാ അല്ല ലോകത്തിലെ മുഴുവൻ ശക്തികളും വിചാരിച്ചാലും എന്നെ ഒന്നും ചെയ്യാൻ കഴിയില്ല. പക്ഷേ, സിയാ അല്ലാഹുവിനോട് പ്രഖ്യാപിച്ച യുദ്ധം നിർത്തിയില്ലെങ്കിൽ സിയാ ധൂളീകരിക്കപ്പെടും. സിയാ ആ വാക്കുകളുടെ പ്രതിധ്വനിയിൽ ഭയന്നുവോ? അറിയില്ല. പക്ഷേ, നമുക്കറിയുന്ന ചരിത്രം മറ്റൊന്നാണ്. ലോകത്തെ ഒരു മനുഷ്യശക്തിക്കും ഒന്നു വെറുതെ കല്ലെറിയാൻ പോലുമാവാത്ത ഒരമേരിക്കൻ നിർമ്മിത ആഢംബര വിമാനമാണ് ആ ചരിത്രത്തിന്റെ ഒരറ്റത്ത്. ആ വിമാനത്തിൽ അമേരിക്കൻ ഭരണകൂടത്തിലെ ഉന്നതരടക്കം അകമ്പടിയും അമ്പാരിയുമായി പാക്കിസ്ഥാന്റെ സ്വേച്ഛാധിപതി ചെങ്കണ്ണുകൾ ചുവപ്പിച്ച് പട്ടാളവേഷത്തിൽ മലർന്നിരിക്കുന്നു. ആയിരംവട്ടം സുരക്ഷാ പരിശോധനപൂർത്തിയാക്കിയ ആ ആകാശക്കപ്പൽ ഉയർന്നുപൊങ്ങുന്നു. മിർസാ ത്വാഹിർ രണ്ടാം ഹിജ്റത്തിന്റെ ജൈത്രയാത്ര നടത്തിയ ആകാശത്തിന്റെ അതേ താരാപഥത്തിൽ സിയായുടെ പറക്കുന്ന കൊട്ടാരം. ഒരു നിമിഷത്തിന്റെ പൊട്ടിത്തെറി. അണ്ഡകടാഹങ്ങളെ വിസ്മയിപ്പിച്ചുകൊണ്ട് ആകാശനീലിമയിൽ സിയായുടെ പേടകം അഗ്നിഗോളമായി. അഭിശപ്തമായ പാക്കിസ്ഥാന്റെ മണ്ണിൽ ആ തീഗോളം എരിഞ്ഞടങ്ങും മുമ്പ് വെറുമൊരു തെക്കൻകാറ്റാൽ ഊശാൻ താടിപോലെ പൊങ്ങിപ്പറക്കുന്ന ചൂടുള്ള ചാരമായിരുന്നു ആ വിമാനവും അതിനകത്തെ ചക്രവർത്തിയും അകമ്പടിക്കാരും. അക്ഷരാർത്ഥത്തിൽ സിയാ ധൂളീകരിക്കപ്പെട്ടു. പട്ടാളപ്പതക്കങ്ങളണിഞ്ഞ പച്ചക്കമ്പളങ്ങളോ മൂർച്ചയേറിയ വെളുത്ത പല്ലുകളോ പോലും ബാക്കിയായില്ല. സർവ്വവും ചാരം. വെറും ധൂളികൾ. ഓടിക്കൂടിയ നാട്ടുകൂട്ടം കൈയിൽ കിട്ടിയ കീറിയ പായത്തുണിയിൽ സിയായെ വാരിക്കൂട്ടിയത് ആ ധൂളികളും ചാരവുമായിരുന്നു. ആചാരവെടികളുതിർത്ത് പട്ടാളമേധാവികൾ സല്യൂട്ട് ചെയ്തത് സിയായെന്ന ധൂളികളേയും ഒരുപിടി ചാരത്തേയുമായിരുന്നു. അവപോലും സിയായുടേതായിരുന്നു എന്നത് വെറുമൊരു സങ്കല്പം മാത്രവും.

ഇന്നുമവസാനിക്കാത്ത ലോകോത്തര അന്വേഷണപരമ്പരകളിലെ ഷെർലോക്ക് ഹോംസുമാരും ജെയിംസ് ബോണ്ടുമാരും മൂക്കിൽ വിരൽവച്ച് ചോദിക്കുന്നു- ആ പൊട്ടിത്തെറി, ആ ധൂളീകരണം എങ്ങനെയായിരുന്നു? എന്തായിരുന്നു കാരണം? എഞ്ചിൻ

*പേജ് 29-ൽ*

ഈജാസ്




# ഖിലാഫത്തിന്റെ കരുത്ത്

മഹത്തായ ഖിലാഫത്ത് വ്യവസ്ഥിതി സോപാധികമായ ഒരു ദൈവിക വാഗ്ദാനമാണ്. അത് അല്ലാഹു അവന്റെ സുകൃതദാസൻമാർക്കായി മാത്രം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. പ്രവാചകത്വത്തെത്തുടർന്നു പ്രവാചകന്റെ പ്രകാശം ജനമനസ്സുകളിൽ പ്രതിഫലിക്കുന്നതു ഖിലാഫത്തിലൂടെയാണ്. ഖിലാഫത്ത് നബിമാരുടെ സംഘത്തിനു പുനർജന്മം നൽകുന്നു. അതവരിൽ നബിയുടെ സ്വർഗ്ഗീയസാന്നിധ്യം സൃഷ്ടിക്കുന്നു. പ്രവാചകനുള്ള പവിത്രീകരണശക്തി പൂർണ്ണമായും പുറത്തുവരുന്നതു ഖിലാഫത്തിലൂടെയാണ്. മനുഷ്യനിർമ്മിതമായ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും ഖിലാഫത്തിന്റെ ജോലി നിർവ്വഹിക്കാനാവില്ലെന്നതാണു സത്യം. സംഘടനകൾ ഉപായങ്ങളിലും സൂത്രങ്ങളിലുമാണ് അതിജീവനം തേടുന്നത്. എന്നാൽ, ഖിലാഫത്ത് അല്ലാഹു അവനിഷ്ടപ്പെടുന്നവർക്കു കൊടുക്കുന്ന സവിശേഷമായ ഒരനുഗ്രഹവും വിവേചകത്തിന്റെ മാനകവുമാണ്.

സംഘടനകൾ ഏതു തിരുനാമങ്ങളിലെഴുന്നേറ്റാലും പാവനമായ ഖിലാഫത്തിന്ന് ഒരിക്കലും പകരമാവില്ലെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഇമാം മുസ്ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഈ കൃതിയിലൂടെ സമർത്ഥിക്കുന്നു. ഖലീഫാ സ്ഥാനത്ത് ഉപവിഷ്ഠനായി ഏതാണ്ട് ഒരു മാസത്തിനുശേഷം ഒരു കൂടിയാലോചനാസമിതിയിൽ ആ മഹാത്മാവ് ചെയ്ത മഹത്തായ ഒരു പ്രഭാഷണമാണ്ഖിലാഫത്തിന്റെ സ്ഥാനമാനംഎന്ന പേരിൽ കൃതിരൂപത്തിൽ ഇപ്പോൾ നമ്മുടെ മുമ്പിലുള്ളത്. ഉർദുവിൽ ഇതു'മൻസബെ ഖിലാഫത്ത്' എന്ന പേരിലാണ് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. ഇതിലെ ഓരോ വാക്കും അറിവിന്റേയും ആജ്ഞയുടെയും മാസ്മരികത തിളങ്ങിനിൽക്കുന്നതാണെന്നു കാണാം.

1914-ൽ ചെറുപ്രായത്തിൽ പ്രതികൂലമായ ഒരു പരിതസ്ഥിതിയിലാണ് ആ മഹാത്മാവ് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫയായി അവരോധിതനായത്. പ്രായം 25 കഴിഞ്ഞതേയുണ്ടായിരുന്നുള്ളൂ. ഒന്നാം ഖലീഫ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ (റ)ന്റെ ചരമത്തെത്തുടർന്നു ഖിലാഫത്ത് സ്ഥാപനത്തെത്തന്നെ അവസാനിപ്പിക്കാനായി പ്രസ്ഥാനത്തിലെ ഉന്നതസ്ഥാനീയരായ ചിലർ നടത്തിനോക്കിയ ആസൂത്രിതമായ ശ്രമങ്ങൾ പൊളിഞ്ഞു പാളീസായ ഒരു അവസരത്തിലായിരുന്നു അത്. ഗ്രന്ഥകർത്താവ് ഇതിൽ അവരുടെ വിലകുറഞ്ഞ വാദഗതികളുടെ പൊള്ളത്തരം തുറന്നുകാണിക്കുന്നുണ്ട്. സദ്ർ അൻജുമൻ എന്ന ജമാഅത്തിന്റെ കേന്ദ്രക്കമ്മിറ്റിയിൽ മേധാവിത്വമുണ്ടായിരുന്ന അവർ ഖിലാഫത്തു സ്ഥാപനത്തോടു തുടങ്ങിയ എതിർപ്പു വാഗ്ദത്തമസീഹ് (അ)ന്റെ ദൈവികദൗത്യത്തെത്തന്നെ ചോദ്യം ചെയ്യുന്ന നിലയിലേക്കായിരുന്നു എത്തിച്ചേർന്നത്. പൊതുമുസ്ലിംകളെ പ്രസാദിപ്പിക്കാനും അവരുടെ അംഗീകാരം നേടിയെടുക്കാനുമായിരുന്നു ഇത്തരം സമീപനം അവർ സ്വീകരിച്ചതെന്നു ആ മഹാത്മാവ് ഇതിൽ സൂചിപ്പിക്കുന്നു. അൻജുമൻ, എന്ന് സ്ഥാനത്തും അസ്ഥാനത്തും ഉരുവിട്ടു ഖലീഫയുടെ അനാവശ്യകതയും സംഘടനയുടെ അപ്രമാദിത്വവും പാടിനടന്നവർക്ക് ഒടുവിൽ പൊതുമുസ്ലിംകളുടെ നാഥനില്ലാതൊഴുത്തിൽ അന്ത്യവിശ്രമം കൊള്ളേണ്ടിവന്നു എന്നതുതന്നെ ഈ സംഘടനാവാദികളുടെ ഹീനമായ അപചയം വെളിവാക്കുന്നു.

നബിയുടെ പ്രവൃത്തിതന്നെയാണ് ഖലീഫയുടെയും പ്രവൃത്തിയെന്ന് ഹസ്രത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) ഇതിൽ തെളിയിക്കുന്നു. ഏതെങ്കിലും മനുഷ്യനിർമ്മിത സംഘടനകൾക്കോ കമ്മിറ്റികൾക്കോ ഭാരവാഹികൾക്കോ ദൈവനിയുക്തരായ നബിമാരുടെ പ്രവൃത്തി ചെയ്യാൻ സാദ്ധ്യമല്ല. അല്ലാഹുവാണ് ഖലീഫയെ നിയമിക്കുന്നത്. അവരുടെ ഭയത്തെ അവൻ സമാധാനംകൊണ്ടു മാറ്റിമറിക്കുന്നു. അവർ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നു. അവന് ആരെയും അവർ പങ്കാളികളാക്കുകയില്ല. ഖലീഫയുടെ അധൃഷ്യതയും ഗ്രന്ഥകർത്താവ് ഇതിൽ സമർത്ഥിക്കുന്നു. ആരും എന്നോടൊപ്പം നിൽക്കുകയില്ലെങ്കിലും അല്ലാഹു എന്നോടൊപ്പം നിൽക്കുമെന്ന് എനിക്കു ദൃഢവിശ്വാസമുണ്ട്(പേ,81) എന്നദ്ദേഹം ഒരിടത്തു പ്രസ്താവിക്കുന്നു. ദൈവപ്രബുദ്ധനായ ഒരു പുണ്യാത്മാവിന്നല്ലാതെ ഇങ്ങനെയുള്ള വാക്കുകളുപയോഗിക്കാൻ സാധ്യമല്ലെന്നതാണു സത്യം.

തുടർന്ന് ആ മഹാത്മാവ് എല്ലാവരെയും ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു:

വിശ്വാസിയായിട്ട് ഒരാളെപ്പോലും കിട്ടിയില്ലെങ്കിലും നബിയുടെ നുബുവ്വത്തുപദവിയ്ക്ക് ഒരു കോട്ടവും തട്ടുകയില്ല. ഇതുതന്നെയാണു ഖലീഫയുടെയും അവസ്ഥ (പേ.71).

ശൂറാ അഥവാ, കൂടിയാലോചനാസമിതിയുടെ ദാർശനികപ്രസക്തിയും അദ്ദേഹം ഇതിൽ വിവരിക്കുന്നുണ്ട്. കൂടിയാലോചന നടത്തുക എന്നതു ഖലീഫയ്ക്കു നിശ്ചയിക്കപ്പെട്ട ബാധ്യതയാണ്. എന്നാൽ, കൂടിയാലോചിക്കപ്പെടുന്നവരുടെ നിർദ്ദേശം സ്വീകരിക്കുക എന്നുള്ളതു ഖലീഫയുടെ ബാധ്യതയല്ല. അഭിപ്രായം സ്വീകരിച്ചിട്ട് അതനുസരിച്ചു പ്രവർത്തി

ക്കുകയെന്നതു ഖലീഫയ്ക്കു നിർബന്ധമല്ലെങ്കിൽ ആ അഭിപ്രായം കൊണ്ടെന്തു ഫലം എന്നുള്ളതു ലാഹോർ തട്ടകമാക്കി സ്ഥലംവിട്ട ഖിലാഫത്തുവിരോധികളുടെ ചോദ്യമായിരുന്നു. അഭിപ്രായം ചോദിക്കുന്നതു പറയപ്പെടുന്ന അഭിപ്രായം അനുസരിച്ചുമാത്രം പ്രവർത്തിക്കാനല്ലെന്നു മുസ്‌ലിഹ് മൗഊദ്(റ) ഉണർത്തുന്നു. കൂടിയാലോചിക്കുന്നതിന്റെ ഉദ്ദേശ്യം അർഹമായ ബുദ്ധികൾക്കു മെല്ലെമെല്ലെ ശിക്ഷണം ലഭിക്കുക എന്നതാണ്. ജനങ്ങളിൽനിന്ന് അഭിപ്രായം ആരായുമ്പോൾ അവർക്കു ചിന്തിക്കാനുള്ള അവസരം കൈവരുന്നു. അവരുടെ കഴിവുകൾ വർദ്ധിക്കുന്നു. പഴയ ഭരണകൂടങ്ങളുടെ പോരായ്മ കൂടിയാലോചനകളുടെ അഭാവമാണെന്നു മുസ്‌ലിഹ് മൗഊദ്(റ) ഇതിനിടയിൽ ഓർമ്മപ്പെടുത്തുന്നുണ്ട്. രാജകുടുംബാംഗങ്ങൾ കൂടിയാലോചനയിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നില്ല. അങ്ങനെ അവരുടെ ബുദ്ധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നു കഴിവുള്ളതായില്ല. അതുതന്നെയാണു വലിയൊരളവോളം പഴയ രാജവംശങ്ങളുടെ തകർച്ചയ്ക്കു വഴിയൊരുക്കിയത്.

വിശുദ്ധ ഖുർആനിൽ ഇബ്രാഹിം നബി(അ) ചെയ്ത യുഗപ്രധാനമായ ഒരു പ്രാർത്ഥന അപഗ്രഥിച്ചുകൊണ്ടാണു നുബുവ്വത്തിന്റെ ദൗത്യബാധ്യതകൾ ആ മഹാത്മാവ് വിവരിച്ചുതരുന്നത്.

ഞങ്ങളുടെ നാഥാ! അവർക്കു നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽനിന്നും എഴുന്നേൽപിക്കേണമേ! നിശ്ചയമായും നീ പ്രതാപവാനും അഗാധജ്ഞനുമത്രെ.

ഇബ്രാഹിം നബി (അ) യുടെ ഈ പ്രാർത്ഥനയിൽ വിശുദ്ധഖുർആനിലെ വിശിഷ്ടമായ ബഖറ അദ്ധ്യായത്തിലെ സ്വർഗ്ഗീയസൂക്തങ്ങളിലടങ്ങിയ ക്രമവൽക്കരണത്തിന്റെ രഹസ്യം നിക്ഷിപ്തമാണ്. പ്രത്യക്ഷത്തിൽ ഈ അദ്ധ്യായം ശരിയായ ക്രമമോ ആരടുപ്പമോ ഇല്ലാത്തതായിട്ടാണ് കാണാൻ കഴിയുന്നത്. എന്നാൽ ഈ ക്രമഭംഗം എത്തരത്തിലാണ് ക്രമീകൃതമായിത്തീരുന്നതെന്നും ജനപരിഷ്ക്കരണത്തിന്റെ ആത്മീയതത്ത്വശാസ്ത്രം അതിലെങ്ങിനെ ഒളിഞ്ഞിരിക്കുന്നതെന്നും മുസ്‌ലിഹ് മൗഊദ്(റ) നമുക്കു കാണിച്ചുതരുന്നു.

**തബ്‌ലീഗ്**

നബിമാരാണ് ദൈവത്തെ ലോകത്തിനുമുമ്പിൽ വെളിപ്പെടുത്തുന്നത്. ഇബ്രാഹിംനബി(അ)യുടെ മഹത്തായ പ്രാർത്ഥനയനുസരിച്ച് അവരുടെ ആദ്യത്തെ പ്രവൃത്തി പ്രബോധനം (തബ്‌ലീഗ്) ആണ്. പ്രവാചകൻ ആദ്യം ദൈവത്തിന്റെ അസ്തിത്വത്തിനും അവന്റെ ഏകത്വത്തിനുമുള്ള തെളിവുകൾ സമർപ്പിക്കുന്നു (പേ.14). ഖലീഫമാരുടെ ആദ്യത്തെ ജോലിയും ഇതു തന്നെയാണ്. നമ്മുടെ തബ്‌ലീഗ് നടക്കാത്ത ഒരു സ്ഥലവും ഒരു ഗ്രാമവും ഉണ്ടാവരുതെന്നു ഖലീഫത്തുൽ മസീഹ് ഓർമ്മിപ്പിക്കുന്നു. ജനങ്ങളെകൊണ്ടു വിശ്വസിപ്പിക്കുക എന്നതു നമ്മുടെ ജോലിയല്ല. എന്നാൽ, അവർക്കു സത്യം എത്തിക്കുക എന്നതു നമ്മുടെ ജോലിയാണ്. ജോലി ആവേണ്ടതുമാണ്. സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുക അവരുടെ ജോലിയാണ്(പേ. 37). ലോകത്തിലെ എല്ലാ മുക്കിലും എല്ലാ ജനതയിലും എല്ലാ ഭാഷയിലും നമ്മുടെ തബ്‌ലീഗ് ഉണ്ടാവേണ്ടതുണ്ട്. ഈ അടിസ്ഥാനത്തിലാണ് ആ മഹാത്മാവ് മദ്രസ്സ അഹ്മദിയ്യ സ്ഥാപിച്ചത്.

ഇസ്‌ലാമിന്റെ ഏതു പ്രവർത്തനവും താൻ മുഖേനതന്നെ നടക്കേണമെന്ന അത്യാശ തനിക്കുള്ളതായി മുസ്‌ലിഹ് മൗഊദ് (റ) നമ്മോടു പറയുന്നു. ഈ ആഗ്രഹം എന്നുമുതലാണു തുടങ്ങിയതെന്ന് എനിക്കറിയില്ല. ആ മഹാത്മാവ് തുടർന്നു:ഞാൻ നോക്കുമ്പോഴെല്ലാം എന്നിൽ ഈ ആവേശം കണ്ടിരുന്നു. അപ്പോൾ ഇസ്‌ലാമിന്റെ ഏതു പ്രവർത്തനവും ഞാൻ മുഖേന നടക്കുന്നതിന്നായി പ്രാർത്ഥിക്കുമായിരുന്നു. ഈ ആഗ്രഹം എത്രമാത്രമാണെന്നുവച്ചാൽ ഖിയാമത്തുനാൾവരെ ഇസ്‌ലാമിന്റെ സേവകരായിട്ടു വരുന്നവരാരും എന്റെ ശിഷ്യൻമാരായിട്ടല്ലാതെയുള്ള ഒരു കാലം വരാൻ പാടില്ല. ഇസ്‌ലാമിന്റെ സേവനത്തിനുള്ള ഈ സ്നേഹാവേശം എന്റെ മനസ്സിൽ എന്തിനിടപ്പെട്ടു എന്ന് എനിക്കു മനസ്സിലാകുന്നുമില്ലഞാൻ അല്ലാഹുവിന്നു നന്ദിപറയുന്നു. എന്റെ ഈ പ്രാർത്ഥനകൾക്കുള്ള മറുപടിയിൽ അവനെനിക്കു വലിയവലിയ സുവാർത്തകൾ നൽകി. എനിക്കു നൽകപ്പെട്ട സുവാർത്തകളെല്ലാം അവൻ പുലർത്തിക്കാണിക്കുന്നതാണ്. ഞാൻ മുഖേനയായിരിക്കും ഇനി ലോകത്തിനു സന്മാർഗ്ഗം കിട്ടുന്നതെന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു. എന്റെ ശിഷ്യരില്ലാത്ത ഒരു കാലം ഖിയാമത്തുനാൾവരെ ഉണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ എന്റെ പ്രവൃത്തികൾ തന്നെയായിരിക്കും (പേ.33,34).

മുസ്‌ലിഹ് മൗഊദിന്റെ ഈ പ്രാർത്ഥനകൾ എത്ര സമുന്നതമായ നിലയിലാണ് സ്വീകരിക്കപ്പെട്ടതെന്നു നാമിന്നു കാണുന്നു. അദ്ദേഹത്തിന്റെ ആത്മീയശിശ്യൻമാരായ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗുമാർ ലോകത്തിന്റെ എല്ലാ കോണുകളിലും ഇസ്‌ലാമിന്റെ വീരസമരം നടത്തിവരികയാണ്. അദ്ദേഹത്തിന്റെ ആത്മീയസൂത്രധാരത്വത്തിലാണ് ഭൂതലമെങ്ങും ഇന്ന് ഇസ്‌ലാമിന്റെ വിജയപതാക നാട്ടപ്പെടുന്നത്.

ലോകവ്യാപകമായ തബ്‌ലീഗിനു പണം വരുന്ന വഴികൾ അല്ലാഹു തുറന്നുതരുന്നതാണെന്നു മുസ്‌ലിഹ് മൗഊദ് കൂട്ടിച്ചേർക്കുന്നു. അവന്റെ കയ്യിലാണു ഖജനാവ്. പണം പിരിക്കുന്നവനും അവനാണ്. പണം തരാനുള്ള ആഹ്വാനം അല്ലാഹുതന്നെ ജനങ്ങളുടെ ഹൃദയങ്ങളിൽ ചെയ്യുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

**ശരീഅത്ത്**

ഇബ്രാഹിംനബി(അ)ന്റെ പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ ധർമ്മശാസ്ത്രം (ശരീഅത്ത്) പഠിപ്പിക്കുക എന്നുള്ളതാണ് നബിയുടെ രണ്ടാമത്തെ

കർത്തവ്യം. അല്ലാഹുവിന്റെ ദൂതന്മാർ മുഖേന ലഭിക്കുന്ന നിർദ്ദേശങ്ങളും അദ്ധ്യാപനങ്ങളും അനുസരിച്ചു പ്രവർത്തിക്കുന്നതെങ്ങിനെയെന്ന് അവർ പഠിപ്പിക്കുന്നു. ഖലീഫമാരുടെയും രണ്ടാമത്തെ കർത്തവ്യം ഇതുതന്നെയാണ്.

**ഹിക്മത്ത്**

ആ പാഠങ്ങളുടെ യുക്തി അഥവാ അവയുടെ തത്ത്വശാസ്ത്രം പഠിപ്പിക്കുക എന്നതാണു നബിമാരുടെ മൂന്നാമത്തെ കർത്തവ്യം. ഉദാഹരണമായി നമസ്ക്കാരം നിർദ്ദേശിക്കപ്പെട്ടിരിക്കെ എന്തിനാണു നമസ്ക്കാരം നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്, അതിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെയാണെന്നു വ്യക്തമാക്കപ്പെടേണ്ടതുണ്ട്. മുസ്ലിഹ് മൗഊദ്(റ) വിശുദ്ധഖുർആനിൽനിന്നുതന്നെ ഇതിനു ഉദാഹരണങ്ങൾ എടുത്തുകാണിക്കുന്നു. ***അഖിമിസ്വലാത്ത്*** (നമസ്ക്കരിക്കുക) എന്നു ഖുർആൻ ഒരിടത്ത് ഉൽബോധിപ്പിക്കുന്നു. മറ്റൊരിടത്ത് ***ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഹി വൽ മുൻകർ*** (നമസ്ക്കാരം തിന്മകളെയും അനിഷ്ടകരമായ കാര്യങ്ങളെയും തടയുന്നു) എന്നു വ്യക്തമാക്കുകയും ചെയ്യുന്നു.

അതുകൊണ്ടു ഹിക്മത്ത് പഠിപ്പിക്കുക എന്നതു നബിയുടെയും ഖലീഫയുടെയും ജോലിയാണ്. ശരീഅത്തിന്റെ എല്ലാ കൽപനകളും യുക്തിയുക്തമാണെന്നതാണു സത്യം. അവയുടെ യാഥാർത്ഥ്യം അറിയുകയില്ലെങ്കിൽ ചിലപ്പോൾ കൽപനകൾതന്നെയും അന്തർധാനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: മുസ്ലിംകൾ ദൈവകൽപനകളുടെ തത്ത്വശാസ്ത്രം പഠിക്കുന്നതിന് ശ്രമിച്ചില്ല. അതിന്റെ ഫലമായി ധാരാളം ആളുകൾ മതപരിത്യാഗികളായിപ്പോയിക്കൊണ്ടിരുന്നു. ഏതെങ്കിലും പണ്ഡിതൻ അവർക്കു തത്ത്വശാസ്ത്രം പറഞ്ഞുകൊടുത്തിരുന്നുവെങ്കിൽ നിരീശ്വരത്വവും മതപരിത്യാഗവും ഉണ്ടാകുമായിരുന്നില്ല(പേ. 52).

**യുസക്കീഹിം**

നബിയുടെ നാലാമത്തെ പ്രവൃത്തി (യുസക്കീഹിം) പവിത്രീകരിക്കുക എന്നുള്ളതാണ്. ഇതു മനുഷ്യന്നതീതമായ പ്രവൃത്തിയാണ്. പരിശുദ്ധീകരിക്കുക എന്നുള്ളത് അല്ലാഹുവിന്റെ മാത്രം പ്രവൃത്തിയാകുന്നു. എന്നാൽ, പവിത്രീകരണത്തിനുള്ള ഒരു മാർഗ്ഗം മനുഷ്യനുവേണ്ടി അവൻ തുറന്നുതരുന്നുണ്ട്. അതാണു ദുആ അഥവാ പ്രാർത്ഥന. നബിയുടെ അല്ലെങ്കിൽ ഖലീഫയുടെ ഹൃദയഭേദകമായ പ്രാർത്ഥനകളാണ് ജനങ്ങളുടെ പരിശുദ്ധീകരണത്തിനുള്ള ചാലകശക്തിയെന്നു മുസ്ലിഹ് മൗഊദ്(റ) സമർത്ഥിക്കുന്നു.

മുസ്ലിഹ് മൗഊദ്(റ) പറയുന്നു:ആത്മാക്കളുടെ ശുദ്ധീകരണത്തിന് ആദ്യം വേണ്ടതു ദുആ തന്നെയാണ്. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം ഞാൻ ധാരാളം ദുആ ചെയ്യാറുണ്ട്. നിങ്ങളും ദുആകളെ പ്രയോജനപ്പെടുത്തുക. എന്റെയും നിങ്ങളുടെയും ദുആ തമ്മിലും വ്യത്യാസമുണ്ടെന്ന കാര്യം ഓർമ്മിക്കുക.അല്ലാഹു ആരെയെങ്കിലും ഖിലാഫത്തിന്റെ സ്ഥാനത്തു നിയമിച്ചാൽ അദ്ദേഹത്തിന്റെ ദുആയുടെ സ്വീകാര്യതയും വർദ്ധിപ്പിക്കുന്നു. കാരണം, അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിച്ചില്ലെങ്കിൽ തന്റെ തിരഞ്ഞെടുപ്പിന്ന് അത് അപകീർത്തികരമായിരിക്കുമെന്ന് അവനറിയാം (പേ.57).

യുസക്കീഹിം എന്നതിന്റെ മറ്റൊരർത്ഥം മതപരവും ഭൗതികപരവുമായ കാര്യങ്ങളിൽ ജനങ്ങൾക്ക് അഭിവൃദ്ധി നൽകുക എന്നതാണ്. ഈ അഭിവൃദ്ധി എല്ലാവശത്തൂടെയും വേണ്ടതാണ്. ഭൗതികവിദ്യാഭ്യാസത്തിൽ പിന്നിലാണെങ്കിൽ മുന്നിൽ കൊണ്ടുവരണം. എണ്ണത്തിൽ കുറവാണെങ്കിൽ അതു വർദ്ധിപ്പിക്കണം. സാമ്പത്തികാവസ്ഥ ദുർബ്ബലമാണെങ്കിൽ ശക്തിപ്പെടുത്തണം"(പേ. 29).

ദാരിദ്ര്യത്തിൽനിന്നുള്ള രക്ഷയും യുസക്കീഹിം എന്നതിന്റെ നിർവ്വചനത്തിൽപെടുന്നു. മുസ്ലിഹ് മൗഊദ്(റ) പറയുന്നു: "മാലിന്യങ്ങളിൽനിന്നു പരിശുദ്ധമാക്കുകയും പുരോഗതിയുണ്ടാക്കുകയും അദ്ദേഹത്തിന്റെ ജോലിയാകുമ്പോൾ അതിൽ ദരിദ്രരെ സംരക്ഷിക്കലും വരുന്നു. കാരണം, അവരും ഭൗതികമായ ഒഴുക്കിൽപെട്ടു ചേറുപുരണ്ടിരിക്കയാണ്. അവരെ പരിശുദ്ധരാക്കുക അദ്ദേഹത്തിന്റെ നിർബന്ധകടമയാണ്" (പേ. 29).

**ഖാദിയാൻ ദാറുൽ അമാൻ**

ശുദ്ധീകരണത്തിനുള്ള മറ്റൊരുവഴി ഖാദിയാനിൽ വരിക എന്നുള്ളതാണ്. വാഗ്ദത്തമസീഹിന്റെ അനുയായികൾക്കിടയിൽ വിഘടിതത്വത്തിന്റെ വിത്തുപാകാൻ ശ്രമിച്ച അബ്ദുൽഹക്കീം ഖാൻ ഖാദിയാനിൽ വരാറില്ലായിരുന്നു. ഖാദിയാനെക്കുറിച്ച് അല്ലാഹു പറഞ്ഞിട്ടുള്ളത് ***ഇന്നഹൂ ആവൽഖറിയ*** (നിശ്ചയമായും ഇതു അഭയസ്ഥാനമാണ്). ആദരണീയമായ മക്കയിലും പ്രകാശമയമായ മദീനയിലും ഇറങ്ങുന്ന അനുഗ്രഹങ്ങൾ ഇവിടെയും ഇറങ്ങുന്നുവെന്നതു സത്യമാണ്(പേ.58). വാഗ്ദത്തമസീഹ്(അ)ന്റെ ജന്മദേശത്തിന്റെ പരിപാവനത അടിവരയിട്ടുകൊണ്ടു ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ചോദിക്കുന്നു:

രാജാക്കൻമാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കെ, ആ മഹാത്മാവ് ജനിച്ചതും വളർന്നതും അവസാനം അന്ത്യവിശ്രമം കൊള്ളുന്നതുമായ സ്ഥലത്ത് അനുഗ്രഹം ഇറങ്ങുകയില്ലേ? (പേ 58).

ഒരു പ്രവാചകനുള്ള ദൗത്യബാധ്യതകൾതന്നെയാണു ഖലീഫയുടേതെന്നുമാണു മുസ്ലിഹ് മൗഊദ് (റ) നമ്മെ ബോധ്യപ്പെടുത്തുന്നത്. ഈ നാലു പ്രവൃത്തികളും നടപ്പിലാക്കാൻ കൂടിയാലോചനകൾ നടത്താൻ അല്ലാഹു അനുവദിക്കുന്നു.ഓർമ്മിച്ചുകൊള്ളുക, അല്ലാഹുതആല ഇതേ ജോലി തന്നെയാണ് ഇപ്പോൾ എന്നെ ഏൽപിച്ചിരിക്കുന്നത്എന്ന് ആ മഹാത്മാവ് സദസ്സിനെ ഓർമ്മിപ്പിച്ചു. ഈ ജോലി ഏതെങ്കിലും സംഘടനയ്ക്കോ അതിന്റെ ഭാരവാഹികൾക്കോ നിർവ്വഹിക്കാൻ സാധിക്കുമോ? ദൈവകല്പനകളുടെ യാഥാർത്ഥ്യവും തത്ത്വശാസ്ത്രവും പഠിപ്പിക്കാൻ ഏതെങ്കിലും കമ്മിറ്റികൾക്ക്, സംഘടനകൾക്ക് അല്ലെങ്കിൽ അൻജുമന് കഴിയുമോ? കമ്മിറ്റി

കളും സംഘടനകളും ഖലീഫയുടെ കൽപനകൾ നടപ്പിൽ വരുത്താൻവേിമാത്രമാണ് എന്നദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഖലീഫമാരുടെ പ്രവൃത്തി മനുഷ്യർക്കു ശിക്ഷണം നൽകുക എന്നുള്ളതാണ്. ആത്മീയജ്ഞാനത്തോടും ദൃഢവിശ്വാസത്തോടും അവരെ ശുദ്ധീകരിക്കലാണ് (പേ. 25).

ഈ വാക്കുകൾ ഹദ്റത്ത് വാഗ്ദത്തമസീഹ്(അ)ന്റെ പ്രഖ്യാപനം നമ്മെ ഓർമ്മിപ്പിക്കുന്നു. സംഘടനകളിലൂടെയും മദ്രസ്സകളിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും മാത്രം ഇസ്‌ലാമിനെ സ്ഥാപിച്ചു കാണിക്കാൻ സാധ്യമല്ല. അങ്ങനെ കരുതുന്നവർ ദീൻ എന്താണെന്ന് അിറഞ്ഞുകൂടാത്തവരാണെന്നാണ് വാഗ്ദത്തമസീഹ്(അ) പറഞ്ഞത്. ഫത്ഹെ ഇസ്‌ലാം എന്ന കൃതിയിൽ അദ്ദേഹം എഴുതി:

സൃഷ്ടിസമുദ്ധാരണം എന്ന മഹത്തായ ആസൂത്രിതപദ്ധതി കടലാസുകുതിരകളെ ചാടിക്കാനുള്ള ശ്രമമായിരിക്കാവതല്ലെങ്കിൽ പണ്ടുപണ്ടേ അല്ലാഹുവിന്റെ വിശുദ്ധപ്രവാചകന്മാർ പാടുപെട്ട വഴികളിൽ തന്നെ പണിചെയ്തേ തീരൂ (പേ. 33).

ഇതാണ് യാഥാർത്ഥ്യം. ബാക്കിയുള്ളതെല്ലാം വീൺവേലകളാണ്. പ്രഭാഷണത്തിലൊടുവിലൊരിടത്തു തന്റെ ചെറുപ്രായത്തെ കുറിയാക്കിക്കൊണ്ട് അഹ്മദിയ്യത്തിന്റെ തകർച്ച സ്വപ്നം കാണുന്നവർക്കു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മറുപടി നൽകുന്നു. ഇസ്‌ലാമിന്റെ ആദ്യകാലത്തു കൂഫയിലെ ഗവർണരായി നിയമിതനായ അബീലയ്‌ലയുടെ ചരിത്രം അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു. അന്ന് അബീലയ്‌ലക്കു പത്തൊമ്പതു വയസ്സുമാത്രമാണു പ്രായം. അദ്ദേഹത്തോട് ഇതേക്കുറിച്ചു ചോദിച്ചപ്പോൾ പറഞ്ഞത്, ശാമിലെ ഇസ്‌ലാമിലെ സൈന്യത്തിലെ ഓഫീസറായ ഉസാമയെക്കാൾ തനിക്കു രണ്ടുവയസ്സ് അധികമുണ്ടെന്നായിരുന്നു. നബി (സ) തിരുമേനി ഹദ്റത്ത് ഉമർ(റ) അടക്കമുള്ള സൈന്യത്തിന്റെ നായകനായി ഉസാമയെ ശാമിലേക്കയച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രായം 17 വയസ്സു മാത്രമായിരുന്നു. ഈ സംഭവം ഓർമ്മിപ്പിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് പറഞ്ഞു: "ഞാനും ഇതേരീതിയിൽ മറുപടി പറയട്ടെ, എന്റെ പ്രായം അബീലയ്‌ലയേക്കാൾ ഏഴുവയസ്സ് അധികമാണ് (പേ 76).

ഈ കൃതി സുലളിതമായ ഭാഷയിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നതു കേരളത്തിലെ അഹ്മദിയ്യാ മിഷ്യനറിമാരിൽ പ്രമുഖനും മലയാളത്തിലെ അഹ്മദിയ്യാ സാഹിത്യശാഖയിൽ സുപരിചിതനുമായ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബാണ്. വിവർത്തകൻ സത്യദൂതൻ മാസികയുടെ പത്രാധിപരായി പ്രവർത്തിച്ചയാളും എഴുത്തുകാരനും മികച്ച പ്രഭാഷകനുംകൂടിയാണെന്നതു സ്മരണീയമാണ്. അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിന്റെ ശതവാർഷികം ആഘോഷിക്കുന്ന വേളയിൽ പരിശുദ്ധമായ ഖിലാഫത്ത് സ്ഥാപനത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന ഒരു കൃതി മൊഴിമാറ്റം നടത്തിയ വിവർത്തകനും ഇതു പ്രസിദ്ധീകരിച്ച ജമാഅത്തിലെ പ്രസിദ്ധീകരണവിഭാഗവും നല്ലൊരു സേവനമാണ് കാഴ്ചവച്ചിരിക്കുന്നത്. ●

---

*പേജ് 25-ൽ നിന്ന്*

തകരാറ് ഉണ്ടായിരുന്നില്ല, ഇന്ധനച്ചോർച്ച- അതുമില്ല. അന്തരീക്ഷത്തിലെ പെട്ടെന്നുള്ള മാറ്റം- ഒരിക്കലുമല്ല. പരിചയത്തിലോ പരാക്രമത്തിലോ, പൈലറ്റുമാരുടെ കുറവ്- അതുമല്ല. പിന്നെ? ആർക്കുമറിയില്ല, അമേരിക്കക്കുമറിയില്ല, ശാസ്ത്രലോകത്തിനുമറിയില്ല. പക്ഷേ, അതറിയുന്നവർ ഈ ലോകത്തുണ്ട്. അത് നേരത്തെയറിഞ്ഞവരും അന്നീ ലോകത്തുണ്ടായിരുന്നു. അതായിരുന്നു ത്വാഹിർ! മിർസാ ത്വാഹിർ അഹ്മദ്! ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്).

സിയാ ഇന്നാർക്കും ഒരു വേദനയല്ല. അതൊരു ചരിത്രപുസ്തകമാണ്. ഒരു അനുഭവപാഠമാണ്. ഒരു മുന്നറിയിപ്പാണ്. "ചരിത്രത്തിൽനിന്ന് നാം പഠിക്കുന്നത് ചരിത്രത്തിൽനിന്ന് നാം ഒന്നും പഠിക്കുന്നില്ല എന്നാണ്" എന്ന് ആർനോൾഡ് ടോയൻബി എഴുതിയത് പോലെ ചരിത്രത്തിന്റെ കറുത്ത പേജായ സിയായുടെ ദുരന്തത്തിൽനിന്നും പാക്കിസ്ഥാൻ ഒന്നും പഠിച്ചിട്ടില്ല എന്ന് നമുക്കറിയാം.

ആധുനിക ലോകത്തിന് അഭിനവഫിർഔനെയും അയാളുടെ ദുരന്തത്തെയും ഒരു ചലിക്കുന്ന ചിത്രമായി വരച്ചുകാണിച്ച പ്രതിഭാധനനാണ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ). അദ്ദേഹത്തെ നായകസ്ഥാനത്ത് നിർത്തി അല്ലാഹു അവതരിപ്പിച്ച ചരിത്രത്തിലെ രണ്ടാം ഹിജ്റത്തും, സിയായുടെ ധൂളീകരണവും വരുംതലമുറകൾ നെഞ്ചേറ്റുന്ന ദൈവികാത്ഭുതങ്ങളാണ്. ആ ഖുദ്റത്തുകളിലെ മാധ്യമത്തെ തേടിയാണ് അന്ന് ഞാൻ ലണ്ടനിൽ വിമാനമിറങ്ങുന്നത്.

ലണ്ടൻ നഗരത്തിന്റെ വശ്യതയിലും അത്ഭുതകാഴ്ചകളിലും മുഴുകാൻ എനിക്കായില്ല. ലണ്ടനിലെ ഗ്രസ്സൻഹാൾ റോഡിനേക്കാൾ അന്നും പ്രസിദ്ധമായിരുന്നു ലണ്ടൻമോസ്ക് എന്ന ഖലീഫത്തുൽ മസീഹിന്റെ ആസ്ഥാനം. അനഹ്മദീ മുസ്‌ലിംകളായ രണ്ട് സുഹൃത്തുക്കളോടൊപ്പമായിരുന്നു ഞാനവിടെയെത്തിയത്. ഒരു സമ്മേളനത്തിന്റെ ആൾക്കൂട്ടം ഒരു സാധാരണദിനമായിട്ടും അന്നവിടെയുണ്ടായിരുന്നു. വലിയ ശബ്ദമുണ്ടാക്കി ഓടിയിരുന്ന വാഹനങ്ങൾ പോലും ലണ്ടൻ മോസ്കിന്റെ എത്രയോ അകലെവച്ചുതന്നെ ശബ്ദശല്യം ഒഴിവാക്കിയിരുന്നു. ലണ്ടൻനിവാസികൾ അത്രമാത്രം ആദരവാണ് ഹുസൂറിന്റെ ആസ്ഥാനത്തിന് നല്കിയത്. വിശുദ്ധിയുടെ പ്രതീകമായി ലണ്ടനിലെ ക്രിസ്തീയസമൂഹം ആ മസ്ജിദ് സമുച്ചയത്തെ കണ്ടു.

(തുടരും)

റഊഫ് റൂമി

# ജിഹാദെ അസ്ഗർ (ഇസ്‌ലാമികാടിസ്ഥാനത്തിൽ)

"നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്‌വൃത്തന്മാരുടെ കൂടെയാകുന്നു" (29:70).

വിശുദ്ധഖുർആനിലെ ഈ ആയത്തിൽ ജിഹാദിനെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. ഇവിടെ ഈ പദത്തിന് 'പരിശ്രമിക്കുക' എന്നാണ് അർത്ഥം. ജിഹാദ് എന്ന ഈ ചെറിയ പദത്തിന് ഇസ്‌ലാമിക സമൂഹത്തിലും ഓരോ വിശ്വാസിയുടെയും വ്യക്തിജീവിതത്തിലും അതിവിപുലമായ ഒരു അർത്ഥവ്യാപ്തിയുണ്ട്.

ഇസ്‌ലാമികാടിസ്ഥാനത്തിൽ ജിഹാദ് എന്നാൽ കൊല്ലുകയെന്നോ കൊല്ലപ്പെടുകയെന്നോ അർത്ഥമില്ല. മറിച്ച്, ജിഹാദ് എന്നാൽ അല്ലാഹുവിന്റെ പ്രീതിക്കായി അതികഠിനമായി പരിശ്രമിക്കുക എന്നാണ്. സാമൂഹികാടിസ്ഥാനത്തിലും വ്യക്തിജീവിതത്തിലും ആത്മീയപുരോഗതി കൈവരിക്കാൻ ജിഹാദ് അത്യന്താപേക്ഷിതമാണ്.

എന്നാൽ, ഇതൊരിക്കലും നാം കലഹങ്ങളുണ്ടാക്കാനും യുദ്ധം ചെയ്യാനും തയ്യാറായിക്കൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കണമെന്ന് അർത്ഥമാക്കുന്നില്ല. സത്യത്തിനും യാഥാർത്ഥ്യത്തിനും മുമ്പിൽ മുഖം തിരിച്ചു നില്ക്കാൻ ഒരിക്കലുംതന്നെ സാധ്യമല്ല. ഇസ്‌ലാം എന്ന പദത്തിന്റെ അർത്ഥംതന്നെ സമാധാനം എന്നാണ്. അതുകൊണ്ട് എല്ലാ പരിശ്രമവും നമ്മിലും നമ്മുടെ സമുദായങ്ങൾക്കിടയിലും മനുഷ്യസമൂഹത്തിലാകമാനവും ശാന്തിയും സമാധാനവും സാഹോദര്യവും നിലനിർത്താനായിരിക്കണം.

ജിഹാദിന് പലയിടത്തും 'വിശുദ്ധയുദ്ധം' (holy war) എന്ന് അർത്ഥം നല്കിയതായി കാണാം. ജിഹാദ് മുഖേന ഇസ്‌ലാമിന് നേരെയുള്ള ഭീഷണികളെ ചെറുക്കാമെന്നും അവിശ്വാസികളിൽ മതം പ്രചരിപ്പിക്കാമെന്നും പലരും തെറ്റായി ധരിച്ചുവച്ചിരിക്കുന്നു.

എന്നാൽ, 'വിശുദ്ധി'യും 'യുദ്ധ'വും ഒരിക്കലും തന്നെ ഒരുമിച്ചു ചേരുന്നതല്ല. യഥാർത്ഥത്തിൽ ഈ രണ്ടു പദങ്ങളും പരസ്പരം വിരുദ്ധങ്ങളാണ്. കാരണം, യുദ്ധം വരുത്തിവെക്കുന്ന വിനാശങ്ങൾക്ക് ഒരിക്കലും വിശുദ്ധിയുടെ മാനം നൽകാൻ കഴിയില്ല.

ഇന്നത്തെ കാലഘട്ടത്തിൽ, പാശ്ചാത്യസമൂഹവും അവരുടെ മാധ്യമങ്ങളും ജിഹാദിനെ വളരെയധികം തെറ്റിദ്ധരിച്ചിരിക്കുന്നുവെന്ന വസ്തുത വളരെയധികം ദൗർഭാഗ്യകരം തന്നെ! ഒരുതരത്തിൽ അവരെ ഇക്കാര്യത്തിൽ കുറ്റം പറയാനും കഴിയില്ല. കാരണം, ഈ കാലഘട്ടത്തിൽ അതിരുകടന്ന ചില മുസ്‌ലിം സംഘങ്ങളും അവരുടെ നേതാക്കന്മാരും ചേർന്ന് ജിഹാദിനെ 'വിശുദ്ധയുദ്ധ'മായി ചിത്രീകരിച്ചിരിക്കുന്നു. അവരുടെ എല്ലാ പരാക്രമങ്ങൾക്കും ജിഹാദെന്ന് പേരിടുകയും ചെയ്തിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ പലപ്പോഴും രാഷ്ട്രീയപരമായോ സാമ്പത്തികപരമായോ മറ്റുവല്ല പ്രകാരത്തിലോ ഉള്ള സ്വാർത്ഥലാഭത്തിനുള്ളതായിരിക്കും. ഇക്കാരണത്താൽ, ഇസ്‌ലാമിന്റെ മേലെ ഒരിക്കലുംതന്നെ അർഹിക്കുന്നില്ലെങ്കിലും, ബലാൽക്കാരമായി മതപരിവർത്തനം നടത്തുന്നു എന്ന് ആരോപിക്കപ്പെടുന്നു. രണ്ടർത്ഥത്തിലാണ് ജിഹാദ് എന്ന പദം വിശുദ്ധഖുർആനിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

(1) ***ജിഹാദ് ഫീ സബീലില്ലാഹി*** അഥവാ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയത്നം ചെയ്യുക. ശത്രുക്കൾ സത്യത്തെ ഭൂമിയിൽനിന്ന് തുടച്ചുനീക്കാൻ ശ്രമിക്കുമ്പോൾ മതത്തിന്റെ രക്ഷക്കായി ചെയ്യുന്ന പ്രതിരോധ യുദ്ധമാണിത്.

(2) ***ജിഹാദ് ഫില്ലാഹി*** അഥവാ അല്ലാഹുവിന്നായി പരിശ്രമിക്കുക. അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കാൻ ചെയ്യുന്ന അതികഠിനപ്രയത്നമാണിത്. ഈ രണ്ടാമത്തെ അർത്ഥത്തിന് ആദ്യത്തേതിനേക്കാളും ആത്മീയമായ പ്രാധാന്യം ഉണ്ട്.

ജിഹാദ് മൂന്നുതരത്തിലാണുള്ളത്.

(1) ഒരു വ്യക്തിയുടെതന്നെ തെറ്റായ വികാരങ്ങൾക്കും ആഗ്രഹങ്ങൾക്കും ദുഷിച്ച പ്രവണതകൾക്കെതിരിലും പരിശ്രമം നടത്തുക.

(2) എഴുത്തിലൂടെയും സംസാരത്തിലൂടെയും സ്വന്തം ധനം ഇസ്‌ലാമിന്റെ സൗന്ദര്യം അവിശ്വാസികളുടെ അടുക്കലെത്തിക്കുന്നതിനായും ഇസ്‌ലാം പ്രചരിപ്പിക്കുന്നതിനായും ഉപയോഗിച്ചുകൊണ്ട് കഠിന പരിശ്രമം നടത്തുക.

(3) സത്യത്തിന്റെ ശത്രുക്കൾക്കെതിരിൽ പരിശ്രമം നടത്തുക. ആത്മപ്രതിരോധത്തിന്നായി ചെയ്യുന്ന പരിശ്രമവും ഇതിൽപ്പെടുന്നു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ആദ്യത്തെ രണ്ട് ജിഹാദുകളേയും 'ജിഹാദെ അക്ബർ' എന്നും മൂന്നാമത്തേതിനെ 'ജിഹാദെ അസ്ഗർ' എന്നും വിശേഷിപ്പിച്ചിരിക്കുന്നു.

ഒരിക്കൽ യുദ്ധത്തിൽനിന്ന് മടങ്ങിവരവേ നബി (സ) തിരുമേനി ഇപ്രകാരം പറഞ്ഞതായി നിവേദന

ത്തിൽ വന്നിരിക്കുന്നു.

"നിങ്ങളിന്ന് ചെറിയ ജിഹാദി (ജിഹാദെ അസ്ഗർ- ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരെയുള്ളത്)ൽനിന്ന് വലിയ ജിഹാദി (ജിഹാദെ അക്ബർ)ലേക്ക് മടങ്ങിവന്നിരിക്കുന്നു."

**ജിഹാദെ അസ്ഗർ**

മുഹമ്മദ് നബി(സ) തിരുമേനിക്ക് ആദ്യമായി ഇറങ്ങിയ വചനം ഇപ്രകാരമായിരുന്നു.

"(സർവ്വവും) സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ ഓതുക. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. ഓതുക നിന്റെ നാഥൻ അത്യുദാരനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവനത്രെ (അവൻ) അവൻ മനുഷ്യന് അവനറിയാത്തത് പഠിപ്പിച്ചിരിക്കുന്നു."

ഇതിൽനിന്ന് അല്ലാഹു നബി(സ) തിരുമേനിയെ അല്ലാഹുവിന്റെ സന്ദേശത്തെ സംസാരത്തിലൂടെയും എഴുത്തിലൂടെയും പ്രചരിപ്പിക്കാനാണ് നിയോഗിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നു. ബലാൽക്കാരമായി വാളുകൊണ്ടോ മറ്റുവല്ല പ്രകാരത്തിലോ മതം പ്രചരിപ്പിക്കാൻ അല്ലാഹു കല്പിച്ചിട്ടില്ല. ഖുർആനിക വാക്യങ്ങളിലൂടെ അല്ലാഹുവിന്റെ സന്ദേശത്തെ ലോകം മുഴുവൻ പ്രചരിപ്പിക്കാൻ മാത്രമാണ് കല്പന.

മുഹമ്മദ് നബി(സ) തിരുമേനി തന്റെ ദൗത്യം ഏറ്റെടുത്തപ്പോൾ മക്ക മുഴുവൻ അദ്ദേഹത്തിന്നെതിരെ തിരിഞ്ഞു. ആദ്യകാലത്ത് വെറും നാലുപേർ മാത്രമായിരുന്നു വിശ്വാസം കൈക്കൊണ്ടത്. അവരും മക്കാ മുശ്രിക്കീങ്ങളുടെ പരിഹാസത്തിന്നിരയായി. നബി(സ) തിരുമേനിക്ക് ദൈവികവചനങ്ങൾ വീണ്ടും വീണ്ടും ഇറങ്ങിയപ്പോൾ ജനങ്ങൾ പുതിയ സന്ദേശത്തിലേക്ക് ആകൃഷ്ടരായിത്തുടങ്ങി. ഇവരിലധികവും യുവാക്കളും മക്കാസമൂഹത്തിലെ അടിച്ചമർത്തപ്പെട്ടവരുമായിരുന്നു. സ്ത്രീകൾ പ്രത്യേകിച്ചും പുതുവിശ്വാസം സ്വീകരിക്കാൻ വെമ്പൽകൊണ്ടു. കാരണം അതവർക്ക് തങ്ങളുടെ പിതാക്കളുടെയും ഭർത്താക്കന്മാരുടെയും ആൺമക്കളുടെയും ഇടയിൽ അന്തസ്സ് പ്രദാനം ചെയ്യുന്നു. അന്നുവരെ മക്കൻ സ്ത്രീകൾക്ക് യാതൊരുവിലയും ആ കിരാതസമൂഹത്തിൽ ഉണ്ടായിരുന്നില്ല. ഇസ്ലാമിന്റെ ഈ വിജയം നബി(സ) തിരുമേനിക്കും ആദ്യകാല വിശ്വാസികൾക്കുമെതിരിൽ മക്കക്കാർ കൊടിയ മർദ്ദനങ്ങൾ അഴിച്ചുവിടാൻ കാരണമായി. മക്കക്കാരുടെ പന്തിവിരോധം നാൾക്കുനാൾ മൃഗീയമായിക്കൊണ്ടിരുന്നു. ഈ പുതിയ വിശ്വാസം മക്കൻ സംസ്കാരത്തെ തന്നെ തുടച്ചുവാർക്കാൻ പോന്നതാണെന്ന് അവർ ഭയപ്പെട്ടു.

ഈ ഭയം നിമിത്തം അവിശ്വാസികൾ മക്കൻ തെരുവുകളിൽ വിശ്വാസികളെ അറുകൊല ചെയ്തു. മക്കൻ വീഥികളിൽ അക്ഷരാർത്ഥത്തിൽ രക്തപ്പുഴയൊഴുകി. എന്നാൽ, അവർക്ക് വിശ്വാസികളുടെ ആത്മധൈര്യം കെടുത്താൻ കഴിഞ്ഞില്ല. വിശ്വാസികൾ അവരുടെ വിനയവും കർമ്മകുശലതയും കൈമുതലാക്കി മുന്നേറിക്കൊണ്ടിരുന്നു. പീഡനങ്ങൾ അതിരുകവിഞ്ഞപ്പോൾ അല്ലാഹു ഹിജ്റത്ത് ചെയ്യാൻ കല്പിച്ചു. അപ്പോഴേക്കും ഇസ്ലാമിനെ ശത്രുക്കൾ നാലുപാടും വളഞ്ഞുകഴിഞ്ഞിരുന്നു. അങ്ങനെ ആദ്യമായി നബി(സ) തിരുമേനിക്ക് ജിഹാദെ അസ്ഗറിനായുള്ള കല്പന ലഭിച്ചു.

"യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു."

മുസ്ലിംകൾക്ക് ആത്മരക്ഷയ്ക്കായി ആയുധമെടുക്കാൻ ലഭിച്ച ആദ്യകല്പനയാണ് ഈ ആയത്തെന്നാണ് പണ്ഡിതമതം. ഈ അനുമതിക്കുള്ള പ്രധാന കാരണം മുസ്ലിംകൾ അതികഠിനമായ പീഡനങ്ങൾ സഹിച്ചുവെന്നതും യുദ്ധം യഥാർത്ഥത്തിൽ അവരുടെ മേൽ അടിച്ചേല്പിക്കപ്പെട്ടിരിക്കുകയാണെന്നുമാണ്.

ഇതിനടുത്ത ആയത്തിൽ അല്ലാഹു, ജിഹാദെ അസ്ഗറിനുള്ള അനുമതി നല്കിയില്ലായിരുന്നെങ്കിൽ വളരെയധികം ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടുമായിരുന്നുവെന്ന് പറയുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനപ്രയത്നം ചെയ്യുന്നവനെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും.

ഇത്തരത്തിലുള്ള ജിഹാദ് തങ്ങളുടെ നേർക്ക് ആക്രമണമുണ്ടായാൽ പ്രാണരക്ഷയ്ക്കായി തിരിച്ചും യുദ്ധം ചെയ്യാൻ മാത്രമുള്ള അനുമതിയാണെന്ന് വിശുദ്ധഖുർആൻ വീണ്ടും വീണ്ടും ഉണർത്തുന്നു. ഈ പ്രതിരോധ നടപടിയെയാണ് തെറ്റായി ചിത്രീകരിച്ചിരിക്കുന്നത്. മതപരിവർത്തനം അല്ലെങ്കിൽ മരണം, ഇസ്ലാം അല്ലെങ്കിൽ വാൾ എന്നാണ് നബി(സ) പഠിപ്പിച്ചതെന്ന് (നഊദുബില്ലാഹ്) ശത്രുക്കൾ പറഞ്ഞുണ്ടാക്കുന്നു.

വാളുകൊണ്ടുള്ള ഈ പ്രതിരോധയുദ്ധം ഒരു പ്രത്യേക സാഹചര്യത്തിൽ മാത്രം അനുവദിക്കപ്പെട്ടതായിരുന്നു. യഥാർത്ഥത്തിൽ വാളെടുത്തവൻ വാളാൽ എന്ന പ്രയോഗത്തെ അന്വർത്ഥമാക്കിക്കൊണ്ട് ഇസ്ലാമിനെ നശിപ്പിക്കാൻ വാളെടുത്തവർ സ്വയം വാളാൽ നശിക്കുകയായിരുന്നു. ഒരു സമൂഹം ഇസ്ലാമിന്റെ നാശത്തിന്നിറങ്ങിത്തിരിക്കാത്തിടത്തോളംകാലം മുസ്ലിംകൾ അവരോട് ജിഹാദ് ചെയ്തിട്ടില്ല.

ആരേയും അനാഥരോ നിസ്വരോ ആക്കാൻ വേണ്ടി മുസ്ലിംകൾ വാളെടുത്തിട്ടില്ല. അവർ യുദ്ധം ചെയ്തത് ആത്മരക്ഷയ്ക്ക് വേണ്ടിയായിരുന്നു. ഇസ്ലാമിനെ സംരക്ഷിക്കാൻ വേണ്ടി, മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും നിലനിർത്താൻ വേണ്ടി. മറ്റു മതസ്ഥരേയും ആരാധനാലയങ്ങളേയും സംരക്ഷിക്കാൻ വേണ്ടിയും.

ചുരുക്കത്തിൽ ഇസ്ലാമിക യുദ്ധങ്ങൾ വിശ്വാസ

*പേജ് 36 - ൽ*

ലേഖനം

എ.ക്യു. മഹ്ദി

**ഈജിപ്ഷ്യൻ സഞ്ചാരരേഖകൾ– 5**

# ഒരു ട്രെയിൻ സഞ്ചാരവും, നൈലിലൂടെയുള്ള നദീയാത്രയും

**അ**തൊരു സ്ലീപ്പർക്ലാസ്സ് ട്രെയിനായിരുന്നു; എല്ലാ ബോഗികളും എയർകണ്ടീഷൻ ചെയ്തവ. തീവണ്ടിമുറിക്കുള്ളിൽ ഒരുക്കിയിരുന്ന സൗകര്യങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. ഈ സാധാരണ സ്ലീപ്പർ വണ്ടി, നമ്മുടെ അഭിമാനതീവണ്ടിയായ രാജധാനി എക്സ്പ്രസ്സിനേക്കാൾ ഉയർന്ന നിലവാരം പുലർത്തുന്നതായി കണ്ടു. ബ്രിട്ടീഷുകാർ വളരെ മുമ്പ് നിർമ്മിച്ചു നല്കിയതാണ് ഈജിപ്ഷ്യൻ റെയിൽവേയെങ്കിലും ഇപ്പോഴും ആ ഉന്നതനിലവാരംതന്നെ പുലർത്തുന്നുണ്ടെന്ന് പറയാതെ വയ്യ.

അടച്ചുപൂട്ടി രണ്ടുപേർക്ക് സുഖമായി ഉറങ്ങാനുള്ള എ.സി. ക്യാബിനുകൾ. ക്യാബിനുള്ളിൽ എല്ലാ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇന്റർകോം ടെലിഫോൺ ഉൾപ്പെടെ. രാത്രിയിൽ തണുപ്പധികമായാൽ ബോഗിക്കുള്ളിൽ ചൂടുവായു പ്രവഹിക്കുവാനുള്ള ഹീറ്റിംഗ് സൗകര്യം പോലുമുണ്ട്. ഹീറ്ററിട്ടാണ് ഞങ്ങളാരാത്രി ഉറങ്ങിയത്.

രാത്രിഭക്ഷണവും പിറ്റേന്നത്തെ പ്രാതലും ഉൾപ്പെടുന്നതാണ് ടിക്കറ്റ് ചാർജ്. പുലർച്ചക്ക് ബെഡ്കോഫി വരെ ട്രെയിൻ ഹോസ്റ്റസ് വിളിച്ചുണർത്തി തരികയുണ്ടായി.

കെയ്റോയിലെ തീവണ്ടിയാഫീസ് നമ്മുടെ ഒരു എയർപോർട്ടിനേക്കാളും വലിപ്പമുള്ളതും എല്ലാ ആധുനിക സൗകര്യങ്ങളുമുള്ളതാണ്. ആ തീവണ്ടി ടിക്കറ്റ് ഇന്നും സൂക്ഷിച്ചിട്ടുണ്ട്. അതൊരു വിമാന ടിക്കറ്റിനു സമാനം. പക്ഷേ, അതിൽ അച്ചടിച്ചിരിക്കുന്നതും എഴുതിയിരിക്കുന്നതുമൊക്കെ അറബിയിലാണ്.

രാവിലെ ഞങ്ങൾ തീവണ്ടിയിറങ്ങിയ ലക്സർ സ്റ്റേഷനും ഒട്ടും മോശമല്ലാത്ത വലിപ്പമുള്ളതുതന്നെ. ലക്സർ ഒരിടത്തരം നഗരമാണ്. കെയ്റോയിലുള്ളതിനേക്കാൾ അധികം പുരാതന ദേവാലയങ്ങൾ ഉണ്ടെന്നുള്ളതാണ് ഈ സ്ഥലത്തിന്റെ ടൂറിസ്റ്റ് പ്രാധാന്യം.

നൈൽനദീതീരത്താണ് ഈജിപ്തിലെ പട്ടണങ്ങളെല്ലാംതന്നെ. ലക്സറും അതെ. അന്ന് പകൽ ഉച്ചവരെയാണ് സിറ്റിടൂർ. അതിനിടയിൽ പല ടെമ്പിളുകളും കാണുകയും ആവാം. അത് കഴിഞ്ഞാണ് ഈജിപ്ത് യാത്രയിലെ ഏറ്റവും മനോഹരമായ ഇനം അരങ്ങേറുക. അത് നൈൽനദിയിലൂടെ ഒരു കപ്പൽയാത്രയാണ്. ഈജിപ്തിന്റെ ഏറ്റവും തെക്കേയറ്റമായ അസ്വാനിലേക്കാണ് ഈ നദീയാത്ര.

മൂന്നുരാത്രിയും നാല് പകലും നീണ്ടുനില്ക്കുന്ന ഈ നൈൽനദീ യാത്ര വളരെ ഹൃദ്യമായ ഒരനുഭവം പകർന്നുതരുമെന്ന് ബോബ് പലതവണ ഞങ്ങളെ ഓർമ്മിപ്പിച്ചിരുന്നു.

അന്നു രാത്രിയിലെ ഭക്ഷണം, അതായിരുന്നു കപ്പലിൽ കിട്ടിയ ആദ്യ ഡിന്നർ, അത് അതീവരുചികരമായിരുന്നു. ഒരു ഇൻഡോ–അറബ് ടച്ചും, ടേസ്റ്റും ഉണ്ടായിരുന്നു ഭക്ഷണത്തിന്, പ്രത്യേകിച്ച്, ചിക്കൻ വിഭവങ്ങൾക്ക്.

ക്യാബിനുള്ളിൽ വശത്തെ ഗ്ലാസ്സ് ജനാലയുടെ കർട്ടൻ നീക്കിയാൽ ആ ഭാഗത്തെ നദീതീരം വ്യക്തമായി കാണാം. പകൽ നാലുമണിക്കാണ് കപ്പലിൽ കയറിയതെങ്കിലും ഞങ്ങൾ ഉറക്കമായതിനുശേഷം എപ്പോഴോ ആണ് കപ്പൽ യാത്ര ആരംഭിച്ചത്. അർദ്ധരാത്രിയിൽ ഏതോ സമയത്ത് ഉണർന്ന് വെറുതേ ജനാലയുടെ ശീല നീക്കിനോക്കിയപ്പോൾ വൈദ്യുതിവെളിച്ചത്തിൽ മുങ്ങിനില്ക്കുന്ന ചെറിയ ചില നഗരങ്ങളും രാത്രിയിലും സജീവമായി പ്രവർത്തിക്കുന്ന ചില ഫാക്ടറികളും കടന്നുപോകുന്ന തീരങ്ങളിൽ കണ്ടു. ഭാര്യ ബോധമറ്റുറങ്ങുമ്പോഴും ഈ പുറംകാഴ്ചകളിൽ മുഴുകി, ഏറെനേരം ജനലിലൂടെ പുറത്തേക്കുനോക്കി ഞാനിരുന്നു.

ക്യാബിനുള്ളിൽ ഉറപ്പിച്ചുവച്ചിരുന്ന ടി.വിയിൽ അറബി ചാനലുകൾ മാത്രമായിരുന്നു. ഇന്ത്യൻ പരിപാടികൾ ഒന്നുംതന്നെ കിട്ടിയിരുന്നില്ല.

ഈജിപ്ത് യാത്രയുടെ എട്ടാം ദിവസമാണിന്ന്. ഇവിടെ എത്തിയതിനുശേഷം ഇതുവരെ ലോകം എവിടെച്ചെന്നെത്തി നില്ക്കുന്നുവെന്നത് അറിയാൻ ഒരു മാർഗ്ഗവും കണ്ടില്ല. ഇംഗ്ലീഷ് പത്രമാസികകൾ പോലും എങ്ങും ലഭ്യമായിരുന്നില്ല.

കപ്പലിലെ രണ്ടാംദിവസം. പുലർച്ചക്ക് സുബ്ഹി നമസ്കാരം കഴിഞ്ഞ് ഞാനും ഭാര്യയും കപ്പലിന്റെ മുകൾത്തട്ടിലെ ഡെക്കിലേക്ക് കയറിപ്പോയി. അസ്ഥിതുളച്ചുകയറുന്ന തണുപ്പിൽനിന്നും കമ്പിളി സ്വെറ്ററും ജാക്കറ്റും തെല്ലൊരാശ്വാസം തന്നു. മറ്റാരും പുറത്തിറങ്ങിയിട്ടില്ല. എല്ലാവരും ക്യാബിനുള്ളിൽ മൂടിപ്പുതച്ചുറങ്ങുന്നുണ്ടാവും.

മുകൾത്തട്ടിൽ നിന്നാൽ ചുറ്റുമുള്ള ലോകം മുഴുവൻ വ്യക്തമായി കാണാം. നൈലിന്റെ രണ്ട് കരകളുടെയും കാഴ്ച ആ പുലർക്കാലമഞ്ഞിന്റെ നേർത്ത ആവരണത്തിന്നിടയിലൂടെ, മനോഹരമായിരുന്നു. ഒക്കെയും വിവിധ ഷെയ്പ്പുകളിൽ വ്യത്യസ്ത നിറ

ങ്ങൾ പൂശിയ കപ്പലുകൾ. അവയുടെയൊക്കെ മുകൾത്തട്ടിൽ മൂവിക്യാമറയുമായി വശങ്ങളിലെ കാഴ്ചകൾ പകർത്തുന്ന വെള്ളക്കാരായ ടൂറിസ്റ്റുകൾ. ചില കപ്പലുകൾ ഞങ്ങളെ കടന്നുപോയപ്പോൾ അവയിലെ പാശ്ചാത്യ സഞ്ചാരികളിൽ പലരും ഹൃദ്യപൂർവ്വം കൈവീശിക്കാട്ടി.

ചെറിയ ഒരു പോർട്ടിനടുത്തെത്തിയപ്പോൾ ഞങ്ങളുടെ ജലവാഹനത്തിന്റെ വേഗത കുറഞ്ഞു. വശത്തെ തീരം ലക്ഷ്യമാക്കി അത് മെല്ലെ തിരിഞ്ഞു. ഇവിടെയാണ് ഈജിപ്തിലെ വളരെ വലിയ ഒരു പുരാതന ക്ഷേത്രമായ കർണാക് ക്ഷേത്രം.

ക്ഷേത്രത്തിനോടനുബന്ധിച്ച് കൗതുകവസ്തുക്കൾ വിൽക്കുന്ന നിരവധി സ്റ്റാളുകളുണ്ട്. ഈജിപ്ഷ്യൻ കോട്ടൺകൊണ്ട് തുന്നിയ ഉടയാടകൾ വിൽക്കുന്ന കടകളും ധാരാളമായുണ്ടായിരുന്നു. ചുരുളൻ മുടിയും ഇരുണ്ട നിറവുമുള്ള ഒരുതരം സങ്കര അറബികളായിരുന്നു വ്യാപാരികളിലധികവും.

ഞങ്ങൾ വീണ്ടും യാത്ര പുറപ്പെട്ടു. ഓരോ സ്ഥലത്തുനിന്നും കഴിയുന്നത്ര ഫോട്ടോകളെടുക്കാനും ശ്രമിച്ചിരുന്നു. കപ്പൽ നീങ്ങിത്തുടങ്ങിയപ്പോൾ അവിടെ നങ്കൂരമിട്ടിരുന്നതും, പിന്നിലും മുന്നിലുമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നതുമായ കപ്പലുകളെ വെറുതെ ഞാനൊന്നെണ്ണി നോക്കി, 22 എണ്ണം ഉണ്ടായിരുന്നു അവ. ടൂർ ഗൈഡ് പറഞ്ഞതോർമ്മവന്നു, ലക്സറിനും ആസ്വാനുമിടയ്ക്ക് ഒട്ടാകെ ഇരുന്നൂറിലധികം കലപ്പലുകളാണ് നിത്യേന സഞ്ചാരികളേയുംകൊണ്ട് നീങ്ങുന്നത്. ആ കപ്പലുകളിലൂടെ വിദേശസഞ്ചാരികളിൽനിന്ന് ഈജിപ്തിന് ലഭിക്കുന്ന വരുമാനം ഒരിക്കലും മോശമാവാനിടയില്ല. വെറുതെ എന്തിന് വിൽപനനികുതിയും ആദായനികുതിയും പിരിക്കണം.

കണ്ണീർപോലെ തെളിഞ്ഞ വെള്ളമാണ് നൈലിലേത്. നമ്മുടെ നദികളിലും കായലുകളിലും കാണുന്ന മാലിന്യങ്ങളോ, ജലപ്പരപ്പിലൂടെ പൊന്തിയൊഴുകിനടക്കുന്ന അവശിഷ്ടങ്ങളോ ഒന്നും എങ്ങും കണ്ടില്ല. സർക്കാർ മാത്രമല്ല, പൊതുജനങ്ങളും, സഞ്ചാരികളുമൊക്കെ നൈലിനെ സംരക്ഷിക്കാൻ ശപഥമെടുത്തതുപോലെ.

കപ്പലിലെ ക്യാപ്റ്റൻ, ഒരു ബ്രിട്ടീഷുകാരൻ സായ്പ്, അദ്ദേഹം ഞങ്ങൾക്കൊരുക്കിയ പ്രത്യേക വിരുന്നിൽ പറഞ്ഞ ഒരു പ്രധാന കാര്യം ഇതായിരുന്നു.

'നൈൽനദി ഈജിപ്തിന്റെ അനുഗ്രഹമാണ്. അത് ലോകത്തിന്റെ സ്വത്താണ്, ഭൂമിയിലെ നദികൾ ദൈവം നമുക്ക് നല്കിയ വരദാനവുമാണ്. അവ മലിനപ്പെടുത്താൻ ഒരിക്കലും ഇടവരുത്തരുത്. ഒരു സിഗററ്റ് കുറ്റിപോലും ജലപ്പരിപ്പിലേക്ക് വലിച്ചെറിയരുത്, ഒക്കെയും കപ്പലിനുള്ളിലെ വേസ്റ്റ്-ബിന്നിൽതന്നെ നിക്ഷേപിക്കണം...."

മലയാളിയായ, കേരളീയനായ, ഇന്ത്യക്കാരനായ എന്നെ, ക്യാപ്റ്റന്റെ വാക്കുകൾ ചിന്തിപ്പിച്ചു. സ്വന്തം വീട്ടിലെ ചപ്പുചവറുകൾ മുമ്പിലെ പൊതുവീഥിയിലേക്ക് സൂത്രത്തിൽ വലിച്ചെറിഞ്ഞ്, സ്വഗൃഹം വെടിപ്പാക്കാൻ ശ്രമിക്കുന്ന, സ്വച്ഛമായി ഒഴുകുന്ന നദികളിൽ, ശുദ്ധജല തടാകങ്ങളിൽ, സ്വന്തം വീട്ടിലെ ടോയ്‌ലറ്റിന്റെ കണക്ഷൻ തുറന്നുവിടുന്നവരുടെ കൂട്ടത്തിൽനിന്നുവരുന്ന ഒരുവനാണല്ലോ ഞാനെന്നോർത്ത്, എന്റെ ശിരസ്സ് അറിയാതെ കുനിഞ്ഞുപോയി.

കപ്പലിലെ മൂന്നാം ദിവസം. രസകരമായിരുന്നു കഴിഞ്ഞ രണ്ടു നാളിലെയും നൈൽനദീയാത്ര. ചിലപ്പോൾ ദീർഘനേരം വിജനമായ തീരങ്ങൾ കണ്ടുകൊണ്ട് യാത്ര തുടരുമ്പോൾ, ഇടയ്ക്കിടെ ജനസാന്ദ്രത കുറഞ്ഞതും ജനവാസമുള്ളതുമായ ഇടത്തരം പട്ടണങ്ങളും ചെറിയ ചെറിയ ഗ്രാമങ്ങളും കണ്ടിരുന്നു.

സംഭാഷണമദ്ധ്യേ, ബോബ് ഈ യാത്രയ്ക്കിടയിൽ അടുത്തുതന്നെ കാണാൻപോകുന്ന വിചിത്രതരമായ ഒരു കാഴ്ചയെപ്പറ്റി വിവരിക്കാൻ തുടങ്ങി. എല്ലാവരും അതീവതാല്പര്യത്തോടെ കേട്ടുനിന്നു.

''അപ്പർ നൈലിനും ലോവർ നൈലിനും വ്യത്യസ്ത ജലനിരപ്പുകളാണുള്ളത്. ഈജിപ്തിന്റെ തെക്കുഭാഗമായ ഉയർന്ന നൈൽ എന്നു പറയുന്നത് അസ്വാനോട് ചേർന്ന ഭാഗമാണ്. അവിടേയ്ക്കാണ് നാമിപ്പോൾ പോകുന്നത്. അവിടത്തെ നൈലിലെ ജലനിരപ്പ് കെയ്റോയ്ക്കടുത്തുകൂടി ഒഴുകുന്ന നദീഭാഗത്തിന്റേതിനേക്കാൾ വളരെ ഉയർന്നതാണ്."

ഒരു നദിക്ക് രണ്ട് ജലനിരപ്പോ, ഞാൻ മനസ്സിലോർത്തു. ബോബ് തുടർന്നു. "ഈ ജലാതിർത്തികളെ വേർതിരിച്ചിരിക്കുന്ന ഒരു ഭാഗമുണ്ട്, ഒരു ബണ്ട്. ആ ഭാഗത്തിന് 'എൻസാ ലോക്ക്' എന്നാണ് പറയുക. അവിടെ എത്തുമ്പോൾ കപ്പൽ ഒരു പ്രത്യേക സ്ഥലത്ത്, അപ്പർഭാഗത്തെ ജലം താഴേയ്ക്ക് ഒഴുകുന്നത് തടഞ്ഞുനിർത്തുന്ന ഒരു കൂറ്റൻ ഷട്ടറിനരികെ നങ്കൂരമിടും. അവിടെ, പിൻഭാഗത്തുമുണ്ട് മറ്റൊരു ഉരുക്കു ഷട്ടർ. കപ്പൽ ലോക്കിൽ കയറിക്കഴിഞ്ഞാൽ പിന്നിലെ ഷട്ടർ അടയ്ക്കപ്പെടുന്നു. അപ്പോൾ നൈലിന്റെ ഉയർന്നഭാഗത്തുനിന്നും വെള്ളം താഴേയ്ക്ക് ഒഴുകുകയില്ല.

മുഴുവൻ കേൾക്കാനായി എല്ലാവരും കാതോർത്തുനിന്നു. "ലോക്കിനുള്ളിൽ പ്രവേശിച്ച കപ്പലിന്, മുൻഗേറ്റ് തുറന്നാലുടൻ പ്രയാണം ആരംഭിക്കാം. രണ്ട് കപ്പലുകൾക്കു മാത്രമേ ഒരേസമയം ലോക്കിനുള്ളിൽ പ്രവേശിക്കാനാവൂ എന്നതിനാൽ ഓരോ രണ്ടു കപ്പലുകൾ കടന്നുപോകുമ്പോഴും ഈ പ്രക്രിയ ആവർത്തിക്കുന്നു. ഇതിനായി നിരവധി ജലവാഹനങ്ങൾ അവിടെ ഊഴംകാത്ത് കിടപ്പുണ്ടാകും. തിരക്കുള്ള ദിവസങ്ങളിൽ ഏഴെട്ട് മണിക്കൂർവരെ അവിടെ കാത്തുനിൽക്കേണ്ടി വരാറുണ്ട്."

"ആ കാത്തുകിടപ്പിന്റെ ഇടവേളയിലാണ്, വ്യത്യസ്തമായ ഒരു കാഴ്ച നിങ്ങൾക്ക് കാണാനിടവരിക. തികച്ചും വിചിത്രതരമായ ഒരു വ്യാപാരം."

"വിചിത്രതരമായ വ്യാപാരമോ, അതെന്താണ്?" വിശദവിവരം കേൾക്കാൻ എല്ലാവർക്കും തിടുക്കമായി. ഒരു ചെറുപുഞ്ചിരിയോടെ ബോബ് വിശദീകരണം തുടർന്നു. അപ്പോഴും ഒരു സിഗരറ്റ് ബോബിന്റെ കൈവിരലുകൾക്കിടയിലിരുന്നു എരിയുന്നുണ്ടായിരുന്നു.

"താഴെ, നദിയിലൂടെ കപ്പലിനെ വട്ടംചുറ്റി ചെറിയ ചെറിയ വള്ളങ്ങളിൽ കോട്ടൺ തുണിത്തരങ്ങളും,

റെഡിമെയ്ഡ് വസ്ത്രങ്ങളും വിൽക്കാനെത്തുന്ന ഗ്രാമീണ അറബികളുടെ ഒരു കൂട്ടത്തെ നിങ്ങൾക്കവിടെ കാണാം. അവരുടെ ചെറിയ വള്ളങ്ങളിൽ തുണിത്തരങ്ങളുടെ ഒരു ശേഖരംതന്നെയുണ്ടാവും. അറബികുപ്പായങ്ങളും, ബുർക്കയും, ചുരിദാറും, നൈറ്റിയും, ഷർട്ടും, ടീ-ഷർട്ടും, ബെഡ്ഷീറ്റുകളുമൊക്കെ..."

സിഗററ്റിന്റെ അവസാനത്തെ പുകയും ആസ്വദിച്ചു വലിച്ചുതീർത്തിട്ട്, എരിഞ്ഞടങ്ങിയ കുറ്റി, ബോബ് തൊട്ടരികിലിരുന്ന ആഷ്ട്രേയിൽ നിക്ഷേപിച്ചു.

'ഈജിപ്ഷ്യൻ കോട്ടൺ ലോകപ്രസിദ്ധമാണെന്ന് നിങ്ങൾക്കുതന്നെ അറിയാമല്ലോ...തെല്ലൊരു അഭിമാനത്തോടെയാണ് ബോബത് കൂട്ടിച്ചേർത്തത്.

"ചുറ്റും വിൽപ്പനച്ചരക്കുമായി നിരവധി വള്ളങ്ങൾ. നിങ്ങൾ ആവശ്യപ്പെടാതെതന്നെ കപ്പലിന്റെ മുകൾത്തട്ടിലേക്ക് അവർ, താഴെ വള്ളത്തിൽനിന്നും തുണിത്തരങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി എറിഞ്ഞുതരും. ആവശ്യമെങ്കിൽ നിങ്ങൾക്കത് പരിശോധിക്കാം. വിലപേശാം. വില ഉറപ്പിച്ചുകഴിഞ്ഞാൽ അവർ മറ്റൊരു വസ്ത്രം ഒരു കവറിലാക്കി എറിഞ്ഞുതരുന്നു. അതൊരു കാരിയർ ബാഗാവും, രൂപ അവർക്കെത്തിക്കാനുള്ള സംവിധാനം. ആ കാരിയർ കവറിനുള്ളിൽ രൂപ വച്ചു തിരികെ എറിഞ്ഞുകൊടുത്തു കഴിഞ്ഞാൽ കച്ചവടം പൂർത്തിയായി."

ബോബ് അടുത്ത സിഗരറ്റിൽ തീ കൊളുത്തിക്കഴിഞ്ഞിരുന്നു. എല്ലാവർക്കും ഈ വിചിത്ര വ്യാപാരം കാണാൻ താല്പര്യമായി. ബോബ് തുടർന്നു.

"പരസ്പര വിശ്വാസത്തിന്മേൽ മാത്രം നടത്തപ്പെടുന്ന ഒരു വ്യാപാരമാണിതെന്നോർക്കണം. ശരിക്കും വള്ളങ്ങളിലുള്ളവർ നമ്മെ വിശ്വസിച്ചാണ് ഇവ കപ്പലിലേക്ക് എറിഞ്ഞുതരുന്നത്. നാമും ഈ വള്ളക്കാരെ വിശ്വസിച്ചാണ് ഇവ വാങ്ങുന്നതും. ഇതാ നാം എൻസാലോക്കിനടുത്തെത്തിക്കൊണ്ടിരിക്കുന്നു."

ബോബ് വാക്കുകൾ അവസാനിപ്പിച്ചുവെന്നു തോന്നി. തന്റെ സിഗരറ്റിന്റെ അവസാനപുകയും ആസ്വദിച്ചു വലിച്ച് ഉള്ളിലേയ്ക്കെടുത്തിട്ട്, ഡെക്കിനരികിലെ സ്വിമ്മിംഗ് പൂളിനടുത്തിട്ടിരുന്ന ഒരു കസേരയിൽ അയാളിരുന്നു.

ഇതിനകം നദീലോക്കിനടുത്ത് ഞങ്ങളുടെ ജലവാഹനമെത്തിക്കഴിഞ്ഞിരുന്നു. അവിടെ ഞങ്ങൾക്ക് മുന്നിൽ ഊഴം കാത്തുകിടക്കുന്ന രണ്ട് കപ്പലുകൾ മാത്രം. അവ ഷട്ടറുകൾക്കുള്ളിൽ പ്രവേശിച്ചുക്കൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് കാണാം. എന്നാൽ, ഞങ്ങൾക്കു പിന്നിലൂടെ നിരവധി കപ്പലുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഞങ്ങൾ നങ്കൂരമിട്ടു. മുഴുവൻ യാത്രക്കാരും ഇപ്പോൾ ഡെക്കിലുണ്ട്, മേൽത്തട്ടിൽ.

ബോബ് പറഞ്ഞമാതിരി കൊച്ചുകൊച്ചു വള്ളങ്ങൾ ചുറ്റും വന്നുനിരന്നു. ഓരോ വള്ളത്തിലും രണ്ടുപേർ വീതമുണ്ട്. ഒരാൾ തുഴയാൻ അപരൻ കച്ചവടം ചെയ്യാൻ. ഡെക്കിലേക്ക് ഞങ്ങളാവശ്യപ്പെടാതെതന്നെ വള്ളത്തിൽനിന്നും തുണിക്കെട്ടുകൾ തുരുതുരാ വന്നുവീണുതുടങ്ങി. ഞങ്ങളിൽ പലരും അവയോരോന്നും എടുത്ത് പരിശോധിക്കാനും ആരംഭിച്ചു. തുണി ആവശ്യമില്ലെങ്കിൽപോലും രസകരവും വിചിത്രതരവുമായ ഈ വ്യാപാരത്തിൽ പങ്കുകൊള്ളാൻ ആരും ആഗ്രഹിച്ചുപോകും.

എനിക്കൊരു അറബിക്കുപ്പായവും ഭാര്യക്ക് രണ്ടുമൂന്ന് കോട്ടൺ നൈറ്റികളും, കുട്ടികൾക്കുള്ള ചില ഉടുപ്പുകളും ഞങ്ങളും വിലപേശി വാങ്ങി, പണം വള്ളത്തിലേക്ക് എറിഞ്ഞുകൊടുത്തു.

ഞങ്ങൾക്ക് വസ്ത്രങ്ങൾ തന്ന തോണിയിലെ കൗമാരപ്രായം കഴിഞ്ഞ ആ അറബിക്കുട്ടി, വേണ്ടെന്ന് ഞാൻ വിലക്കിയിട്ടും വീണ്ടും തുണിക്കവറുകൾ എറിഞ്ഞുതരാൻ മുതിർന്നു. ഞാൻ തടയുന്നതിനിടെ, ഒരു കവർകൂടി ഞങ്ങൾക്ക് മുമ്പിൽ വന്നുവീണു. വെള്ളയിൽ പച്ചയും നീലയും ക്രോസ് വരകളുള്ള മനോഹരമായ ഒരു ഡബിൾസൈഡ് ബെഡ്ഷീറ്റ് ആയിരുന്നു കവറിനുള്ളിൽ.

പെട്ടെന്നാണ് കപ്പൽ നീങ്ങിത്തുടങ്ങിയത്. ഇതിനകം ലോക്കിന്റെ പിൻഷട്ടർ ഞങ്ങളുടെ കപ്പൽ പ്രവേശിക്കാനായി തുറന്നുകഴിഞ്ഞിരുന്നു. കപ്പൽ, ലോക്കിനുള്ളിലേക്ക് പ്രവേശിച്ചുതുടങ്ങി. അപ്രതീക്ഷിതമായ ഈ നീക്കംമൂലം ബെഡ്ഷീറ്റോ അതിന്റെ വിലയോ തിരികെ എറിഞ്ഞുകൊടുക്കാൻ എനിക്കായില്ല. തങ്ങളുടെ കൊതുമ്പുവള്ളം തുഴഞ്ഞുകൊണ്ട് ആ അറബിക്കുട്ടികൾ ഞങ്ങൾക്ക് പിന്നാലെ പാഞ്ഞുവരാൻ കിണഞ്ഞുശ്രമിച്ചുവെങ്കിലും കപ്പലിന്റെ വേഗത കാരണം അവർക്ക് ഞങ്ങളെ സമീപിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഞങ്ങളുടെ കപ്പലുമായുള്ള വള്ളത്തിന്റെ അകലം വല്ലാതെ വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഞങ്ങളാ തുണിക്കെട്ട് എറിഞ്ഞുകൊടുത്താലും കിട്ടാത്തവിധം ഏറെ പിന്നിലായിപ്പോയിരിക്കുന്നു അവരപ്പോൾ.

എനിക്കും ഭാര്യക്കും വല്ലാത്ത വിഷമം തോന്നി. സഹയാത്രികരും ഖേദം പ്രകടിപ്പിച്ചു. അപ്പോഴും ആ കൗമാരപ്രായക്കാർ ഞങ്ങളെ സമീപിക്കാനായി ആഞ്ഞുതുഴഞ്ഞുകൊണ്ടിരുന്നു. പക്ഷേ, അവർക്ക് ഞങ്ങളുടെ അടുത്തെത്താൻ കഴിഞ്ഞില്ല. ഒടുവിൽ ആ ചെറുപ്പക്കാരൻ അറബിക്കുട്ടി ഉറക്കെ എന്തോ വിളിച്ചുപറഞ്ഞ് കൈകൾ വീശിക്കാട്ടി. എന്താണവൻ പറഞ്ഞതെന്നത്, അറബിയിലായിരുന്നതിനാൽ മനസ്സിലായുമില്ല.

ഇതിനകം ലോക്കിനുള്ളിൽ പ്രവേശിച്ച കപ്പലിനു പിന്നിലെ കൂറ്റൻ ഉരുക്കുഷട്ടർ അടഞ്ഞുകഴിഞ്ഞിരുന്നു. ഇനിയിപ്പോൾ ഞങ്ങൾക്കാ അറബിക്കുട്ടികളെ കാണാനാവില്ല. ഞങ്ങൾക്കും അവർക്കുമിടയിൽ വലിയൊരു ഇരുമ്പുമറയുണ്ടായിരിക്കുന്നു. ഇനി എന്താണ് ചെയ്യുക..?

ഇതൊക്കെ ശ്രദ്ധിച്ചുകൊണ്ട് നിർവ്വികാരഭാവത്തിൽ നിൽക്കുകയായിരുന്നു ബോബ്. അയാളാണ്, വള്ളക്കാരൻ കൈവീശി പറഞ്ഞ അറബിവാക്കുകൾ പരിഭാഷപ്പെടുത്തിത്തന്നത്. അവൻ പറഞ്ഞത് ഇതായിരുന്നുവത്രെ, "സാരമില്ല സർ.... ഇത്, ഈജിപ്തിന്റെ വക ഒരു ചെറിയ സമ്മാനമായി നിങ്ങൾക്കിരിക്കട്ടെ...."

ഒരു ഈജിപ്ത് യാത്രയുടെ ഓർമ്മയ്ക്കായ് ആ അറബിക്കുട്ടികളുടെ സമ്മാനം, ആ കോട്ടൺ പുതപ്പ്, ഞങ്ങളിപ്പോഴും സൂക്ഷിക്കുന്നുണ്ട്.

കപ്പലിലെ അവസാന ദിവസം. പ്രാതലിന് എല്ലാവരും ഡൈനിംഗ് ഹാളിലിരിക്കുമ്പോൾ, ചുണ്ടിൽ സിഗററ്റുമായി ബോബ് പ്രത്യക്ഷപ്പെട്ടു.

"നാളെ ഈ ജലയാത്ര അവസാനിക്കുന്നു. വൈകുന്നേരത്തോടെ നാം അസ്വാനിലെത്തും..." ബോബ് സംഭാഷണം തുടർന്നു.

"നിങ്ങളീ യാത്രയിൽ വിമാനങ്ങളിൽ സഞ്ചരിച്ചു, ബസ്സിൽ യാത്ര ചെയ്തു, തീവണ്ടിസവാരി നടത്തി, ഇതാ ഇപ്പോൾ കപ്പൽ യാത്രയും. ഇനി പുതുമയുള്ള മറ്റൊരു യാത്രാനുഭവംകൂടി നിങ്ങൾക്ക് പകർന്നുതരാൻ പോകുന്നു. അതൊരു കുതിരവണ്ടി സവാരിയാണ്. അടുത്ത പോർട്ടിലിറങ്ങിയാലുടൻ പുറത്ത് നിര നിരയായി കാത്തുകിടക്കുന്ന കുതിരവണ്ടികളിലൊന്നിൽ ഈ ടിക്കറ്റിൽ കാണുന്ന നമ്പറുള്ള വണ്ടി നോക്കി രണ്ടുപേർ വീതം കയറുക. അത് നിങ്ങളെയുംകൊണ്ട് 'എഡ്ഫൂ ടെമ്പിളിലേക്ക് പോകും. എഡ്ഫൂ, ഈജിപ്തിലെ ഏറ്റവും പുരാതനമായ ക്ഷേത്രങ്ങളിലൊന്നാണ്. ക്ഷേത്രക്കാഴ്ച കഴിഞ്ഞാൽ ഇതേവണ്ടിതന്നെ നിങ്ങളെ കാത്തുനില്ക്കും. അതിൽ കയറി കപ്പലിലേക്ക് മടങ്ങാം..."

ടിക്കറ്റുകൾ അയാൾ ഞങ്ങൾക്ക് വിതരണം ചെയ്തു. ആ കുതിരവണ്ടി സവാരി അതീവരസകരമായ ഒരനുഭവമായിരുന്നു. ഇരുണ്ട നിറവും ചുരുണ്ട മുടിയുമുള്ള ഒരറബി ചെറുപ്പക്കാരനായിരുന്നു വണ്ടിയുടെ സാരഥി. ഇടയ്ക്ക് കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടുതന്നെ, തല ചെരിച്ച് അവൻ ചോദിച്ചു,

"ഇന്ത്യൻ....?" ഈജിപ്തിൽ പലയിടത്തും കേട്ട അതേ ചോദ്യം. അതെയെന്ന ഭാവത്തിൽ ഞാൻ തലയാട്ടി.

എഡ്ഫൂ ദേവാലയത്തിനടുത്ത് ഞങ്ങളെത്തിയപ്പോൾ ആ വലിയ ക്ഷേത്രവളപ്പിനുള്ളിൽ വെള്ളക്കാരായ ടൂറിസ്റ്റുകൾ നിറഞ്ഞിരുന്നു. മിക്കവരുടെ പക്കലും ക്യാമറ ഉണ്ടായിരുന്നു. പലരും വീഡിയോയും എടുക്കുന്നുണ്ടായിരുന്നു. ഞാനും ചില രംഗങ്ങൾ ക്യാമറയിൽ പകർത്തി.

ഞാൻ കയറിവന്നത് 22-ാം നമ്പർ കുതിരവണ്ടിയിലായിരുന്നു. അതേ വണ്ടിയിൽതന്നെ കപ്പലിൽ മടങ്ങിയെത്തുകയും ചെയ്തു.

ലക്സറിൽനിന്നും പുറപ്പെട്ട ഞങ്ങൾ നൈൽയാത്രയുടെ നാലാംനാൾ അസ്വാൻ റിവർപോർട്ടിൽ എത്തിച്ചേർന്നു. കപ്പലിൽനിന്നിറങ്ങിയ ഞങ്ങൾ ഒരു ബസ്സിലാണ് നഗരത്തിലേക്ക് പുറപ്പെട്ടത്. നഗരക്കാഴ്ച കഴിഞ്ഞാണ് അസ്വാൻ ഹൈഡാം സന്ദർശനം. ഇതിനകം ഞങ്ങൾ നല്ലൊരു ദൂരം നൈലിലൂടെ സഞ്ചരിച്ചുകഴിഞ്ഞിരുന്നു.

തെക്കുകിഴക്കൻ ഈജിപ്തിലാണ് അസ്വാൻ. ഈജിപ്തിന്റെ തെക്കേയറ്റത്താണ് ഈ പട്ടണം. രണ്ടുലക്ഷം ജനങ്ങൾ പാർക്കുന്ന ഈ നഗരം ഫെറവോമാരുടെ കാലത്ത് അവരുടെ ഭരണത്തിൻകീഴിലുള്ള ഈജിപ്തിന്റെ തെക്കൻ അതിർത്തിയായിരുന്നു. പിന്നീട് സ്യേൻ എന്നറിയപ്പെട്ട ഈ ദേശം റോമാക്കാരുടേയും, തുർക്കികളുടേയും, ബ്രിട്ടീഷുകാരുടേയും അതിർത്തിസംരക്ഷണസേനയെ പാർപ്പിക്കുന്ന ഒരു കേന്ദ്രമായി. ഇപ്പോഴത്തെ ആധുനിക അസ്വാൻ നഗരം സ്ഥിതി ചെയ്യുന്നത് 1902-ൽ പൂർത്തിയാക്കിയ പഴയ അസ്വാൻ അണക്കെട്ടിന്റെയും പുതിയ അസ്വാൻ ഹൈഡാമിന്റെയും സമീപമാണ്.

അസ്വാൻ ഹൈഡാം ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ അണക്കെട്ടാണ്. ഒരു മുപ്പത് നില കെട്ടിടത്തിന്റെ ഉയരം വരുന്ന ഈ ഡാമിന്റെ നീളം 4 കിലോമീറ്ററാണ്. 400 കാറുകൾ വശങ്ങളിൽ നിരന്നു സഞ്ചരിക്കാൻപോലും കഴിയുംവിധം വീതിയുണ്ടിതിന്, ഏകദേശം 3300 അടി. ഈ ഡാമിന്റെ റിസർവോയർ ഏരിയ 6600 ചതുരശ്ര കിലോമീറ്ററാണ്. കോടിക്കണക്കിന് ഘന മീറ്റർ വെള്ളമാണ് ഇവിടെ സംഭരിക്കാൻ കഴിയുക. ഈ ഡാമിലെ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്റ്റിലൂടെ ലഭ്യമാകുന്ന വിദ്യുച്ഛക്തിയുടെ അളവ് കേട്ട് നിരവധി നദികളും ഡാമുകളും വിദ്യുച്ഛക്തി നിലയങ്ങളുമുള്ള ഒരു നാട്ടിൽനിന്നും വന്ന ഞാൻപോലും അമ്പരന്നുപോയി; 1,75,000 കിലോവാട്ട്സ്.

ഈ ഭീമൻ അണക്കെട്ട് ഈജിപ്തിന് വളരെയധികം സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ നൽകിയെങ്കിലും ഈ നാടിനും പ്രത്യേകിച്ച് മുഴുലോകത്തിനും തീർത്താൽ തീരാത്ത ഒരു നഷ്ടവും സംഭാവന ചെയ്യുകയുണ്ടായി. ഇതിന്റെ റിസർവോയർ ഏരിയയിലുണ്ടായിരുന്ന അമൂല്യവും അതിപുരാതനവുമായ പല ക്ഷേത്രങ്ങളും നശിക്കുകയോ വെള്ളത്തിന്നടിയിലാവുകയോ ചെയ്തു. അളവറ്റ ഈ നഷ്ടം എങ്ങിനെ ഒഴിവാക്കാം എന്നതിനെപ്പറ്റി അന്ന് ലോകരാഷ്ട്രങ്ങൾ പലതും തലപുകഞ്ഞ് ആലോചിക്കുകപോലുമുണ്ടായി. ചില പാശ്ചാത്യരാജ്യങ്ങൾ അവയിൽ കുറേ സ്മാരകങ്ങൾ അതിഭീമമായ വില നല്കി വാങ്ങി, ഒരു കേടും വരുത്താതെ ഇളക്കിയെടുത്ത്, കപ്പൽകയറ്റി സ്വന്തം നാട്ടിൽ കൊണ്ടുപോയി പ്രതിഷ്ഠിക്കുകയോ, തങ്ങളുടെ മ്യൂസിയങ്ങളിൽ സൂക്ഷിക്കുകയോ ചെയ്തു.

കെയ്റോയ്ക്ക് സമീപമുള്ള പീസാ പിരമിഡുകൾ പണി ചെയ്ത ഫെറവോ ചക്രവർത്തിമാരുടെ ജന്മസ്ഥലവും അസ്വാനാണെന്നത് ഈ സ്ഥലത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

അസ്വാനിലെ കരിങ്കൽപ്പാടങ്ങളിൽനിന്നും വെട്ടിയും കുഴിച്ചും എടുത്ത കരിങ്കല്ലുകൾ കൊണ്ടാണ് ദക്ഷിണ ഈജിപ്തിലെ പല ക്ഷേത്രങ്ങളും നിർമ്മിച്ചത്. സ്തൂപങ്ങളും പ്രതിമകളും മറ്റും ഈ ഖനികളിൽവച്ചുതന്നെ കൊത്തി ശരിപ്പെടുത്തി പണിതീർക്കുകയാണ് ചെയ്തിരുന്നത്. പണിതീർത്ത ശിലാസ്തംഭങ്ങളും, വിഗ്രഹങ്ങളും, ഇണച്ചുകെട്ടിയ കൂറ്റൻ ചങ്ങാടങ്ങളിൽ കയറ്റി നൈൽ നദിയിലെ വെള്ളപ്പൊക്കക്കാലത്ത് ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്ക് തുഴഞ്ഞുകൊണ്ടുപോവുകയായിരുന്നുവെന്ന് അനുമാനിക്കുന്നു.

ഇവിടത്തെ ഒരു കരിങ്കൽക്കുഴിയിൽ പണി പൂർത്തിയാകാത്ത ഒരു ഒറ്റക്കൽത്തൂൺ ഇപ്പോഴും കിടപ്പുണ്ട്. ചതുരസ്തംഭമായി പണിയാൻ ഉദ്ദേശിച്ച ഇതിന്റെ മൂന്ന് വശങ്ങളിലെ മിനുക്ക് പണികൾ മാത്രമേ നടത്തിയിട്ടുള്ളൂ. ഏത് ഫെറവോന്റെ കാലത്താണ് ഇത് പണിത

തെന്നോ, എന്തുകൊണ്ടാണ് ഇതിന്റെ പണി പൂർത്തിയാക്കാതിരുന്നതെന്നോ ആർക്കുമറിയില്ല. ഈ ഏകശിലാ സ്തംഭത്തിന് ഏകദേശം 1200 ടൺ തൂക്കം വരുമെന്നാണ് വിദഗ്ദ്ധർ കണക്കാക്കിയിരിക്കുന്നത്. പണി പൂർത്തിയാക്കാതിരുന്നെങ്കിൽ എത്ര സാഹസപ്പെട്ടിട്ടായാലും നൈലിലൂടെ കെട്ടി വലിച്ചുകൊണ്ടുവന്ന് ഇതും ഉത്തരഈജിപ്തിലെ ഏതെങ്കിലും ക്ഷേത്രത്തിൽ സ്ഥാപിക്കുമായിരുന്നിരിക്കണം.

എന്റെയീ യാത്രയിൽ ഈജിപ്തിലെ ആധുനിക നഗരങ്ങളോടൊപ്പം പൗരാണിക സംസ്കാരങ്ങൾ അന്തിയുറങ്ങുന്ന നിരവധി ക്ഷേത്രങ്ങളും സ്മാരകങ്ങളും കണ്ടിരുന്നു. ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ട എല്ലാ ക്ഷേത്രങ്ങളെയും പറ്റി പറയാൻ ഏറെ സമയവും സ്ഥലവും ആവശ്യമായിവരും. ചില പുരാതന ദേവാലയങ്ങളിലെ കൂറ്റൻ ശിലാസ്തൂപങ്ങൾ കണ്ട് ശരിക്കും അത്ഭുതപ്പെട്ടുപോയി. ആ അപൂർവ്വനിമിഷങ്ങളിൽ അപ്പോൾ തോന്നിയ വികാരം, ഈ ശിലാക്ഷേത്രങ്ങളിലെ ശിൽപചാതുരികൊണ്ട ലംകൃതമായ, അസാധാരണ വലിപ്പമുള്ള മിക്ക സ്തൂപങ്ങളും, ശിലാഖണ്ഡനങ്ങളും, ഒരുപക്ഷേ ഗ്രീസയിലെ പിരമിഡുകളെപ്പോലും വെല്ലുന്നതരത്തിൽ അത്ഭുതഭാവം ഉണർത്തുന്നവയാണെന്നാണ്. ഒരു ക്ഷേത്രത്തിൽ ഞാൻ എണ്ണിയ നൂറോളം കൂറ്റൻ സ്തൂപങ്ങൾ, അവയോരോന്നിനും പന്ത്രണ്ടാൾ പൊക്കമുണ്ടായിരുന്നു, അസ്വാനിൽനിന്നും എങ്ങനെ ഇവിടംവരെ എത്തിച്ചുവെന്നത് ഉത്തരം കിട്ടാത്ത ഒരു ചോദ്യമായി അവശേഷിക്കുന്നു. അസ്വാനിൽനിന്നും ഞങ്ങൾ കെയ്റോയിലേക്ക് തീവണ്ടി കയറി. ഇവിടെ നിന്നും കെയ്റോയ്ക്ക് ഒരു എളുപ്പവഴിയിലൂടെ 650 കി.മീറ്റർ ദൂരമുണ്ട്.

ആദ്യത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരുപക്ഷേ അതിനേക്കാൾ ആധുനിക സൗകര്യങ്ങളുള്ള ഒരു തീവണ്ടിയിലായിരുന്നു മടക്കയാത്ര.

ഇന്ന്, ഈജിപ്തിലെ അവസാനദിവസം. ഞങ്ങളിപ്പോൾ കെയ്റോയിലാണ്. ഇവിടെനിന്നും ദോഹ, മസ്ക്കറ്റ് വഴിയാണ് ചെന്നൈയിലേക്കുള്ള മടക്കയാത്ര.

വിമാനത്തിന്റെ പടികൾ കയറുമ്പോൾ ഒരു പൗരാണിക സംസ്കാരത്തിന്റെ തിരുശേഷിപ്പുകളെ വിട്ടുപോകുന്നതിലുള്ള നഷ്ടബോധം മനസ്സിൽ നിറഞ്ഞുനിന്നു. ആ വിഷമവും മനസ്സിൽപേറി ഞങ്ങൾ ഇന്ത്യയിലേക്ക് പറന്നു.

അങ്ങനെ, മഹത്തായ ഒരു ഈജിപ്ത് യാത്രയ്ക്ക് ഇവിടെ തിരശ്ശീല വീഴുന്നു.

---

*പേജ് 31-ൽ നിന്ന്*

സ്വാതന്ത്ര്യത്തിനും ആരാധനാ സ്വാതന്ത്ര്യത്തിനും ആത്മാഭിമാനം സംരക്ഷിക്കാനും മുന്നറിയിപ്പില്ലാതെ വന്ന ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാനും മാത്രമായിരുന്നു.

ഈ മാനദണ്ഡങ്ങളില്ലാത്ത യുദ്ധം ഇസ്ലാം വിരോധിച്ചിരിക്കുന്നു. അതുകൊണ്ട് ഇന്നത്തെ മുസ്ലിം രാഷ്ട്രങ്ങൾ തങ്ങളുടെ അധികാരം സ്വാർത്ഥലാഭങ്ങൾക്കല്ല മറിച്ച്, പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനാണ് ഉപയോഗിക്കേണ്ടത്. ഇതിന് ഏറ്റവും നല്ല ഉദാഹരണം മക്കാ വിജയവേളയിൽ നബി(സ) തിരുമേനി കാണിച്ച മാതൃകയാണ്. മാപ്പു നൽകിക്കൊണ്ട്, തന്നെയും തന്റെ അനുയായികളേയും അതികഠിനമായി ഉപദ്രവിച്ച മക്കക്കാരോട് നബി(സ) ചെയ്ത മധുരപ്രതികാരം ചരിത്രത്തിൽ സമാനതകളില്ലാതെ ശോഭിക്കുന്നു.

എതിർപ്പ് നേരിടുന്നത് വരെ മാത്രമെ യുദ്ധം ചെയ്യാൻ അനുമതിയുള്ളു. ഇസ്ലാമിന്റെ ശത്രുക്കൾ യുദ്ധം നിർത്തിയാൽ മുസ്ലിംകളും യുദ്ധം നിർത്തേണ്ടതാണ്.

വിശുദ്ധഖുർആനിൽ വീണ്ടും പറയുന്നു. '***ലാ ഇക്റാഹ ഫിദ്ദീൻ***' ഇത് മുസ്ലിംകളെ അകാരണമായ ആക്രമണങ്ങളിൽനിന്ന് വിട്ടുനില്ക്കാൻ താക്കിത് നല്കുന്നു. അല്ലാഹു സന്ദേശമെത്തിക്കേണ്ട ചുമതല മാത്രമേ വിശ്വാസികൾക്ക് നല്കിയിട്ടുള്ളൂ. കണക്ക് സൂക്ഷിക്കുന്നവൻ അവൻ തന്നെയാണ്.

ഇതിൽനിന്നൊക്കെ നബി(സ) വാളുകൊണ്ടല്ല മറിച്ച് നന്മയിലൂടെയും വിശുദ്ധിയിലൂടെയും സ്നേഹത്തോടെയും ദൈവഭക്തിയിലൂടെയുമാണ് മതം പ്രചരിപ്പിച്ചതെന്ന് വ്യക്തമാകുന്നു.

ഹജ്ജത്തുൽ വിദായുടെ വേളയിൽ നബി(സ) ശാന്തിയുടെ മന്ത്രമാണ് അനുയായികൾക്ക് നല്കിയത്. ഇതേ മന്ത്രം പ്രചരിപ്പിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടതും.

നബി(സ) തിരുമേനിക്ക് മനുഷ്യസമൂഹത്തോടുണ്ടായിരുന്ന സ്നേഹവായ്പ് വിവരണാതീതമാണ്. ഇസ്ലാമിന്റെ ഈ കല്പനകളെ സ്വയം മുസ്ലിം എന്ന് വിശേഷിപ്പിക്കുന്ന പലരും മറന്നുപോയിരിക്കുന്നു എന്നത് എത്ര ദൗർഭാഗ്യകരം! നേതാക്കൾ ചമയുന്നവർതന്നെ മുസ്ലിം ജനതയെ വഴികേടിലാക്കുന്നു. അവർ പുതുതലമുറയെ അവരുടെ കിരാതപ്രവൃത്തിയിലൂടെ തീവ്രവാദത്തിലൂടെ, ആത്മഹത്യയിലൂടെ കൊലപാതകത്തിലൂടെ, ശഹാദത്ത് കൈവരിക്കാമെന്ന് പറഞ്ഞ് വിഡ്ഢികളാക്കുന്നു. യഥാർത്ഥത്തിൽ ഇത്തരക്കാർ ഇസ്ലാമിന്റെ നെറുകയിൽ കളങ്കം ചാർത്തുകയാണ്.

ഈ ദുഷിച്ച കാലത്തെക്കുറിച്ച് നബി(സ) താക്കീത് നല്കിയിട്ടുണ്ട്. ഇസ്ലാമിന്റെ യഥാർത്ഥ പാഠങ്ങളറിയാവുന്നവരാണ് ഈ ശോചനീയാവസ്ഥയിൽനിന്ന് മുസ്ലിം ഉമ്മത്തിനെയും മനുഷ്യസമുദായത്തെയും സംരക്ഷിക്കേണ്ടത്. ഇതിന്ന് ചെയ്യുന്നത് അഹ്മദിയ്യാ ജമാഅത്താണ്. അതിനായി നമുക്ക് ശക്തി ലഭിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

# വസിയ്യത്ത് വ്യവസ്ഥിതി
# അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

**വസിയ്യത്ത് നിയമങ്ങൾ**

1. വസിയ്യത്ത് ചെയ്യാനുദ്ദേശിക്കുന്നവർ ആദ്യമായി ചന്ദ ശർന്നെ അവ്വൽ, വസിയ്യത്ത് വിളംബരത്തിനുള്ള ഇഅ്ലാനെ-വസിയ്യത്ത് എന്നിവ അടച്ചു റസീതി വാങ്ങേണ്ടതാണ്. (നിയമം, നമ്പർ 29).

2. വസിയ്യത്ത് അംഗീകരിക്കപ്പെടുന്നതിന് വസിയ്യത്ത് ചെയ്യുന്ന ആളുടെ സ്വഭാവം, ദീനീപരമായ അവസ്ഥ, വസിയ്യത്ത് ചെയ്യുന്നതിന് മുമ്പ് ധനത്യാഗരംഗത്ത് മുന്നിട്ടുനിൽക്കുകയും വസിയ്യത്ത് ചെയ്യാൻ അഭിരുചിയുള്ള ആളും ആയിരുന്നുവോ തുടങ്ങിയ കാര്യങ്ങൾ അവലംബമാക്കുന്നതാണ് (നിയമം, നമ്പർ 35).

3. വസിയ്യത്ത് ചെയ്യാൻ ആഗ്രഹിച്ച ഒരാൾ അതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചുവെങ്കിലും വസിയ്യത്ത് ഫോറം പൂരിപ്പിക്കുന്നതിന് മുമ്പേ മരണപ്പെട്ടുപോയാൽ, വിശ്വാസയോഗ്യരായ സാക്ഷികളെ മുൻനിർത്തി അയാളുടെ വസിയ്യത്തിനെ അംഗീകരിക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കുകയും പരിഗണിക്കുകയും ചെയ്യാവുന്നതാണ്. അതിന് താഴെകാണുന്ന നിബന്ധനകൾ ബാധകമാണ്.

a) പരേതൻ വസിയ്യത്തിന്റെ മറ്റ് നിബന്ധനകൾ പൂർത്തീകരിച്ചിരുന്നുവെന്നും, അയാൾക്ക് അവിചാരിതമരണം സംഭവിച്ചില്ലായിരുന്നുവെങ്കിൽ അയാളുടെ വസിയ്യത്ത് അംഗീകരിക്കുന്നതിൽ ഒരു തടസ്സവും ഉണ്ടാകുമായിരുന്നില്ല എന്നും വ്യക്തമായിരിക്കണം.

b) പരേതന്റെ പിന്തുടർച്ചാവകാശികൾ അദ്ദേഹത്തിന്റെ സ്വത്തിൽനിന്ന് വസിയ്യത്ത് വിഹിതം കൊടുക്കുന്നതിന് ഒട്ടും വൈകാതെ നടപടികൾ സ്വീകരിക്കാൻ തയ്യാറായിരിക്കണം.

c) വസിയ്യത്ത് അംഗീകരിക്കപ്പെടാതിരിക്കാൻ പ്രബലമായ എന്തെങ്കിലും സാഹചര്യസൂചനകൾ ഉണ്ടാകാൻ പാടില്ല. ഉദാഹരണം- ദീർഘകാലമായി കഴിവുണ്ടായിരുന്നിട്ടും വസിയ്യത്തിലേക്ക് ശ്രദ്ധ തിരിക്കാതിരിക്കുക. ദീർഘകാലമായി അവസരവും സമയവും ഉണ്ടായിരുന്നിട്ടും വെറും ആഗ്രഹം പ്രകടിപ്പിക്കുകമാത്രം ചെയ്യുകയും ഒരു ഉറച്ച നടപടിയിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുക. വസിയ്യത്ത് നടപടിക്ക് തുടക്കം കുറിച്ചത് ആപേക്ഷികമായി കുറഞ്ഞ ധനത്തിനു മാത്രമേ വസിയ്യത്ത് ചെയ്യേണ്ടതുള്ളൂ എന്ന അവസ്ഥ വന്നതിനുശേഷം മാത്രമാണ് വസിയ്യത്തിനുള്ള നടപടിക്ക് തുടക്കം കുറിച്ചതെങ്കിൽ ദീനീ സ്വഭാവങ്ങളിൽ ഏതെങ്കിലും രീതിയിലുള്ള പ്രകടമായ ന്യൂനതകൾ ഉണ്ടാകുക. ഉദാഹരണം- നമസ്കാരങ്ങളിൽ അലസത, ചന്ദ ആമിൽ ഉന്നതനിലവാരം പുലർത്താതിരിക്കൽ, ജമാഅത്ത് വ്യവസ്ഥിതികളുമായുള്ള ബന്ധത്തിലും അവ പാലിക്കുന്നതിലുമുള്ള വീഴ്ചകൾ തുടങ്ങിയവ (നിയമം, നമ്പർ 43).

d) ആർക്കെങ്കിലും തങ്ങളുടെ ഭൂമി വസിയ്യത്ത് ചെയ്യുന്നതിൽ എന്തെങ്കിലും നിയമതടസ്സമുണ്ടെങ്കിൽ അവർ എത്ര തുകയുടെ ഭൂമിയാണോ വസിയ്യത്ത് ചെയ്യാൻ ഉദ്ദേശിക്കുന്നത് അതിന്റെ തോതനുസരിച്ചുള്ള തുക വസിയ്യത്തിനു പകരം ജീവിച്ചിരിക്കുമ്പോൾതന്നെ ഇഷ്ടദാനമായി നൽകണം. ഇഷ്ടദാന രേഖയിൽ തങ്ങളുടെ അനന്തരാവകാശികളെക്കൊണ്ട് ഒപ്പിടുവിക്കുകയും അതിലൂടെ ഇക്കാര്യത്തിലുള്ള അവരുടെ സമ്മതവും വ്യക്തമാക്കുകയും ചെയ്തിരിക്കണം (നിയമം, നമ്പർ 45).

4. സാധാരണനിലയിൽ മൂസിയുടെ മരണശേഷമാണ് സ്വത്തിന്റെ വസിയ്യത്ത് കാര്യത്തിൽ നടപടികളുണ്ടാകുക. അപ്പോൾ ഹിസ്സ ജാഇദാദ് (സ്വത്തിന്റെ വിഹിതം) അടക്കേണ്ട ചുമതല അനന്തരാവകാശികളുടേതാണ് (നിയമം, നമ്പർ 44).

6. മൂസിയുടെ സ്വത്തിൽനിന്ന് എന്തെങ്കിലും വരുമാനം കിട്ടുന്നുണ്ടെങ്കിൽ അതിന്റെ ഹിസ്സ ആമദ് (വസിയ്യത്ത് ചന്ദ), ചന്ദ ആമിന്റെ തോതനുസരിച്ച് (അതായത് 1/16) കൊടുക്കേണ്ടതാണ് (നിയമം, നമ്പർ 51).

7. സ്വത്തിന്റെ ഹിസ്സ ജാഇദാദ് നൂറുശതമാനം കൊടുത്താലും അതിൽനിന്നുള്ള വരുമാനത്തിന് ചന്ദ ആമിന്റെ തോതനുസരിച്ച് ഹിസ്സആമദ് കൊടുക്കൽ നിർബന്ധമാണ് (നിയമം, നമ്പർ 52).

8. കമ്മ്യൂട്ട് ചെയ്ത പെൻഷന്റെ ഹിസ്സ ആമദ് കൊടുക്കൽ നിർബന്ധമാണ്. മൂസികൾ അതിന്റെ ഹിസ്സആമദ് നിർബ്ബന്ധമായും ഒരുമിച്ച് അടക്കേണ്ടതാണ്. എന്തെങ്കിലും നിർബ്ബന്ധിതാവസ്ഥയിൽ അങ്ങനെ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ മജ്‌ലിസ് കാർപർദാസിൽനിന്ന് പ്രത്യേകം അനുവാദവും അവധിയും വാങ്ങേണ്ടതാണ് (നിയമം, നമ്പർ 55).

9. മൂസിയുടെ പ്രൈവറ്റ് ഫണ്ടിൽനിന്നുള്ള വസിയ്യത്ത് വിഹിതം അടക്കാതിരിക്കുകയും മൂസിയുടെ മരണാനന്തരം അത് അനന്തരാവകാശികൾക്ക് കിട്ടുകയുമാണെങ്കിൽ അത് മൂസിയുടെ മരണാനന്തര സ്വത്തായി കണക്കാക്കുന്നതാണ്. അതിൽനിന്നുള്ള വസിയ്യത്ത് വിഹിതം കൊടുക്കൽ നിർബ്ബന്ധബാധ്യതയാണ് (നിയമം, നമ്പർ 59).

10. മൂസി, വസിയ്യത്തിന്റെ ചന്ദ കൊടുക്കാൻ

ബാധ്യസ്ഥനായ തിയതി മുതൽ ആറുമാസംവരെ അത് കൊടുക്കാതിരിക്കുകയും ഓഫീസിൽ നിന്ന് തന്റെ നിർബ്ബന്ധിതാവസ്ഥ ബോധിപ്പിച്ച് അവധി കരസ്ഥമാക്കുകയും ചെയ്യുന്നില്ലെങ്കിൽ സദർ അഞ്ചുമൻ അഹ്മദിയ്യായ്ക്ക് മജ്‌ലിസ് കാർപർദാസിന്റെ ശുപാർശപ്രകാരം അത്തരം വസിയ്യത്തുകളെ റദ്ദാക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ് (നിയമം, നമ്പർ 68).

11. വരുമാനം തെളിയിക്കുന്ന വാർഷികഫോറം (ഫോറം അസൽ ആമദ്) പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കൽ എല്ലാ മൂസിയുടേയും ബാധ്യതയാണ്. ഫോറം അസൽ ആമദ് ഓഫീസിൽ എത്താത്തപക്ഷം ഉചിതമായ നടപടികൾക്കുശേഷം മൂസിയെ കുടിശ്ശികയുള്ളവനായി കണക്കാക്കി നടപടികൾ സ്വീകരിക്കാനും വസിയ്യത്ത് റദ്ദാക്കാനും സദർ അഞ്ചുമൻ അഹ്മദിയ്യായ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ് (നിയമം, നമ്പർ 69).

12. മരണപ്പെട്ടുപോയ മൂസിയുടെ അനന്തരാവകാശിയായ ഒരു മൂസി മരിച്ചയാളുടെ കുടിശ്ശികകളോ വാഗ്ദാനങ്ങളോ അടച്ച് തീർക്കാതിരിക്കുകയും, സ്ഥിതിവിവരങ്ങൾ അറിയിച്ച് അടക്കാനുള്ള കാലാവധി വാങ്ങാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ വസിയ്യത്ത് കാലഹരണപ്പെടുത്തുന്നതാണ് (നിയമം, നമ്പർ 71).

**ഇൻഷൂറൻസ്**

ഇൻഷൂറൻസിൽ പലിശയുടേയും ചൂതിന്റേയും സ്വഭാവമില്ലെങ്കിൽ ഇൻഷൂർ ചെയ്യുന്നത് അനുവദനീയമാണ്. അല്ലെങ്കിൽ അനുവാദമില്ല. ഇക്കാര്യത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റ) 1980 ജൂൺ 23-ന് അംഗീകരിച്ച മജ്‌ലിസ് ഇഫ്തായുടെ (മതവിധി പറയുന്ന സമിതി) ശുപാർശകൾ താഴെ പറയുംപ്രകാരമാണ്.

“ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റേയും ഫത്‌വയുടെ അടിസ്ഥാനത്തിൽ കരാറുകൾ പലിശയിൽനിന്നും ചൂതിൽനിന്നും പരിശുദ്ധമല്ലെങ്കിൽ ഇൻഷൂറൻസ് കമ്പനികളുമായി ഒരുവിധത്തിലുള്ള ബന്ധവും അനുവദനീയമല്ല. ഈ ഫത്‌വ സ്ഥിരമായതും മാറ്റമില്ലാത്തതുമാണ്. എന്നാൽ, ഇൻഷൂറൻസ് കമ്പനികൾ അതാത് സമയങ്ങളിൽ മാറ്റിക്കൊണ്ടിരിക്കുന്ന അവരുടെ നിയമങ്ങളും നടപടികളും പരിശോധിച്ച് അവർ പലിശയുടേയും ചൂതിന്റേയും മാലിന്യത്തിൽനിന്ന് എത്രത്തോളം പരിശുദ്ധരായിട്ടുണ്ടെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്.

മജ്‌ലിസ് ഇഫ്താ ഈ നിലയിൽ ഇൻഷൂറൻസ് കമ്പനികളുടെ ഇപ്പോഴത്തെ പ്രവർത്തനരീതി പരിശോധിച്ച് ഈ നിലപാടിൽ എത്തിയിരിക്കുന്നു. അതായത്, ഇപ്പോഴത്തെ ആഗോള സാമ്പത്തികവ്യവസ്ഥിതി കാരണത്താൽ ഒരു കമ്പനിക്കും തങ്ങളുടെ കച്ചവടത്തിൽ നിന്ന് പലിശയെ ഒഴിവാക്കാൻ സാധ്യമല്ല. എന്നാൽ, ഇപ്പോൾ കമ്പനിയുടെയും പോളിസി ഉടമയുടെയും ഇടയിൽ പലിശയുടെയും ചൂതിന്റെയും മലിനതയിൽനിന്ന് പരിശുദ്ധമാകുംവിധം കരാറുകളുണ്ടാക്കാനുള്ള സാധ്യതകളുണ്ട്. അതുകൊണ്ട് ഇപ്രകാരമുള്ള കരാറുകളോടുകൂടി ഇൻഷൂർ ചെയ്യുന്നതിൽ തെറ്റില്ല. അതായത്, ഇൻഷൂർ ചെയ്യിക്കുന്ന കമ്പനിയിൽനിന്ന് ഒരുമിച്ച് കൂടിയിരിക്കുന്ന തന്റെ പണത്തിന് പലിശ വാങ്ങരുത്.” (രജിസ്റ്റർ ഫേസ്‌ലാ ജമാഅത്ത് മജ്‌ലിസ് ഇഫ്താ, പേജ്- 60).

ഇൻഷൂർ ചെയ്യിപ്പിക്കുന്നതിനു മുമ്പായി മജ്‌ലിസ് ഇഫ്താ (മതവിധി സമിതി)യിൽനിന്ന് എല്ലാ കാര്യങ്ങളും പൂർണ്ണമായി മനസ്സിലാക്കി ഫത്‌വ വാങ്ങിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുമ്പോഴോ അല്ലെങ്കിൽ പ്രത്യേക പരിതസ്ഥിതിയിലോ ഇൻഷൂറൻസ് പോളിസി നിർബന്ധിതമാകുകയാണെങ്കിൽ ആ അവസ്ഥ ഇതിൽനിന്ന് ഒഴിവാണ്.

**വസിയത്തുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച വിശദീകരണം**

**വരുമാനം (ആമദ്)**

***ചോദ്യം:-*** വരുമാനത്തിനും സ്വത്തിനും വസിയ്യത്ത് വിഹിതം ഏത് തോതിലാണ് നല്കേണ്ടത്?

***ഉത്തരം:-*** (1) ഒരു മൂസിയുടെ മരണശേഷം സ്വത്തിന്റെ 1/10 ഭാഗം മുതൽ 1/3 ഭാഗം വരെ നൽകേണ്ടതാണ്. (2) ജീവിതത്തിനിടയിൽ സ്വത്തിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിന് പുറമെയുള്ള എല്ലാ വരുമാനത്തിനും 1/10 മുതൽ 1/3 വരെ ഹിസ്സ ആമദ് നൽകേണ്ടതാണ്. (3) സ്വത്തിൽനിന്നുള്ള വരുമാനത്തിന് ചന്ദ ആമിന്റെ (1/16) തോതനുസരിച്ച് ചന്ദ നൽകേണ്ടതാണ്.

***ചോദ്യം:-*** വസിയ്യത്ത് ചെയ്യുന്ന ആൾക്ക് സ്ഥിരമായി വരുമാനമൊന്നുമില്ലെങ്കിൽ അയാൾ തന്റെ മാസവരുമാനമായി കാണിക്കേണ്ടത് എത്രയാണ്?

***ഉത്തരം:-*** സ്ഥിരവരുമാനമില്ലാത്തവർ ആറുമാസത്തിന്റെയോ ഒരു കൊല്ലത്തിന്റെയോ വരുമാനത്തിന്റെ ശരാശരി കണക്കാക്കി ആ തുക മാസവരുമാനമായി ചേർക്കേണ്ടതാണ്.

***ചോദ്യം:-*** വരുമാനമില്ലാത്ത സ്ത്രീകളിൽനിന്ന് അവർക്ക് ലഭിക്കുന്ന പോക്കറ്റ് മണിയിൽനിന്നാണ് ചന്ദ വാങ്ങാറുള്ളത്. ഇത് സംബന്ധിച്ച് വല്ല മാർഗ്ഗനിർദ്ദേശവുമുണ്ടോ?

***ഉത്തരം:-*** സ്ത്രീകൾ അവരുടെ സാധാരണ ജീവിതനിലവാരത്തിനനുസരിച്ച് ധനത്യാഗം ചെയ്യേണ്ടതാണ്. ഭാര്യക്ക് പ്രത്യേക വരുമാനമൊന്നുമില്ലെങ്കിൽ ഭർത്താവ് അനുയോജ്യമായ നിലയിൽ പോക്കറ്റ് മണി നിശ്ചയിക്കുകയും അത് ഭാര്യയുടെ മാസവരുമാനമായി കണക്കാക്കുകയും ചെയ്യുന്നതാണ്. അതിനനുസരിച്ച് ചന്ദ നല്കേണ്ടതുമാണ്. പോക്കറ്റ്മണി ഓരോരുത്തരുടേയും ജീവിതനിലവാരത്തിനനുസരിച്ച് നിശ്ചയിക്കേണ്ടതാണ്.

***ചോദ്യം:-*** വിദ്യാർത്ഥിയായ മൂസിക്ക് തന്റെ പോക്കറ്റ്മണിയിൽനിന്നും/ സ്റ്റൈപെന്റിൽനിന്നും ചന്ദ

വസിയ്യത്ത് കൊടുക്കൽ നിർബന്ധമാണോ?

***ഉത്തരം:-*** വിദ്യാഭ്യാസത്തിനുള്ള സ്റ്റൈപന്റിൽ നിന്ന് തോതനുസരിച്ച് കൊടുക്കേണ്ട നിർബന്ധമില്ല. വിദ്യാർത്ഥികൾ അവർക്ക് സാധിക്കുന്നതിനനുസരിച്ച് ഒരു സംഖ്യ നിശ്ചയിച്ച് ജമാഅത്തുമായി ധാരണയിലെത്തി തുടർച്ചയായി ചന്ദ കൊടുക്കേണ്ടതാണ്.

***ചോദ്യം:-*** ജോലിക്കാർ തങ്ങളുടെ ശംബളത്തിൽ നിന്ന് ഹിസ്സആമദ് കൊടുക്കുന്നതോടൊപ്പംതന്നെ തങ്ങളുടെ പെൻഷനുവേണ്ടി മാസത്തിൽ നിശ്ചിത സംഖ്യ വിഹിതം അടക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവർക്ക് വിരമിക്കുമ്പോൾ പെൻഷൻ ലഭിക്കുന്നു. ഇത്തരം പെൻഷൻതുകയ്ക്ക് ചന്ദ നല്കേണ്ടതുണ്ടോ?

***ഉത്തരം:-*** പെൻഷൻതുകക്ക് ഹിസ്സആമദ് നല്കൽ നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ, മാസന്തോറുമുള്ള വിഹിതസംഖ്യ കുറഞ്ഞതോതിലാണ് നല്കുന്നത്. എന്നാൽ, വിരമിച്ചതിനുശേഷമുള്ള മാസാന്തര പെൻഷൻ അതിനേക്കാളും എത്രയോ അധികമായി ലഭിക്കുന്നുണ്ട്. തന്റെ വിഹിതമായി നൽകിയ തുക കുറവ് ചെയ്യാൻ അനുവാദമുണ്ട്. ബാക്കിയുള്ള സംഖ്യയുടെ ഹിസ്സആമദ് കൊടുക്കൽ നിർബ്ബന്ധമാണ്.

***ചോദ്യം:-*** ചന്ദ കണക്കാക്കുന്നതിന് ഒരാളുടെ വരുമാനത്തിൽനിന്ന് ഏതെല്ലാം തുക ഒഴിവാക്കാൻ അനുവാദമുണ്ട്?

***ഉത്തരം:-*** വിവിധ രീതിയിൽ ലഭ്യമാകുന്ന എല്ലാതരം വരുമാനത്തിനും ചന്ദ കൊടുക്കൽ നിർബ്ബന്ധമാണ്. എന്നാൽ, താഴെപറയുന്ന വരുമാനത്തിൽ നിന്ന് ചന്ദ കൊടുക്കണ്ട നിർബ്ബന്ധമില്ല.

(1) ജോലിക്കാരുടെ സ്വന്തം ആവശ്യത്തിനല്ലാതെ ചുമതലാനിർവഹണത്തിനുവേണ്ടി ലഭിക്കുന്ന അലവൻസുകൾ (2) സർക്കാർ നിശ്ചയിക്കുന്ന നിർബ്ബന്ധ അടവുകൾ ഉദാഹരണം ടാക്സ്, നിർബ്ബന്ധ ഇൻഷൂറൻസ് തുടങ്ങിയവ. (3) ജോലിക്കാർക്ക് പ്രത്യേക ചിലവുകൾക്കായി സർക്കാരിൽനിന്ന് ലഭിക്കുന്ന അലവൻസുകൾ. ഉദാഹരണം- യൂനിഫോറം അലവൻസ്, വിദ്യാഭ്യാസ അലവൻസ്, ചിലൻഡ്രൻ അലവൻസ് തുടങ്ങിയവ. (4) ഓഫീസ് സംബന്ധമായ കാര്യനിർവഹങ്ങൾക്കായി ലഭിക്കുന്ന അലവൻസുകൾ. ഉദാ- ടി.എ, ഡി.എ.

***ചോദ്യം:-*** വീടുകൾ ഇൻഷൂറൻസ് ചെയ്യുന്നതിനുവേണ്ടി നല്കപ്പെടുന്ന സംഖ്യ വരുമാനത്തിൽനിന്ന് കുറക്കാൻ പറ്റുമോ?

***ഉത്തരം:-*** വീടിനുവേണ്ടി കൊടുക്കുന്ന ഇൻഷൂറൻസ് (ഹൗസ് ഇൻഷൂറൻസ്), നിർബ്ബന്ധ ഇൻഷൂറൻസാണെങ്കിൽ പോലും ചന്ദ കൊടുക്കാതിരിക്കാൻ വരുമാനത്തിൽനിന്ന് കുറക്കാൻ പാടുള്ളതല്ല. വീട് നിർമ്മാണത്തിന് വായ്പയെടുക്കുന്ന കമ്പനിയുടെ നിയമപ്രകാരം ഇൻഷൂറൻസ് നിർബ്ബന്ധമാണെങ്കിൽ കൂടി ആ ഇൻഷൂറൻസിന്റെ പ്രയോജനം ഉടമക്കാണ് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ ഈ തുക സാധാരണ ചിലവിനമായി കണക്കാക്കുന്നതാണ്. ആയതിനാൽ ഏതെങ്കിലുംതരം കടത്തിന്റെ തിരിച്ചടവ് അല്ലെങ്കിൽ പലിശ അല്ലെങ്കിൽ ഇൻഷൂറൻസ് പ്രീമിയം മുതലായവയെ ചന്ദയെ മുന്നിൽ കണ്ടുകൊണ്ട് വരുമാനത്തിന്റെ കണക്കിൽനിന്ന് മാറ്റുന്നതിനുള്ള അനുവാദമില്ല.

***ചോദ്യം:-*** ആരോഗ്യ ഇൻഷൂറൻസിനെ വരുമാനത്തിൽനിന്ന് കുറക്കാൻ അനുവാദമുണ്ടോ?

***ഉത്തരം:-*** നിർബ്ബന്ധിതമായിട്ടാണെങ്കിൽപോലും ആരോഗ്യ ഇൻഷൂറൻസ് പ്രീമിയത്തേയും യഥാർത്ഥ വരുമാനത്തിൽനിന്ന് കുറയ്ക്കാൻ അനുവാദമില്ല. എന്നാൽ, ഹെൽത്ത് ഇൻഷൂറൻസ് സർക്കാർ നികുതി ഇനത്തിൽ ഈടാക്കുകയോ അല്ലെങ്കിൽ അതിന്റെ പ്രയോജനം ഒരു സമൂഹത്തിന്മേൽ വ്യാപിച്ചുനിൽക്കുകയോ സ്വന്തം നിലയിൽ ഒരു പ്രയോജനവും ലഭ്യമാകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ വരുമാനത്തിൽനിന്ന് കുറക്കാവുന്നതാണ്.

***ചോദ്യം:-*** മൂസിക്ക് തന്റെ സ്ഥാവരജംഗമസ്വത്തുക്കളിൽനിന്ന് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ ആ വരുമാനത്തിന് ചന്ദ ഹിസ്സആമദ് കൊടുക്കേണ്ടതുണ്ടോ?

***ഉത്തരം:-*** അത്തരത്തിൽ ലഭിക്കുന്ന വരുമാനത്തിന് ചന്ദ ആമിന്റെ തോതനുസരിച്ച് (1/16) ഹിസ്സ ആമദ് നല്കേണ്ടതാണ്.

**സ്വത്തുക്കൾ**

***ചോദ്യം:-*** ഒരാൾ പുതിയൊരു ആസ്തി സ്വന്തമാക്കുന്നതിന് വായ്പയെടുക്കുകയും തവണകളായി നല്കുന്ന തിരിച്ചടവ് കണക്കാക്കാതെ മുഴുവൻ വരുമാനത്തിനും ഹിസ്സ ആമദ് നല്കുകയും ചെയ്യുന്നുവെങ്കിൽ പ്രസ്തുത മുഴുവൻ ആസ്തിക്കും ഹിസ്സ ജാഇദാദ് നല്കൽ നിർബ്ബന്ധമാണോ?

***ഉത്തരം:-*** വസിയ്യത്ത് പ്രകാരം മുഴുവൻ സ്വത്തിന്റെയും ഹിസ്സ ജാഇദാദ് അടച്ചുതീർക്കൽ നിർബ്ബന്ധമാണ്. (1) ഒരാൾക്ക് ഒരു സ്വത്ത് വാങ്ങുന്നതിന് വില റൊക്കമായി കൊടുക്കാനില്ലാതെ വരുമ്പോൾ അയാൾ അതിനായി വായ്പയെടുക്കുന്നു. അത്തരത്തിൽ വായ്പയെടുത്ത് വാങ്ങിച്ച സ്വത്തിന്റെ ഹിസ്സജാഇദാദ് അയാൾ തന്റെ ജീവിതകാലത്തുതന്നെ അടക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ കടം തിരിച്ച് കൊടുക്കേണ്ട ബാധ്യത സ്വയം ഏറ്റെടുക്കുകയും, അപ്പോൾ കണക്കാക്കുന്ന മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ഹിസ്സ ജാഇദാദ് കൊടുക്കേണ്ടതുമാണ്. എന്തുകൊണ്ടെന്നാൽ ജീവിച്ചിരിക്കുമ്പോൾ ഇക്കാര്യത്തിൽ കടത്തിന് ഒരു പ്രസക്തിയുമില്ല. (2) ഒരാൾ ആദ്യം തന്റെ വരുമാനമാർഗ്ഗവും വരുമാനവും പ്രഖ്യാപിക്കുകയും ഹിസ്സ ആമദ് നല്കുകയും ചെയ്യുന്നു. തുടർന്ന് ബാക്കിയുള്ള വരുമാനംകൊണ്ട് റൊക്കമായോ തവണകളായോ തുക നല്കി വാങ്ങുന്ന സ്വത്തിന് മരണാനന്തരം വസിയ്യത്തിന്റെ വിഹിതം അടക്കൽ നിർബന്ധമാണ്. അതല്ലെങ്കിൽ അയാളുടെ സൗകര്യത്തിനു

വേണ്ടി അയാൾ ഇഷ്ടപ്പെടുന്നുവെങ്കിൽ ജീവിച്ചിരിക്കുമ്പോൾതന്നെ അതിന്റെ ഹിസ്സആമദ് അടക്കാനുള്ള അനുവാദമുണ്ടായിരിക്കുന്നതാണ്.

***ചോദ്യം:–*** ഓഹരി, നിക്ഷേപം തുടങ്ങിയ ആസ്തികളിന്മേലുള്ള വസിയ്യത്ത് ചന്ദയുടെ തോത് എത്രയാണ്?

***ഉത്തരം:–*** (1) ഇത്തരം ആസ്തികൾ (shares) നിലവിലുള്ള മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കുകയും, അതിന് ഹിസ്സ ജാഇദാദ് അടക്കേണ്ടതുമാണ്. (2) കൂടാതെ അത്തരം സ്വത്തിൽ നിന്നു കിട്ടുന്ന ലാഭത്തിന് ഹിസ്സ ആമദിന്റെ തോതനുസരിച്ച് ചന്ദ കൊടുക്കുകയും ചെയ്യണം. എല്ലാതരം നിക്ഷേപങ്ങൾക്കും ഈ നിർദ്ദേശം ബാധകമാണ്.

***ചോദ്യം:–*** വസിയ്യത്ത് ചെയ്യുമ്പോൾ ഒരാളുടെ ഉടമസ്ഥതയിൽ വീടുണ്ടെങ്കിൽ അതിന്റെ വസിയ്യത്ത് വിഹിതം എത്രയാണ്?

***ഉത്തരം:–*** ചന്ദ വസിയ്യത്തിന്റെ ഏറ്റവും കുറഞ്ഞ തോത് 1/10ഉം കൂടിയാൽ 1/3 ഉം ആണ്. ഓരോരുത്തർക്കും ഈ തോതിനിടയിൽ അവരവരുടെ കഴിവനുസരിച്ച് ഹിസ്സആമദും ഹിസ്സജാഇദാദും കണക്കാക്കി ഓഫീസിൽ അറിയിച്ച് അടച്ച് തുടങ്ങാവുന്നതാണ്.

***ചോദ്യം:–*** കാർ മൂസിയുടെ സ്വത്തായി കണക്കാക്കപ്പെടുമോ?

***ഉത്തരം:–*** സാധാരണ ജീവിതത്തിൽ ഉപയോഗിച്ചുവരുന്ന മറ്റു വസ്തുക്കളെപോലെ കാറും മൂസിയുടെ സ്വത്തിൽപെടുകയില്ല. മൂസിക്ക് മറ്റ് സ്വത്തുക്കളൊന്നുമില്ലാതിരിക്കെ അയാൾ സ്വയം തന്റെ ഇഷ്ടപ്രകാരം കാറിന്റെയോ അതുപോലുള്ള മറ്റ് സാധനങ്ങളുടെയോ ഹിസ്സ ജാഇദാദ് കൊടുക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ഏതെങ്കിലും മൂസിയുടെ സ്വത്തുക്കളിൽ കൂടുതലും ഇത്തരത്തിലുള്ള വസ്തുവാണെങ്കിലോ അയാളുടെ സ്വത്താണെന്ന് കണക്കാക്കാൻ പറ്റിയ നിലയിൽ ഇത്തരത്തിൽ വിലപിടിപ്പുള്ള ധാരാളം വസ്തുക്കൾ ഉണ്ടെങ്കിൽ അതിന്റെമേൽ വസിയ്യത്ത് ചന്ദ നല്കേണ്ടതാണ്.

***ചോദ്യം:–*** നിത്യോപയോഗ സാധനങ്ങൾ ഉദാഹരണത്തിന് ടി.വി, കംപ്യൂട്ടർ, വാഹനങ്ങൾ മുതലായവ വസിയ്യത്ത് ചെയ്യുമ്പോൾ സ്വത്തുക്കളായി കണക്കാക്കേണ്ടതുണ്ടോ?

***ഉത്തരം:–*** ഈ സാധനങ്ങൾ വീട്ടിലെ നിത്യോപയോഗ സാധനങ്ങളുടെ ഗണത്തിൽപെടുന്നതാണ്. അതുകൊണ്ട് ഈ സാധനങ്ങൾക്ക് വസിയ്യത്ത് ചന്ദ നല്കേണ്ടതില്ല. ഇതുപോലെ ക്യാമറ, ടേപ്പ് റിക്കാർഡർ, വി.സി.ആർ തുടങ്ങിയ സാധനങ്ങൾ വീട്ടിലെ നിത്യോപയോഗ സാധനങ്ങളിൽ ഉൾപെടുന്നതാണ്.

***ചോദ്യം:–*** ചില രാജ്യങ്ങളിൽ അവിടങ്ങളിലെ നിയമമനുസരിച്ച് സ്വത്തുക്കൾ ഭാര്യാ–ഭർത്താക്കന്മാരുടെ സംയുക്താവകാശങ്ങളിൽപെട്ടതായിരിക്കും. അവരിൽ ഒരാളാണ് വസിയ്യത്ത് ചെയ്യുന്നതെങ്കിൽ ഈ സ്വത്തുക്കളിലെ എത്ര വിഹിതത്തിന് വസിയ്യത്ത് ചെയ്യൽ നിർബ്ബന്ധമാണ്?

***ഉത്തരം:–*** (1) ആ സ്വത്തുക്കൾ കരസ്ഥമാക്കുന്നതിന് ഭാര്യാഭർത്താക്കന്മാരുടെ രണ്ടുപേരുടേയും വരുമാനം ചെലവഴിക്കപ്പെടുകയും അതിൽ ഒരാൾ മാത്രം മൂസിയാവുകയുമാണെങ്കിൽ അയാൾ പകുതി സ്വത്ത് വസിയ്യത്ത് ചെയ്യേണ്ടതാണ്. (2) എന്നാൽ, രാജ്യത്തിലെ നിയമ പ്രകാരം ഒരാൾ മാത്രം മുതൽമുടക്കിക്കൊണ്ട് വാങ്ങിയ വാങ്ങിയ സ്വത്തിന് രണ്ടുപേർക്കും അവകാശമുണ്ടാകുകയും അതിൽ ഒരാൾ മൂസിയാവുകയുമാണെങ്കിൽ മുതൽ മുടക്കിയ ആൾ മുഴുവൻ സ്വത്തുക്കളുടെയും ഹിസ്സ ജാഇദാദ് കൊടുക്കൽ അനിവാര്യമാണ്. എന്നാൽ, മുതൽമുടക്കാത്ത രണ്ടാമത്തെയാൾ മൂസിയാകുന്നുവെങ്കിലും ഈ സ്വത്തിൽ അയാൾക്ക് പങ്കാളിത്തം ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള ഹിസ്സ ജാഇദാദ് കൊടുക്കേണ്ടതില്ല. (3) ആരാണ് യഥാർത്ഥ ഉടമ എന്ന് വ്യക്തമാക്കൽ നിർബന്ധമാണ്. (ഇവരിൽ) ഒരാൾ മരണപ്പെടുകയും രണ്ടാമത്തെയാൾക്ക് പിന്തുടർച്ച പ്രകാരം സ്വത്ത് ലഭിക്കുകയും അയാൾ മൂസിയുമാണെങ്കിൽ അയാൾ സ്വത്തിന് വിഹിതമനുസരിച്ച് വസിയ്യത്ത് ചന്ദ നല്കേണ്ടതാണ്.

***ചോദ്യം:–*** ഏതെങ്കിലും സ്വത്തിന്റെ ഹിസ്സ ജാഇദാദ് അടച്ചതിനുശേഷം ആ സ്വത്ത് വിറ്റ് മറ്റൊരു പുതിയ സ്വത്ത് വാങ്ങുകയാണെങ്കിൽ അതിനും ഹിസ്സ ജാഇദാദ് കൊടുക്കേണ്ടതുണ്ടോ?

***ഉത്തരം:–*** ഭൂമി, വീട്, ഫ്ളാറ്റ് തുടങ്ങിയ സ്വത്തുക്കൾ വിറ്റുകിട്ടുന്ന സംഖ്യയെ സംബന്ധിച്ചുള്ള കാര്യങ്ങൾ താഴെ പറയുന്നത് പ്രകാരമാണ്–

(1) വിറ്റുകിട്ടുന്ന അത്രതന്നെ തുകകൊണ്ടോ അല്ലെങ്കിൽ അതിനേക്കാൾ കുറഞ്ഞ തുകകൊണ്ടോ പുതിയ സ്വത്ത് വാങ്ങുകയാണെങ്കിൽ അതിന് വസിയ്യത്ത് വിഹിതം കൊടുക്കേണ്ടതില്ല. എന്നാൽ, അത്തരം സ്വത്തിൽനിന്ന് വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ ആംചന്ദയുടെ തോതനുസരിച്ച് വസിയ്യത്ത് ചന്ദ നല്കേണ്ടതാണ്.

(2) എന്നാൽ, വിറ്റുകിട്ടിയ സംഖ്യയുടെ കൂടെ കൂടുതൽ സംഖ്യ ചേർത്തുകൊണ്ട് പുതിയ സ്വത്ത് വാങ്ങുകയാണെങ്കിൽ ആ സ്വത്തിനുവേണ്ടി ചെലവഴിച്ച അധിക സംഖ്യയുടെ അനുപാതമനുസരിച്ച് വസിയ്യത്ത് വിഹിതം കൊടുക്കൽ നിർബ്ബന്ധമാണ്. പക്ഷേ, ഇത്തരം സ്വത്തിൽനിന്ന് കിട്ടുന്ന വരുമാനത്തിന് ആംചന്ദയുടെ തോതനുസരിച്ച് (1/16) ഹിസ്സ ആമദ് നല്കേണ്ടതാണ്.

(3) വസിയ്യത്ത് വിഹിതം അടച്ചതിനുശേഷം വരുന്ന സമ്പാദ്യത്തിന് വസിയ്യത്ത് വിഹിതം വീണ്ടും കൊടുക്കേണ്ടതില്ല. എന്നാൽ, റൊക്കം തുകയിൽനിന്ന് കിട്ടുന്ന വരുമാനത്തിന്റെ വസിയ്യത്ത് വിഹിതം കൊടുക്കൽ നിർബ്ബന്ധമാണ്. (യു.എസ്.എ. അഹ്മദിയ്യാ ഗസറ്റിൽനിന്ന്, 2006 ആഗസ്റ്റ്–ജൂലൈ ലക്കം)

(തുടരും)

ലേഖനം

കെ.പി. അഹ്മദ്

# അർദ്ധരാത്രിയിൽ ഒരു മൈത്രീസന്ദേശം

**1965**–ന്റെ തുടക്കം! ഇപ്പോൾ നവീനമായ പരിഷ്കരണങ്ങൾ വരുത്തി പ്രദർശിപ്പിച്ചുവരുന്ന 'അൽഖുർആൻ എക്സിബിഷന്' ആദിമരൂപം നല്കപ്പെട്ട ഭൂതകാലമാണത്.

കോഴിക്കോട്ടെ പ്രതിഭാധനനായ എം. ആലിക്കോയാ സാഹിബിന്റെ മസ്തിഷ്കം സംഭാവന ചെയ്ത ആ പ്രദർശനത്തിന്റെ തുടക്കത്തിലുള്ള പേര് 'എക്സിബിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ' എന്നായിരുന്നു. കേരള മുസ്‌ലിംകൾക്കിടയിൽ അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിച്ച ഈ നൂതനപരീക്ഷണ സംരംഭം അക്കാലത്തെ വളരെ പരിമിതമായ ബഡ്ജറ്റും ലളിതമായ സാങ്കേതിക സൗകര്യങ്ങളും പരിഗണിച്ചുകൊണ്ടാണ് നിർമ്മിക്കപ്പെട്ടത്. അമ്പതിൽപരം പ്ലൈവുഡ് ബോർഡുകളുടെ രണ്ടുപുറങ്ങളിലായി ആശയങ്ങളും ചിത്രങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ളതാണ് പ്രദർശനം. ഈ ബോർഡുകൾ മരപ്പട്ടികകൊണ്ടുള്ള സ്റ്റാന്റിലാണ് അന്ന് ഘടിപ്പിച്ചിരുന്നത്. അതുകൊണ്ടു തന്നെ സ്റ്റാന്റുകൾ ഒടിയുന്നതും പൊട്ടുന്നതും സംഘാടകർക്ക് പലപ്പോഴും തലവേദനയായി മാറി.

അഹ്മദിയ്യാ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്താറുള്ള പ്രദർശനം ഒട്ടേറെ ജനങ്ങളെ ആകർഷിച്ചുപോന്നു. കേരളത്തിലെ പോയകാല സംസ്ഥാന സമ്മേളനങ്ങളിൽ പലതിന്റേയും കൺവീനറായി നേതൃത്വം വഹിച്ചിരുന്നത് ജനാബ് എ.ക്യു. മുസ്‌ലിം സാഹിബായിരുന്നു. തികഞ്ഞ സംഘാടക വൈദഗ്ദ്ധ്യമുള്ള അദ്ദേഹത്തോടൊപ്പം ഒരു പറ്റം ചെറുപ്പക്കാർ സുശക്തമായ ഒരു ഫുട്ബോൾ ടീമിന്റെ ആർജ്ജവത്തോടെ പ്രവർത്തനരംഗത്ത് സജീവമായി. ആ കൂട്ടത്തിൽ മട്ടന്നൂരിലെ എം. മൊയ്തീൻ കോയ സാഹിബ്, മർഹൂം സിദ്ദീഖ് അമീർ അലി സാഹിബിന്റെ മക്കൾ അശ്റഫലി സാഹിബ്, ബശീർ അഹ്മദ് സാഹിബ്, മണ്ണാർക്കാട്ടെ എം.കെ. അബ്ദുൽ അസീസ് സാഹിബ്, കരുളായിലെ ടി.കെ. മഹ്മൂദ് സാഹിബ്, വാണിയമ്പലത്തെ സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് തുടങ്ങി പലരും മുൻപന്തിയിലുണ്ടായിരുന്നു. ആവേശത്തിന്റെ എവറസ്റ്റിലേക്ക് ഉയർന്ന ഈ ചെറുപ്പക്കാരെ 'മുസ്ല്യാക്കയുടെ ടീം' എന്നാണ് അന്ന് ചിലരെല്ലാം വിശേഷിപ്പിച്ചിരുന്നത്.

എന്നാൽ, യുവജനങ്ങളായ ഞങ്ങളോടൊപ്പം ഊർജ്ജസ്വലനായ ഒരു അൻസാർ സഹോദരന്റെ സജീവ സാന്നിധ്യമുണ്ടായിരുന്നത് വിസ്മരിക്കാവതല്ല! കുമ്പളയിലെ ദിവംഗതരായ മൂസ്സമാസ്റ്റർ, മമ്മു മാസ്റ്റർ എന്നിവരുടെ സഹോദരനായ മണ്ണാർക്കാട്ടെ എ. കുഞ്ഞാമു സാഹിബാണത്. ഈയ്യിടെ അന്തരിച്ച അദ്ദേഹം പൊതുജന സമ്പർക്കംകൊണ്ട് ധന്യനായ ഒരു മനുഷ്യസ്നേഹിയായിരുന്നു.

ഒരിക്കൽ എ.ക്യു. മുസ്‌ലിം സാഹിബ് കൺവീനറായിക്കൊണ്ട് പാലക്കാട്ട് അഹ്മദിയ്യാ സംസ്ഥാന സമ്മേളനവും അതിനോടനുബന്ധിച്ച് എക്സിബിഷനും സംഘടിപ്പിക്കപ്പെട്ടു. പാലക്കാട് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഊർജ്ജിതമായ പ്രചാരണ സംരംഭങ്ങൾ നേരത്തേ ആരംഭിച്ചുകഴിഞ്ഞിരുന്നു. പ്രദർശനത്തിന് തിരഞ്ഞെടുത്ത ഓഡിറ്റോറിയം ഉദ്ഘാടനത്തിന് ഒരു ദിവസം മുമ്പാണ് ലഭ്യമായത്. പെട്ടെന്ന് കോഴിക്കോട്ടുനിന്നും എക്സിബിഷന്റെ സാധന സാമഗ്രികളെല്ലാം ലോറിയിൽ കയറ്റി പാലക്കാട്ടേക്ക് കൊണ്ടുവന്നു. ഉദ്ഘാടനത്തിന്റെ തലേദിവസം രാത്രി ഏഴുമണിക്ക് സംഘാടകരെല്ലാം പ്രവർത്തനസജ്ജരായി ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നു.

അപ്പോഴാണ് ഞെട്ടിപ്പിക്കുന്ന ഒരു പരീക്ഷണം ഞങ്ങളെ തുറിച്ചുനോക്കുന്നത്! ബോർഡുകൾ സ്ഥാപിക്കേണ്ട സ്റ്റാന്റുകളിൽ പത്തിലേറെ പൊട്ടിക്കിടക്കുന്നു. മാത്രമല്ല; സ്റ്റാന്റുകളുടെ എണ്ണത്തിൽ ആറെണ്ണം കുറവും. റോഡിലെ കുഴികളും ഇടക്കുള്ള ഹമ്പുകളും ചീറിപ്പാഞ്ഞ ലോറിയെ പിടിച്ചുകുലുക്കിയപ്പോൾ സംഭവിച്ച പ്രത്യാഘാതം! ഇനിയെന്തു ചെയ്യും? ബോർഡുകളുടെ ഇരുപുറങ്ങളിലും ആശയങ്ങളും ചിത്രങ്ങളുമാണ്. അതാണെങ്കിൽ വിഷയങ്ങൾ തുടർച്ചയായി ക്രമീകരിക്കപ്പെട്ട നമ്പറുകളിലുമാണ്! ബോർഡുകൾക്ക് കാലുകളില്ല; സമയം ശനിയാഴ്ച രാത്രി. ഞായറാഴ്ച കടകൾക്ക് മുടക്കവും. ഈ പ്രതിസന്ധിയിൽ സംഘാടകരുടെ പിന്നീടുള്ള നെട്ടോട്ടം ആശാരി–പട്ടിക– ആണി എന്നീ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടായിരുന്നു.

ഓടിക്കിതച്ച് വിയർപ്പിൽ കുളിച്ച സങ്കീർണ്ണമായ മണിക്കൂറുകൾക്കുശേഷം അവശ്യസാധനങ്ങളായ ആശാരിയും പട്ടികയും ആണിയും എത്തിച്ചേർന്നു. പക്ഷേ, ശനിയാഴ്ച രാത്രിയായതുകൊണ്ട് ആശാരിക്ക് എന്തോ പന്തികേട്. ജോലി ചെയ്യാൻ മൂടില്ലാത്തതുപോലെ! ഒടുവിൽ അർദ്ധമനസ്സോടെ ആശാരി പണിയാരംഭിച്ചു. മണിക്കൂറുകൾ കടന്നുപോകുന്നു. സ്റ്റാന്റു

കളുടെ കാര്യം ഉറപ്പുവരുത്താതെ രക്ഷയില്ല! ആശാരിയാണെങ്കിൽ തനിക്കുള്ള പ്രതിഫലം മൂന്നിരട്ടി ഈടാക്കാനുള്ള പരിപാടി മനസ്സിൽകണ്ട് മെല്ലെപ്പോക്ക് നയം സ്വീകരിച്ചമട്ടാണ്. എന്നാൽ, ഈ പിരിമുറുക്കങ്ങൾക്കെല്ലാം അന്ത്യം കുറിച്ചുകൊണ്ട് അർദ്ധരാത്രി മൂന്നുമണിയോടെ സ്റ്റാന്റുകൾ റെഡിയായി. ഈ സന്ദർഭത്തിൽ സമർത്ഥനായ ആശാരിയുമായി വില പേശാനും കൂലി കൊടുക്കാനും മണ്ണാർക്കാട്ടെ കുഞ്ഞാമു സാഹിബിനെ, കൺവീനറായ എ.ക്യൂ. മുസ്‌ലിം സാഹിബ് ചുമതലപ്പെടുത്തി. അപ്പോൾ കുഞ്ഞാമു സാഹിബ് ആശാരിയെ സമീപിച്ച് സ്നേഹപൂർവ്വം കൈപിടിച്ച് ഏതോ മഹത്തായ ഉപഹാരം നല്കുന്നതുപോലെ പ്രതിഫലം പിടിപ്പിച്ചുകൊണ്ട് പറഞ്ഞു. "ഞങ്ങൾ ശ്രീരാമനും ശ്രീകൃഷ്ണനും നബിമാരാണെന്ന് വിശ്വസിക്കുന്നവരാണ്. കൃഷ്ണന്റെ കൽക്കി അവതാരമാണ് ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ സ്ഥാപകർ. ഭഗവദ്ഗീതയിൽ ഇതൊക്കെ പറയുന്നത് കേട്ടിട്ടില്ലേ? അതുകൊണ്ട് സഹോദരാ ഈ കൂലികൊണ്ട് തൃപ്തിപ്പെട്ട് സന്തോഷിക്കുക."

അർദ്ധരാത്രിയിലെ ഈ മൈത്രീസന്ദേശം കേട്ട് ആശാരി അന്തംവിട്ടുനിന്നു. രംഗം വീക്ഷിച്ചുകൊണ്ട് ദൂരെ മാറിനിന്ന ഞങ്ങൾ മാനത്തുനിന്നും പൊട്ടിവീണ നർമ്മത്തിന്റെ ആ നിമിഷങ്ങളിൽ എല്ലാം മറന്ന് പൊട്ടിച്ചിരിച്ചു!

പ്രസിദ്ധകവിയായ ശ്രീ. ഒളപ്പമണ്ണ എക്സിബിഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. എം. ആലിക്കോയാ സാഹിബ് സ്വാഗത പ്രസംഗത്തിൽ പ്രദർശനത്തെ കുറിച്ചുള്ള ഹ്രസ്വമായ വിവരണം നല്കി. പാലക്കാട്ട് ഒട്ടേറെ ജനങ്ങളെ ആകർഷിച്ചുകൊണ്ട് പ്രദർശനം തുടരുമ്പോൾ വളരെ ശ്രദ്ധാപൂർവ്വം ഓരോ ബോർഡുകളും പാരായണം നടത്തി കടന്നുപോകുന്ന ഒരാളെ എം. മൊയ്തീൻകോയ സാഹിബ് പിന്തുടരുകയും എക്സിബിഷനെക്കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്താൻ അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ, അഭിപ്രായം രേഖപ്പെടുത്തി പേരെഴുതിയപ്പോഴാണ് ആളെ തിരിച്ചറിഞ്ഞത്. ശ്രീ. ഒ.രാജഗോപാലായിരുന്നു അത്. അടുത്തദിവസം പാലക്കാട്ടെ ഒരു സായാഹ്നപത്രത്തിൽ അഹ്മദിയ്യാ പ്രദർശനത്തെ അഭിനന്ദിച്ചുകൊണ്ടുള്ള സുദീർഘമായ ഒരു ലേഖനം ശ്രീ. രാജഗോപാൽ എഴുതുകയുണ്ടായി. ●

---

*പേജ് 9-ൽ നിന്ന്*

ഒരു ഖലീഫ മാത്രമാണ്. മുകളിൽ പറഞ്ഞ ആയത്തിന് അല്പം ആയത്തുകൾക്കുശേഷം അല്ലാഹു പറയുന്നു.

"***വഖഫ്ഫയ്നാ അലാ ആഥാരിഹിം ബിഈസബ്നി മർയമ മുസദ്ദിഖൻല്ലിമാ ബയ്തയദയ്ഹി മിനത്തൗറാത്ത്***" അവരെത്തുടർന്ന് നാം ഈസബ്നു മർയമിനെ അദ്ദേഹത്തിന്റെ മുന്നിലുള്ള തൗറാത്തിലെ പ്രവചനങ്ങളെ പൂർത്തിയാക്കുന്ന ആളായി നിയോഗിച്ചു (5:47).

ഹദ്റത്ത് മസീഹ്(അ) പറയുന്നു: നിയമത്തെയോ (തൗറാത്തിനെയോ) പ്രവാചകന്മാരെയോ നീക്കുവാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാൻ അത്രെ ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറവേറുവോളം നിയമത്തിൽ നിന്നുള്ള (തൗറാത്തിൽനിന്നുള്ള) വള്ളിയോ പുള്ളിയോ മാറുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു (മത്തായി, 5:17-18).

ചുരുക്കത്തിൽ ഹദ്റത്ത് മൂസാ(അ)യ്ക്ക് തൊട്ടുടനെ ഖലീഫയായ യോശുഅ് മുതൽ ഹദ്റത്ത് മസീഹ് നാസ്രി വരെയുള്ള പ്രവാചകരും മുജദ്ദിദുമാരും എല്ലാം മൂസാ(അ)ന്റെ ഖലീഫമാരും അദ്ദേഹത്തിന്റെ ശരീഅത്തിനെ നടപ്പിൽ വരുത്തുന്നവരായിരുന്നു.

"ഇവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മുമ്പുള്ള സമുദായത്തിന് നൽകിയ എല്ലാ അനുഗ്രഹങ്ങളും തിരുനബി(സ)ന്റെ ഉമ്മത്തിന് ലഭിക്കും എന്നതാണ്. മുമ്പുള്ളവർക്ക് ഭൗതിക ഖിലാഫത്തും ലഭിച്ചിട്ടില്ലെ? എന്തുകൊണ്ട് ഇവിടെ നുബുവ്വത്തിന്റെ ഖിലാഫത്ത് (ആത്മീയ ഖിലാഫത്ത്) മാത്രം ചർച്ച ചെയ്യപ്പെടുന്നു എന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി മുസ്‌ലിംകളോടും ഭൗതിക ഖിലാഫത്തിനെക്കുറിച്ചുള്ള വാഗ്ദാനവും ഉണ്ടെങ്കിലും ഇവിടെ പ്രതിപാദിക്കുന്ന ഖിലാഫത്ത് മതപരമായ ഖിലാഫത്ത് മാത്രമാണെന്നാണ്. കാരണം തുടർന്ന് പറയുന്നത് '***വലയുമക്കിനന്നലഹും ദീനഹുമുല്ലദിർത്തളാലഹും***' എന്നാണ്. അല്ലാഹു താൻ നിയോഗിച്ച ഖലീഫമാരുടെ മതത്തെ ഭൂമിയിൽ സ്ഥാപിക്കുന്നതാണ്. ഭൗതികരാജാക്കന്മാരുടെ ദീനിനെ അല്ലാഹു ഭൂമിയിൽ സ്ഥാപിക്കാറില്ല. മതത്തെ ഭൂമിയിൽ നിലനിർത്തുന്നത് ആത്മീയഖലീഫമാർ മുഖേനയാണ്. അതുകൊണ്ട് ഇവിടെ ഖിലാഫത്തെ മുലൂക്കിയത്തല്ല മറിച്ച് ഖിലാഫത്തെ നുബുവ്വത്താണ് ഉദ്ദേശ്യമെന്ന് മനസ്സിലാകുന്നതാണ്. ഇതുപോലെ ഭയത്തിനുശേഷം നിർഭയത്തവും സമാധാനവും പുനഃസ്ഥാപിക്കലും ഭൗതിക ഭരണകൂടങ്ങളിലല്ല. കാരണം ഭൗതിക ഭരണം ഇന്ന് പ്രതാപത്തോടുകൂടിയുണ്ടെങ്കിൽ നാളെ അവർ സ്ഥാനഭ്രഷ്ടരാക്കപ്പെടുകയും തെരുവിൽ തെണ്ടുന്നവരായിത്തീരുകയും ചെയ്തേക്കാം. എന്നാൽ, അല്ലാഹു നിയമിക്കുന്ന ഖിലാഫത്താണെങ്കിൽ അല്ലാഹുതന്നെ ഭയത്തെ മാറ്റി സമാധാനം സ്ഥാപിക്കുന്നതാണ്.

(*അവലംബം, തഫ്സീർ കബീർ, വിവ: എം.നാസിർ അഹ്മദ്*)

അനുസ്മരണം

ഉമർപ്പാറപ്പുറത്ത്



# മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്

**ക**രുളായി:- ദീർഘകാലം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കേരളക്കരയിലെ ധ്വജവാഹകനായി നിറഞ്ഞുനിന്ന മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് 23.4.08-ന് രാത്രി ഈ ലോകത്തോട് വിടപറഞ്ഞു. (ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ). മരിക്കുമ്പോൾ അദ്ദേഹത്തിന് 84 വയസ്സായിരുന്നു. ജോലിയിൽനിന്നും വിരമിച്ചശേഷം കരുളായിലെ സ്വന്തം വീട്ടിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു അദ്ദേഹം. ദേഹാസ്വാസ്ഥ്യകളെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അവിടെവച്ച് ചരമം പ്രാപിക്കുകയാണുണ്ടായത്.

ഒരു യാഥാസ്ഥിതിക സുന്നി കുടുംബത്തിൽ ജനിച്ചുവളർന്ന അദ്ദേഹം നല്ലൊരു വായനക്കാരനായിരുന്നു. ഈ വായനാശീലമാണ് അദ്ദേഹത്തെ ജമാഅത്തിലെത്തിച്ചത്. ചെറുപ്പം മുതൽതന്നെ മതത്തിൽ അതീവതല്പരനായിരുന്നു മൗലവി സാഹിബ്. തെറ്റാണെന്ന് തോന്നുന്ന ആശയങ്ങൾ കൈവെടിയാനും പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും അദ്ദേഹം എന്നും തയ്യാറായിട്ടുണ്ട്. അതുകൊണ്ടാണ് സുന്നി ആശയം കൈവെടിഞ്ഞ് മുജാഹിദ് പ്രസ്ഥാനത്തിലും പിന്നീട് മൗദൂദി സംഘടനയിലും തുടർന്ന് തബ്‌ലീഗ് പ്രസ്ഥാനത്തിലും എത്തിച്ചേർന്നത്. തബ്‌ലീഗ് പ്രസ്ഥാനത്തിന്റെ പ്രചാരകനായി പ്രവർത്തിക്കുന്നതിനിടയിലാണ് മഹ്ദീ മസീഹിന്റെ ശബ്ദം അദ്ദേഹത്തിന്റെ കാതുകളിലെത്തിയത്. യാദൃശ്ചികമായി കൈകളിലെത്തിച്ചേർന്ന സന്മാർഗ്ഗദർശിനി എന്ന ഗ്രന്ഥം വായിച്ചതോടെയാണ് അതുവരെ മനസ്സിലാക്കിയിട്ടില്ലാത്ത, അന്നുവരെ അന്ധമായി തെറ്റിദ്ധരിച്ച അഹ്മദിയ്യത്തിനെക്കുറിച്ച് പഠനമാരംഭിച്ചത്. തുടർന്ന് നടത്തിയ അന്വേഷണത്തിനൊടുവിൽ മൗലവി സാഹിബ് ബയ്അത്ത് ചെയ്ത് അഹ്മദിയായി. അതോടെ എതിർപ്പിന്റെ കോലാഹലങ്ങൾ ഉടലെടുത്തു. സ്വന്തം നാടായ കരുനാഗപ്പള്ളിയിൽനിന്നും താമസം ചേലക്കരയിലേക്ക് മാറ്റേണ്ട അവസ്ഥവരെയുണ്ടായി.

പക്ഷേ, മൗലവി സാഹിബ് തളർന്നില്ല. തനിക്കു ലഭിച്ച സത്യം മാലോകരെ അറിയിക്കാനായി അദ്ദേഹം ഓടിനടന്നു. സ്വന്തമായി ബാറ്ററി പെട്ടിയും മൈക്കുമായി അദ്ദേഹം കേരളത്തിലുടനീളം സഞ്ചരിച്ചിട്ടുണ്ട്. നല്ലൊരു വാഗ്മിയായിരുന്ന മൗലവി സാഹിബിന്റെ പ്രസംഗങ്ങൾ കേരളത്തിന്റെ മുക്കിലും മൂലയിലും പ്രസിദ്ധമാണ്. ഖുർആനിക ആയത്തുകൾക്കു പുറമേ ശ്ലോകങ്ങളും ബൈബിൾ വചനങ്ങളും മറ്റും ഉദ്ധരിച്ചുകൊണ്ടുള്ള പ്രസംഗം കേൾക്കുന്ന ആരും അദ്ദേഹമൊരു പണ്ഡിതൻതന്നെയെന്ന് സമ്മതിക്കാറുള്ളതാണ്.

കേരളത്തിലേയും സമീപസംസ്ഥാനങ്ങളിലേയും അഹ്മദീകുടുംബങ്ങളിലെ ഓരോ വ്യക്തിയുമായും ആത്മബന്ധം പുലർത്തിയിരുന്ന മൗലവി സാഹിബ് പാവപ്പെട്ടവർക്ക് സഹായമെത്തിക്കുന്നതിൽ ഏറെ ശ്രദ്ധിച്ചിരുന്നു. കഴിവുള്ള ജമാഅത്ത് അംഗങ്ങളിൽ നിന്നും വസ്ത്രവും മറ്റും ശേഖരിച്ച് അർഹതപ്പെട്ടവർക്ക് സ്വകാര്യമായി എത്തിച്ചിരുന്നത് ഇന്നും ഓർക്കുന്നു.

1965 മുതൽ 1972 വരെ കോഴിക്കോട് ദാറുസ്സലാമിൽ മുഅല്ലിമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1972 മുതലാണ് കേന്ദ്ര മുബല്ലിഗായി നിയമിതനാകുന്നത്. നിരവധി മഹൽവ്യക്തികൾക്ക് സത്യം മനസ്സിലാക്കാൻ നിമിത്തമായ മൗലവി സാഹിബ് നാട്ടുകാർക്കും ഏറെ പ്രിയപ്പെട്ടവനായിരുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കുന്നതിനായി കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്നും കോയമ്പത്തൂരിൽനിന്നും ഒരു വൻജനാവലിതന്നെ എത്തിച്ചേരുകയുണ്ടായി.

മക്കൾ: അബ്ദുസ്സലാം, അബ്ദുൽഗഫ്ഫാർ, അബ്ദുൽ സത്താർ, അബ്ദുൽ മുഅ്മിൻ, ഫാത്തിമ, റംല, നുസ്റത്ത്, സീനത്ത്.

അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

---

*പേജ് 15 - ൽ നിന്ന്*

കമായി സ്വലാത്ത് ചൊല്ലുകയുണ്ടായി. അന്ന് രാത്രിയിലുണ്ടായ ഒരു ദർശനത്തിൽ രണ്ട് മലക്കുകൾ ശുദ്ധജലം നിറച്ച കുടങ്ങളുമായി അദ്ദേഹത്തിന്റെ അടുത്ത് ചെല്ലുകയും ഇത് റസൂലുല്ലായുടെ പേരിൽ ചൊല്ലിയ സ്വലാത്തിന്റെ അനുഗ്രഹങ്ങളാണെന്നറിയിക്കുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ)നുണ്ടായ മറ്റൊരു ദർശനത്തിൽ, അല്ലാഹുവിന്റെ ദർബാറിൽ, ആരെ പരിഷ്കർത്താവായി ലോകത്തയക്കണമെന്ന ചർച്ച നടക്കുകയാണ്. ആ സന്ദർഭത്തിൽ ഒരാൾ മസീഹ്(അ)നെ ചൂണ്ടിക്കാണിച്ചുകൊണ്ട്, ഇദ്ദേഹമാണ് അതിന് ഏറ്റവും യോഗ്യൻ; ഇദ്ദേഹമാണ് റസൂലുല്ലായെ ഏറ്റവുമധികം സ്നേഹിച്ചുകൊണ്ടിരിക്കുന്ന വ്യക്തി എന്നറിയിക്കുകയുണ്ടായി.

ചുരുക്കത്തിൽ, നബി(സ) തിരുമേനിയുടെ പരിശുദ്ധമാതൃകയെ അനുകരിക്കുന്നതും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതുമെല്ലാം ആത്മീയാഭിവൃദ്ധി കൈവരിക്കുന്നതിന് അനുപേക്ഷണീയ ഘടകങ്ങളാകുന്നു. ●